# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലാ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി17/199/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പാലാ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാലാ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലാ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: കെഎസ്എ കെറ്റിഎം പി17/199/22 തീയ്യതി: 24/03/2022

## കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ.സജി പി ആർ, ഓഡിറ്റ് ഓഫീസർ

ശ്രീ.രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.അമ്പിളി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.എമിൽ റ്റി ഏബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജോഷി തോമസ്, ഓഡിറ്റർ

ശ്രീമതി.ജാസ്മിൻ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേരി ഡൊമിനിക്ക് | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| ശ്രീ ആന്റോ ജോസ് പടിഞ്ഞാറേക്കര | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ .മുഹമ്മദ് ഹ്വൈസ് എം | സെക്രട്ടറി | 01-04-2020 | 20-03-2021 |
| ശ്രീ .പി വി സലിം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .റെജിമോൻ എം | കൃഷി ഫീൽഡ് ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീ .കമറുദ്ദീൻ എൻ ഐ | കൃഷി ഫീൽഡ് ഓഫീസർ | 05-06-2020 | 31-03-2021 |
| ശ്രീ. അജു ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 13-08-2020 |
| ശ്രീ .നിബു കുര്യൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 19-08-2020 | 10-01-2021 |
| ശ്രീമതി.ഗീത സുബ്രൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11-01-2021 | 28-02-2021 |
| ശ്രീമതി.ബീന നാരായണന് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-03-2021 | 31-03-2021 |
| ശ്രീ .എസ് രാജേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 16-02-2021 |
| ശ്രീ .സാം മാത്യു സാബു | അസിസ്റ്റന്റ് എഞ്ചിനീയർ | 17-02-2021 | 31-03-2021 |
| ശ്രീ .എം കെ മുകുന്ദൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. ശ്രീലത എസ്. | ചീഫ് മെഡിക്കൽ ഓഫീസർ ,ആയുർവേദ | 01-04-2020 | 31-03-2021 |
| ഡോ. .വി എം ശശിധരൻ | ചീഫ് മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. സുജ വി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സബീനാ ബീവി എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. അഞ്ചു സി മാത്യു | സൂപ്രണ്ട്, ഗവ, ഹോസ്പിറ്റൽ | 01-04-2020 | 07-10-2020 |
| ഡോ. ടിങ്കിൾ പ്രഭാകരൻ | സൂപ്രണ്ട് ഇൻ ചാർജ്, ഗവ, ഹോസ്പിറ്റൽ | 07-10-2020 | 09-12-2020 |
| ഡോ. ഷമ്മി രാജൻ | സൂപ്രണ്ട്, ഗവ, ഹോസ്പിറ്റൽ | 09-12-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-7 |
| 8 | കാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 05-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 15-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-10 |
| 11 | രസീത് ബുക്കുകൾ റസീപ്റ്റ് ഇഷ്യൂ രജിസ്റ്ററിൽ ചേർത്തിട്ടില്ല.<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-11 |
| 12 | ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-12 |
| 13 | വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിൽ പിഴവ്<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-13 |
| 14 | തദ്ദേശ സ്ഥാപനത്തിന് വിട്ടുകിട്ടിയ സ്ഥാപനത്തിന് വസ്തുനികുതി ഈടാക്കുന്നു<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 21-03-2022) | 1-14 |
| 15 | സേവന ഉപനികുതി ചുമത്തുന്നതിൽ അവ്യക്തത<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-15 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Jasmine (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Jasmine (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-17 |
| 18 | വാടക വർദ്ധനവ് വരുത്തിയില്ല<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-18 |
| 19 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ വാടക കുടിശിക അടവാക്കിയില്ല<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-19 |
| 20 | വാടക - അപാകതകൾ | 1-20 |

| | | |
|---|---|---|
| | Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | |
| 21 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടന്ന - വരുമാന നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-21 |
| 22 | വാടക ഇളവിന് അർഹത ഇല്ലാത്ത സ്ഥാപനങ്ങൾക്കും ഇളവ് നൽകി<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-22 |
| 23 | പൊതു താല്പര്യം സംരക്ഷിക്കാതെയും ലേല നടപടികൾ നടത്താതെയും ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കൈമാറ്റം നടക്കുന്ന .<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-23 |
| 24 | മുനിസിപ്പൽ കെട്ടിടത്തിലെ മുറി ലൈസൻസി അല്ലാത്ത വ്യക്തി ഉപയോഗിച്ചു .<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 1-24 |
| 25 | ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-25 |
| 26 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ നഗരസഭയുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-26 |
| 27 | ജിംനേഷ്യം - ലേലത്തുക അടവാക്കിയില്ല<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-27 |
| 28 | ലേലത്തുക പൂർണമായി അടവാക്കിയില്ല<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-28 |
| 29 | ഉപയോഗശൂന്യമായ വാഹനങ്ങളുടെ ലേലം - തുടർനടപടികൾ സ്വീകരിക്കണം<br>Written By: Ambily M (Asst. Audit Officer, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 05-03-2022) | 1-29 |
| 30 | ആഞ്ഞിലിമരം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം<br>Written By: Saji P R (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-30 |
| 31 | അനധികൃതമായി നിർമ്മിച്ചകെട്ടിടം നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-31 |
| 32 | വൻസാമ്പത്തിക പ്രതിസന്ധിയിൽ പാലാനഗരസഭ<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-32 |
| 33 | മൂന്നാനി ലോയേഴ്സ് ചേംബർ കെട്ടിട നിർമ്മാണം - വൻതുക വായ്പാ ബാദ്ധ്യത –കെട്ടിടം നഗരസഭയ്ക്ക് വരുമാന സ്രോതസ്സായിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 22-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 1-33 |
| 34 | കോടികൾ വെള്ളക്കര കുടിശ്ശിക – കുടിശ്ശിക ക്രമീകരിക്കാൻ നടപടി സ്വീകരിക്കണം<br>Written By: Ambily M (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-34 |
| 35 | ക്യാൻ കോട്ടയം- ഫിറ്റ് കോട്ടയം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-35 |
| 36 | ശമ്പളവും പെൻഷനും കൊടുക്കുന്നതിന് ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ചു - തുടർ നടപടികളുടെ വിവരം ലഭ്യമല്ല<br>Written By: Saji P R (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-36 |
| 37 | വൗച്ചറുകളുടെ സൂക്ഷിപ്പിലെ അപാകതകൾ.<br>Written By: Ambili.U (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-37 |
| 38 | പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കുന്നില്ല<br>Written By: Ambily M (Asst. Audit Officer, On 22-01-2022) | 1-38 |

| | | |
|---|---|---|
| | Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | |
| 39 | ചെലവിന് രേഖകളില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Saji P R (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-39 |
| 40 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് 2018-19- വിനിയോഗത്തിൽ അപാകത.<br>Written By: Saji P R (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-40 |
| 41 | നിർമ്മിതി കേന്ദ്രത്തിന് മുൻകൂർ -തുക ഈടാക്കാൻ നടപടി സ്വീകരിക്കണം<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-41 |
| 42 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 324500 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-42 |
| 43 | ക്ഷേമപെൻഷനുകളുടെ രജിസ്റ്റർ പരിപാലിക്കുന്നതിൽ ജാഗ്രത കുറവ്<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-43 |
| 44 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു<br>Written By: Emil T Abraham (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-44 |
| 45 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - അനുവദനീയമായതിൽ അധികം സബ്സിഡി തുക നൽകി<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-45 |
| 46 | ബയോബിൻ വാങ്ങൽ -ബിൽ തുകയിൽ നിന്നും TDS കുറവ് ചെയ്തില്ല<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-46 |
| 47 | സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-47 |
| 48 | രണ്ടര ലക്ഷത്തിന് മുകളിലുള്ള വാങ്ങൽ -ജി എസ് റ്റി വിഹിതം ഈടാക്കിയില്ല<br>Written By: Rajesh M (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-48 |
| 49 | സ്ട്രീറ്റ് ലൈറ്റിന് എ എം സി-നഗരസഭക്ക് വൻ ബാധ്യത<br>Written By: Rajesh M (Asst. Audit Officer, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-49 |
| 50 | അർഹതയില്ലാത്ത കരാറുകാർക്ക് ജി എസ് റ്റി അധിക തുക നല്കി<br>Written By: Rajesh M (Asst. Audit Officer, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-50 |
| 51 | കാലഹരണപ്പെട്ട സെക്യൂരിറ്റി ഡപ്പോസിറ്റ് നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-51 |
| 52 | പൊതുമരാമത്ത് സെക്യൂരിറ്റി നിക്ഷേപങ്ങളിൽ ക്രമരഹിതമായ ഇടപാടുകൾ<br>Written By: Rajesh M (Asst. Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 1-52 |
| 53 | ഇ-ടെണ്ടർ -ടെണ്ടർ ഫീസ് നഗരസഭയ്ക്ക് ലഭിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-53 |
| 54 | കന്നുകട്ടി പരിപാലനപദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Ambili.U (Senior Grade Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-54 |
| 55 | മാലിന്യസംസ്കരണം-ഫലപ്രദമല്ല<br>Written By: Maya R (Audit Officer, On 24-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-55 |
| 56 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുക<br>Written By: Ambily M (Asst. Audit Officer, On 10-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-56 |
| 57 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 25-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 1-57 |

| | | |
|---|---|---|
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Sinimol Francis (Computer Assistant, On 07-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 2-1 |
| ഭാഗം **3** | | |
| 1 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - അനുവദനീയമായതിൽ അധികം സബ്സിഡി തുക നൽകി<br>Written By: Sinimol Francis (Computer Assistant, On 07-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 13-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം .<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | കാലഹരണപ്പെട്ടതും നഗരസഭാഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമായ സ്ഥിരനിക്ഷേപങ്ങളുടെ വിവരം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് നഗരസഭാകൗൺസിലിന്റെ 16/03/2020 ലെ 1(1)-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 12/02/2021 ലെ 1(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 99137546 | 11736206 | 19615580.53 |
| വരവ് | 306108518 | 248659148 | 246825662 |
| ആകെ | 405246064 | 260395354 | 266441242.53 |
| ചെലവ് | 370901480 | 240614755 | 227699712 |
| നീക്കിയിരിപ്പ് | 34344584 | 19780599 | 38741530.53 |

ബജറ്റ് പ്രകാരം 30.61 കോടി രൂപയുടെ പ്രതീക്ഷിത വരവും 37.09 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. നഗരസഭയുടെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 24.64 കോടി രൂപയും ചെലവ് 23.20 കോടി രൂപയുമാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

നഗരസഭാ കൗൺസിലിന്റെ 26-07-21-ലെ അഡീഷണൽ അജണ്ട- 1-ാം നമ്പർ തീരുമാനപ്രകാരം 2020-21ലെ വാർഷികകധനകാര്യപത്രിക അംഗീകരിച്ചിട്ടുണ്ട്.

പാലാ നഗരസഭയുടെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 246434767 രൂപയും ചെലവ് 232046216 രൂപയും തൻവർഷ പ്രവർത്തന മിച്ചം 14388551 രൂപയുമാണ്. 31/03/2021-ലെ നഗരസഭയുടെ ആസ്തിമൂല്യം 491856992.80 രൂപയും ബാധ്യതകളുടെ മൂല്യം 236458085.27 രൂപയും ജനറൽ ഫണ്ട് 255398907.53 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. സ.ഉ.(എം.എസ്)152/2011/തസ്വഭവ/26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. നഗരസഭ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. നഗരസഭയുടെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2021-ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്ട്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം.) വ്യക്തമാക്കുന്ന രജിസ്റ്റർ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ്, തൻവർഷ വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ വാടക നിക്ഷേപം റീഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല .

4. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സെൻട്രൽ പെൻഷൻഫണ്ട് ഉൾപ്പെടെയുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

5. തൻവർഷം പാർട്ട് ബിൽ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാത്തതിനാൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി B11 ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

6.അക്രൂവൽ വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

7.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രാകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

8.വികസന ഫണ്ട്- ടി.എസ്.പി ഒഴികെ മറ്റെല്ലാ ഫണ്ടിനങ്ങളുടേയും ചിലവ് വാർഷിക കണക്കുകൾ , എ സി ആർ

എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | എ സി ആർ പ്രകാരം | വാർഷിക കണക്ക് ആർ പി 6 പ്രകാരം | ചെലവ് പത്രിക പ്രകാരം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 23327713 | 21730272 | 26009381 |
| വികസന ഫണ്ട്-എസ്.സി.പി. | 2355825 | 1980825 | 2355825 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 4368892 | 1637038 | 29593991 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 25225099 | 23031894 | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 31110351 | 27909841 | 31110351 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 8395980 | 6116001 | 8395980 |

എ സി ആർ ൽ ഉൾപ്പെട്ട ചില പ്രോജക്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടാത്തതിനാൽ വാർഷിക കണക്കുകൾ , എ സി ആർ എന്നിവയിൽ വ്യത്യാസം കാണുന്നു.

9.രേഖകളുടെ അഭാവത്തിൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

10.ബി-9 ഷെഡ്യൂളിൽ ഉൾപ്പെട്ട വാറ്റ് തുകയുടെ വിശദാംശം ലഭ്യമല്ല .

11.ബി-18 ഷെഡ്യൂളിൽ ഇംപ്രെസ്റ്റ് ഉൾപ്പെടുത്തിയിട്ടില്ല .

12.അഡ്വാൻസ് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

13.ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം വാർഷിക കണക്കിൽ നിശ്ചിത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല . വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 58.85 ലക്ഷം രൂപ ഏത് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത് എന്ന് വ്യക്തമല്ല.

14.രേഖകളുടെ അഭാവത്തിൽ ബി-2 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

15.Other Loans And Advances To Employees മുൻ വർഷത്തെ തുക തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു. രജിസ്റ്ററിന്റെ അഭാവത്തിൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

16.ബി-9 ഷെഡ്യൂളിൽ ഉൾപ്പെട്ടവ ബിൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല .

17.31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം (Rent Deposit) ഇനത്തിൽ നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നത് 6.72 കോടി രൂപയാണ്. ഏതെല്ലാം കുത്തകക്കാരാണ് പ്രസ്തുത തുക ഒടുക്കിയിട്ടുള്ളത് എന്നത് വാടക രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല.

18.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

19.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

20. സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

21.ബി-6 ഷെഡ്യൂളിലെ അൺസെക്യൂർഡ് ലോൺ ഇനത്തിലുള്ള 3,83,000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

22.ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വാർഷികകണക്കിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

23.റീകൺസിലിയേഷൻ പത്രികകളുടെ പൊരുത്തപ്പെടുത്തലിൽ അപാകതകൾ നിലനിൽക്കുന്നു. (വിശദാംശങ്ങൾ ഖണ്ഡികയായി ചേർത്തിട്ടുണ്ട്)

24.അടിസ്ഥാന രേഖകളുടെ അഭാവത്തിൽ I-18 ഷെഡ്യൂൾ പ്രകാരമുള്ള പ്രയർ പീരിയഡ് ക്രമീകരണങ്ങളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

25. HUDCO ലോൺ 62 ലക്ഷം രൂപ എടുത്തത് വാർഷിക കണക്കിന്റെ റസീപ്റ്റ് & പെയ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
26. ട്രയൽ ബാലൻസ് (ശീർഷകം – 330500201)പ്രകാരം KURDFC വായ്പ 2976489/- രൂപ ക്രമീകരിച്ചതായി കാണുന്നു. തിരിച്ചടവ് എപ്രകാരം എന്ന് വ്യക്തമല്ല. തിരിച്ചടവ് റസീപ്റ്റ് & പെയ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിച്ച് വാർഷികകണക്കുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19615580.53 |
| ഓഡിറ്റ് വർഷത്തെ വരവ് | 246825662 |
| ആകെ | 266441242.53 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 227699712 |
| നീക്കിയിരിപ്പ് | 38741530.53 |
| വരവിനങ്ങളിലുള്ള നഷ്ടം | 5550 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4693 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18222377 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26165000 | 26165000 | 26009380 | 155620 | 99.40 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 2515000 | 2515000 | 2355825 | 159175 | 93.67 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 257000 | 257000 | 14000 | 243000 | 5.44 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 14630000 | 14630000 | 4368892 | 10261108 | 29.86 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 40455583 | 40455583 | 25225099 | 15230484 | 62.35 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 33855900 | 33855900 | 31110351 | 2745549 | 91.89 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 8816000 | 8816000 | 8485149 | 330851 | 96.25 |
| NULM | 737786 | 639860 | 1377646 | 938857 | 438789 | - |
| AUEGS (ക്യാഷ് ബുക്ക് | 484164 | 7594468 | 8078632 | 5199823 | 2878809 | - |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരമുള്ളത്) | | | | | | |
| PMAY | 532383 | 17345375 | 17877758 | 12805277 | 5072481 | |
| ICDS കേന്ദ്രാവിഷ്കൃത ഫണ്ട് | 1248246 | 420857 | 1669103 | 553780 | 1115323 | |

1.വികസനഫണ്ട് പൊതുവിഭാഗത്തിൽ ജി.ഒ. പ്രൊജക്റ്റായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 2681668 രൂപ (പ്രൊജക്റ്റ് നം.436/2021-365000, പ്രൊജക്റ്റ് നം.437/2021-365000, പ്രൊജക്റ്റ് നം.438/2021-365000, പ്രൊജക്റ്റ് നം.439/2021-793334, പ്രൊജക്റ്റ് നം.440/2021-793334) ഉൾപ്പെടാത്തതിനാൽ ഈയിനത്തിലെ സുലേഖ ചെലവ് പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ചെലവുകൾ, റസീപ്റ്റ് & പെയ്മെന്റ് പത്രിക എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (മെയിന്റനൻസ് ഗ്രാന്റ്-Non Road വിഭാഗത്തിൽ ജി.ഒ. പ്രൊജക്റ്റായി സ്രോതസ്സിൽ നിന്നും 89169 രൂപ കുറവ് ചെയ്തു എങ്കിലും ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല). വികസന ഫണ്ട്- ടി.എസ്.പി ഒഴികെ മറ്റെല്ലാ ഫണ്ടിനങ്ങളുടേയും ചെലവ് വാർഷിക കണക്കുകൾ, എ സി ആർ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ വാർഷിക കണക്കിന്റെ അപാകതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോട്ട്മെന്റ്, നീക്കിയിരിപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. നഗരസഭയിൽ ഇതിന് എസിആർ സൂക്ഷിച്ചിട്ടില്ല.

4.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ 4 എണ്ണത്തിന്റെ വിനിമയം അക്കൗണ്ട് ചെയ്യുന്നത് 320100100 എന്ന ഒരു ശീർഷകത്തിലാണ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2020-21 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിവ ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5.കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ യഥാർത്ഥ ചെലവ്, ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. (ഉദാഹരണമായി ICDS ന്റെ യഥാർത്ഥ ചെലവ് 553780 രൂപയാണെങ്കിലും ചെലവ് പത്രികയിൽ 200000 രൂപ മാത്രമാണ്).

6. പ്രോജക്റ്റ് നം.202/21, 237/21 എന്നീ പ്രോജക്റ്റുകൾക്ക് വകയിരുത്തിയിരുന്നത് റോഡ് സംരക്ഷണ ഗ്രാന്റിൽ ആയിരുന്നു. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ധനകാര്യ കമ്മീഷൻ പ്രോജക്റ്റിലാണ്.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

നഗരസഭയുടെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 28-01-2021 ലെ ഉത്തരവ് നം. 80898/20 /DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 13-1-20 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 13-1-20 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 18-1-2020 |
| വികസനസെമിനാർ | 19-2-2020 |

2020-21 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 143637106/- രൂപയും ആകെ ചെലവ് 99144862/- രൂപയുമാണ്. ചെലവുശതമാനം 69%. അംഗീകാരം ലഭിച്ച 325 പ്രോജക്റ്റുകളിൽ 231 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ | 1 | 1 | 700000 | 700000 | 100 |

| | | | | | |
|---|---|---|---|---|---|
| (ആയുർവേദം) | | | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 700000 | 700000 | 100 |
| കൃഷി ഓഫീസർ | 8 | 8 | 1849750 | 1195040 | 65 |
| സെക്രട്ടറി | 18 | 18 | 7901929 | 7265813 | 92 |
| വെറ്ററിനറി സർജൻ | 5 | 5 | 2839550 | 1507850 | 53 |
| ഹെൽത്ത് ഓഫീസർ | 29 | 16 | 18764805 | 14526078 | 77 |
| മെഡിക്കൽ ഓഫീസർ ഗവ.ഹോസ്പിറ്റൽ | 12 | 12 | 5965200 | 5748798 | 96 |
| മുനിസിപ്പൽ എഞ്ചിനീയർ | 13 | 11 | 23942698 | 15917992 | 66 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 3 | 4555000 | 3586814 | 79 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 233 | 156 | 76418174 | 47996477 | 63 |

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി തനത്ഫണ്ടും പ്രൊജക്റ്റ് രൂപീകരിച്ച് വികസനഫണ്ടും ഉപയോഗപ്പെടുത്തി മികച്ച രീതിയിൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരുന്നു.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല - 2.91 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ വികസനഫണ്ട്പൊതുവിഭാഗം, എസ് സിപി, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ മികച്ച ചെലവ് ശതമാനം ഉണ്ടായിരുന്നുവെങ്കിലും ധനകാര്യകമ്മീഷൻ ഗ്രാന്റ്, ടിഎസ് പി ഫണ്ടുകളുടെ വിനിയോഗത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. ടിഎസ് പി, ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) വിനിയോഗം യഥാക്രമം 5%, 29.86% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 233 പ്രോജക്ടുകളിൽ 156 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 20%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. പട്ടികജാതി വികസനഓഫീസർ, വ്യവസായവികസനഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് 2020-21 വർഷം പ്രോജക്ട് നിർവ്വഹണം ഉണ്ടായിരുന്നില്ല. വിവിധ ഫണ്ടുകളുടെ വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 155620 |
| എസ് സിപി | 159175 |
| ടി എസ് പി | 243000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2745549 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 330851 |
| സിഎഫ് സി ഗ്രാന്റ് -ടൈഡ് | 10261108 |
| സിഎഫ് സി ഗ്രാന്റ് -അൺടൈഡ് | 15230484 |
| ആകെ | 29125787 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 2.91 കോടി രൂപ ആത്യന്തികമായി നഗരസഭയ്ക്ക് നഷ്ടമായി.

2.91കോടിയിലധികം രൂപ നഗരസഭയുടെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് നഗരസഭ ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

സുലേഖ ചെലവ് പത്രികയിലെ അപാകത -ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്നു

സുലേഖ സോഫ്റ്റ്വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിൽ ധാരാളം അപാകതകൾ കാണുന്നു.

ഉദാഹരണമായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രൊ.നം 202/21, 237/21 എന്നീ പ്രൊജക്ടുകൾക്ക് വകയിരുത്തിയിരുന്നത് റോഡ് സംരക്ഷണഗ്രാന്റായിരുന്നു. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ധനകാര്യകമ്മീഷൻ ഗ്രാന്റിലാണ്. ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്തതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. ഈ രീതിയിൽ നിരവധി പ്രോജക്ടുകളുടെ ചെലവ് തുകയിൽ വന്ന വ്യത്യാസം നഗരസഭയുടെ വിവിധഫണ്ടുകളുടെ ആകെ ചെലവിൽ പ്രതിഫലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 284 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 104 പദ്ധതികളിൽ 104 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 16335 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 320 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. നീർച്ചാൽ തെളിക്കൽ , മഴക്കാലപൂർവ്വ ശുചീകരണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരം വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 484164 |
| വരവ് | 2020-21 ലെ അലോട്ട്മെന്റ് | 7500000 | 7594468 |
| | ബാങ്ക് പലിശ | 94468 | |
| | ആകെ വരവ് | 7594468 | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 8078632 |
| ചെലവ് | വേതനം | 4691968 | 5199823 |
| | സാധന ഘടകം | - | |
| | ശമ്പളം(ഭരണച്ചെലവ്) | 507855 | |
| | ആകെ ചെലവ് | 5199823 | |
| നീക്കിയിരിപ്പ് | | | 2878809 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം പാലാ നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1899100 | 107 |
| വിധവാപെൻഷൻ | 9688000 | 532 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 860000 | 47 |
| വികലാംഗപെൻഷൻ | 2838000 | 159 |
| വാർദ്ധക്യകാലപെൻഷൻ | 25908200 | 1639 |
| വിവാഹ ധനസഹായം | 120000 | 3 |

## 1-8 കാഷ് വേരിഫിക്കേഷൻ

പാലാ നഗരസഭയുടെ 2020-21 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.1.2022 തീയതിയിൽ 3:30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 36131/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

### ഓഫീസ് ഉത്തരവുകളും അവയുടെ പാലിക്കലും

പാലാ നഗരസഭയിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിരുന്നത്. വിവിധ സെക്ഷനുകളെയും നിർവ്വഹണഉദ്യോഗസ്ഥരെയും ഏകോപിച്ചുള്ള പ്രവർത്തനമില്ലായ്മ നഗരസഭയുടെ ആകെയുള്ള പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. ഇൻക്യുമ്പെന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തത് ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭിക്കുന്നതിന് തടസ്സം നേരിടുന്നു.

### രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നഗരസഭയിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. അഡ്വാൻസ്, ഇൻവെസ്റ്റ്മെന്റ് ബാലൻസ്, ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിൽ നിരീക്ഷണ സംവിധാനമില്ല. രസീതുകളുടെ പരിപാലനം ശരിയായ രീതിയിലല്ല. മെയിൻ സ്റ്റോക്കിൽ നിന്നും വിതരണം ചെയ്യുന്ന രസീതുബുക്കുകൾ സബ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. പർച്ചേസുകൾ സംബന്ധിച്ച് വിവിധസെക്ഷനുകളിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. അസ്സസ്സ്മെന്റ് രജിസ്റ്റർ, കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ എന്നിവ സാമാന്യം തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. ജനറൽ കമ്മറ്റി മിനിറ്റ്സ് സകർമ്മ സോഫ്റ്റ് വെയറിലായിരുന്നില്ല തയ്യാറാക്കുന്നത്.

### അക്കൗണ്ടിംഗ് സംവിധാനം

സാംഖ്യാ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പാക്കിവരുന്നു. വൗച്ചറുകൾ ക്രമമായി അടുക്കി സൂക്ഷിക്കുന്നില്ല. വൗച്ചറുകൾക്കൊപ്പം അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല. പേയ്മെന്റ് വൗച്ചറുകൾ സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്നുവെങ്കിലും ബന്ധപ്പെട്ട വൗച്ചറിനൊപ്പമല്ല ഇവ സൂക്ഷിക്കുന്നത്. കണ്ടിജന്റ് ചെലവുകളുടെ വൗച്ചറുകൾ സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്ന വൗച്ചറിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിലെ കുടിശിക തുകകൾ ഈടാക്കുന്നതിന് നഗരസഭാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണവും നിലവിലുണ്ട്.

### ആസ്തി നിയന്ത്രണം ഫലപ്രദമല്ല

നഗരസഭ സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും വിവിധ മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2007 | 2006-07 | എഫ്-3517(8)/08 തീയതി 17.10.2008 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.18 മുതൽ 27.07.18 വരെ | 2016-17 മുതൽ 2017-18 വരെ | എൽ ബി എ(എച്ച്.ക്യൂ) II/I/8A-77/2018-19/150 തീയതി 27.08.2018 |

## 1-11 രസീത് ബുക്കുകൾ റസീപ്റ്റ് ഇഷ്യൂ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഇൻവോയ്സ് നമ്പർ : ടി.വി.എം/270/21-22 തീയതി 12.08.21 പ്രകാരം ലഭിച്ച 250 രസീത് ബുക്കുകൾ (നമ്പർ 560 മുതൽ 809 വരെ), മെയിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 79 പ്രകാരം, കാഷ്യർക്ക് ഇഷ്യൂ ചെയ്തതായി കാണുന്നു. എന്നാൽ രസീത് ബുക്ക് ഇഷ്യൂ രജിസ്റ്ററിൽ 141 (26+115)രസീത് ബുക്കുകൾ മാത്രമേ ലഭിച്ചതായി കാണുന്നുള്ളൂ. രസീത് ബുക്ക് ഇഷ്യൂ രജിസ്റ്ററിലേക്ക് ലഭിച്ച മുഴുവൻ രസീത് ബുക്കുകളും എൻട്രി വരുത്തിയിട്ടില്ല. കൂടാതെ സ്റ്റോക്ക് പരിശോധനയിൽ രസീത് ബുക്കുകൾ സ്റ്റോറിൽ വളരെ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ആയത് അടച്ചുറപ്പുള്ള സംവിധാനത്തിൽ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നമ്പർ.26,തീയതി 19.01.2022) മറുപടിയായി ബുക്ക് നമ്പർ 701 മുതലുള്ള രസീത് ബുക്കുകൾ അലമാരയിൽ സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കുന്നതായി സെക്രട്ടറി മറുപടി ലഭ്യമാക്കി.

## 1-12 ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ

1. നഗരസഭയുടെ വാർഷിക ധനകാര്യപത്രിക പ്രകാരം 2020-21 വർഷം 26 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഉപയോഗത്തിലിരുന്നതായി കാണുന്നു. കേരള മുനിസിപാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ പത്രികകൾ എല്ലാ മാസവും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് പാലിക്കുന്നില്ല. ലഭ്യമായ റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയതിൽ അപാകതകളുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക്/ട്രഷറി അക്കൗണ്ട് | 31.3.2021 ലെ ബാങ്ക് ബുക്ക് നീക്കിയിരുപ്പ് (റീകൺസിലിയേഷൻ പത്രിക പ്രകാരം) | 31.3.2021 ലെ പാസ് ബുക്ക് നീക്കിയിരുപ്പ് (റീകൺസിലിയേഷൻ പത്രികയിൽ ചേർത്തിരിക്കുന്നത്) | 31.3.2021 ലെ പാസ് ബുക്ക് നീക്കിയിരുപ്പ് (ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|
| എസ് ബി ഐ പ്രോപ്പർട്ടി ടാക്സ് ഓൺലൈൻ-37780446441 | 1672012 | 1040359 | 734999.42 |
| എസ് ബി ഐ ലൈബ്രറി സെസ്-67314843109 | 637233 | 283841 | 554354.98 |
| എസ് ബി ഐ-67275612253 | 2979 | 1183 | 0 |
| ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്ക്-050341203000001 | 962956 | 1027995 | 7415 |

പൊരുത്തപ്പെടുത്തലിലെ അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

2. നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന താഴെ കൊടുത്തിട്ടുള്ള ലക്ഷങ്ങളുടെ തുകകൾ Cheques Issued But Not Presented Into Bank, Cheques Deposited But Not Collected, Directly Debited By Bank എന്ന പേരിൽ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക്/ ട്രഷറി അക്കൗണ്ട് | പൊരുത്തപ്പെടുത്തൽ ഇനം | തുക | റിമാർക്സ് |
|---|---|---|---|
| എസ് ബി ടി ഓൺഫണ്ട് (57028192109) | Cheques Issued But Not Presented Into Bank | 4862788 | 2020 ജൂലൈ മാസം ഇഷ്യൂ ചെയ്ത 20160 രൂപയുടെ ചെക്ക് -സ്റ്റെയ്ൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല |

| | | | |
|---|---|---|---|
| | Cheques Deposited But Not Collected | 2154837 | 2019 മുതൽ മുനിസിപാലിറ്റിക്ക് ലഭിച്ച ചെക്കുകൾ വരവാക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു |
| സൗത്ത് ഇൻഡ്യൻ ബാങ്ക് ഓൺഫണ്ട്-0062053000070562 | Cheques Issued But Not Presented Into Bank | 1501758 | മൂന്നുമാസത്തിലധികരിച്ച 784789 രൂപയുടെ ചെക്ക് ഈയിനത്തിൽ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു |
| | Cheques Deposited But Not Collected | 44872 | 2020 ആഗസ്റ്റ് മാസം വരവിനങ്ങളിലായി ലഭിച്ച ചെക്കുകളാണ് അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത് |
| എസ്ബിഐ-ലൈബ്രറി സെസ്(67314843109) | Cheques Issued But Not Presented Into Bank | 28051 | 11.6.2020 ലെ തുകയാണ് അവശേഷിക്കുന്നത് |
| | Directly Credited By Bank | 65958 | 2015 മുതലുള്ള തീയതികളിലുള്ള തുകകളാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| | Cheques Deposited But Not Collected | 218646 | 2015 ലെ തീയതികൾ മുതൽ ലഭിച്ചിട്ടുള്ള ചെക്കുകളാണ് വരവിലെടുക്കാത്തതായിറീകൺസിലിയേഷൻ പത്രിക പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത് |

ഇഷ്യൂ ചെയ്ത ചെക്ക് മൂന്നുമാസം കഴിഞ്ഞിട്ടും പണമാക്കാത്ത സാഹചര്യത്തിൽ ആയത് സ്റ്റെയ്ൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റുന്നില്ല. വാർഷിക ധനകാര്യപത്രികയുടെ B-9 ഷെഡ്യൂൾ പ്രകാരം 22500 രൂപ മാത്രമാണ് Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ ചേർത്തിട്ടുള്ളത്. മുനിസിപ്പാലിറ്റിക്ക് വരവിനങ്ങളിൽ ലഭിച്ച ചെക്കുകൾ പണമാക്കാതെ അവശേഷിക്കുന്നതായാണ് റീകൺസിലിയേഷൻ പത്രികയിൽ നിന്നും ബോധ്യപ്പെടുന്നത്. ഇത്തരത്തിൽ മുനിസിപ്പാലിറ്റിക്ക് ലഭിച്ച ചെക്കുകൾ പണമാക്കാതെ അവശേഷിച്ചിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്നും ലക്ഷക്കണക്കിന് തുകകൾ ഡയറക്ടലി ക്രെഡിറ്റഡ്, ഡെബിറ്റഡ് എന്ന് രേഖപ്പെടുത്തിയാണ് പൊരുത്തപ്പെടുത്തൽ നടത്തുന്നത് എന്നും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. Cheques Deposited But Not Collected എന്ന ഇനത്തിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

കൃത്യമായി റികൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുന്നതിലും മേൽപരിശോധനകൾ നടത്തുന്നതിലും അലംഭാവം പുലർത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് നഗരസഭയുടെ അക്കൗണ്ടിംഗിന്റെ കൃത്യതയെ ബാധിക്കുന്നുണ്ട്.

## 1-13 വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിൽ പിഴവ്

സഞ്ചയ അസസ്മെന്റ് പ്രകാരം താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണയിച്ചിട്ടുണ്ടെങ്കിലും നികുതി ഡിമാന്റ് ചെയ്തതിൽ അവ്യക്തതയുണ്ടെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം,.കെട്ടിടത്തിന്റെ തരം, കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ.) | സഞ്ചയ പ്രകാരം നിർണയിച്ച നികുതി | സഞ്ചയ പ്രകാരം ഡിമാന്റ് | സഞ്ചയ പ്രകാരം കളക്ഷൻ | ബാലൻസ് സംബന്ധിച്ച് സഞ്ചയയിലെ രേഖപ്പെടുത്തൽ |
|---|---|---|---|---|---|---|
| 1 | ബിന്ദു ഷിബു, കിഴക്കേക്കര, വിക്ടോറിയ റസിഡൻസി | 20/2221, ലോഡ്ജ്, 149.07 | 7514 | 0 | 9794 | നികുതി കുടിശിക ഇല്ല, നികുതി തുക കഴിച്ച് അധികം അടച്ച തുക 9794 |
| 2 | ” | 20/2222,ലോഡ്ജ്, | 1080 | 0 | 10222 | നികുതി |

| | | | | | | |
|---|---|---|---|---|---|---|
| | | 21.41 | | | | കുടിശിക ഇല്ല, നികുതി തുക കഴിച്ച് അധികം അടച്ച തുക 10222 |
| 3 | ” | 20/2223, ലോഡ്ജ്, 20.09 | 1014 | 0 | 10222 | നികുതി കുടിശിക ഇല്ല, നികുതി തുക കഴിച്ച് അധികം അടച്ച തുക 10222 |
| 4 | ” | 20/2224, ലോഡ്ജ്, 20.09 | 1014 | 0 | 10223 | നികുതി കുടിശിക ഇല്ല, നികുതി തുക കഴിച്ച് അധികം അടച്ച തുക 10223 |

പ്രസ്തുത കെട്ടിടങ്ങൾക്ക് സഞ്ചയയിൽ De Ongoing സ്റ്റാറ്റസാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഡേറ്റാ എൻട്രി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. വർഷങ്ങളായി ലോഡ്ജായി പ്രവർത്തിച്ച വരുന്ന മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റിലെ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ നഗരസഭയുടെ വാർഡ് 20 ൽ പ്രവർത്തിച്ച വരുന്ന വിക്ടോറിയ റെസിഡൻസി എന്ന കെട്ടിടത്തിന്റെ മീനച്ചിലാറിന്റെ അഭിമുഖമായി വരുന്ന കെട്ടിടഭാഗങ്ങൾ റിവർവ്യൂ റോഡിന്റെ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട് സ്ഥലം അക്വയർ ചെയ്തതിന്റെ ഭാഗമായി പൊളിച്ച കളഞ്ഞിട്ടുള്ളതായി നഗരസഭയെ അറിയിച്ചിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് നികുതി പുനർനിർണയിച്ചിട്ടില്ലാത്തതെന്നും മറുപടി ലഭിച്ചു. എന്നിരുന്നാലും കെട്ടിടം പൂർണമായും പൊളിച്ച നീക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കെട്ടിടത്തിന്റെ ഡേറ്റാ എൻട്രി പൂർത്തിയാക്കി വസ്തുനികുതി പുനർനിർണയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നിലവിലും വിക്ടോറിയ റെസിഡൻസി എന്ന പേരിൽ ലോഡ്ജിനായി ലൈസൻസ് എല്ലാ വർഷവും മുനിസിപ്പാലിറ്റിയിൽ നിന്നും പുതുക്കി നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മുനിസിപ്പാലിറ്റിയുടെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയയിലെ ഡേറ്റാ എൻട്രിയിൽ സമാനമായി തെറ്റുകളുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. നിലവിൽ വസ്തുനികുതി ഓൺലൈനായി അടവാക്കാവുന്ന സാഹചര്യത്തിൽ ഡിമാന്റില്ലാത്ത സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-14 തദ്ദേശ സ്ഥാപനത്തിന് വിട്ടുകിട്ടിയ സ്ഥാപനത്തിന് വസ്തുനികുതി ഈടാക്കുന്നു

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 235(സി) പ്രകാരം രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന എല്ലാ ആതുരാലയങ്ങളെയും വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 235(എച്ച്) പ്രകാരം ഏതെങ്കിലും തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ വക കെട്ടിടത്തിനും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനത്തോടനുബന്ധിച്ച കെട്ടിടങ്ങൾക്കും വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുള്ളതാണ്. എന്നാൽ പാലാ ഗവ. ഹോസ്പിറ്റലിനോടനുബന്ധിച്ചുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. നികുതി നിർണയിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | കെട്ടിടത്തിന്റെ ഉപയോഗക്രമം (സഞ്ചയ പ്രകാരം) | നിർണയിച്ച വസ്തുനികുതി |
|---|---|---|---|---|
| 1 | 20/2052 | 3851.6 | ആശുപത്രികൾ(സർക്കാർ) | 54597 (10രൂപ നിരക്കിൽ) |

| | | | | |
|---|---|---|---|---|
| 2 | 20/2045 | 110 | ആശുപത്രികൾ(സർക്കാർ) | 1155 (10രൂപ നിരക്കിൽ) |
| 3 | 20/2046 | 48 | ആശുപത്രികൾ(സർക്കാർ) | 504 (10രൂപ നിരക്കിൽ) |
| 4 | 20/2047 | 174 | ആശുപത്രികൾ(സർക്കാർ) | 1097 (10രൂപ നിരക്കിൽ) |
| 5 | 20/2048 | 460.8 | ആശുപത്രികൾ(സർക്കാർ) | 4113 (10രൂപ നിരക്കിൽ) |
| 6 | 20/2053 | 355.74 | വീടുകൾ | 3811 (12 രൂപ നിരക്കിൽ) |

എം.ടി.എഫ്. നമ്പർ 31-ആർ.5-2243/2014 തീ.9.6.2020 പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നും മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ 2020-21 വർഷത്തെ വസ്തുനികുതി അടവാക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു പ്രകാരം മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) 2020-21ൽ നിർവഹണം നടത്തിയിട്ടുള്ള ജനറൽ ആശുപത്രി ബിൽഡിംഗ് ടാക്സ് ആന്റ് ലാന്റ് ടാക്സ് ( പ്രൊജക്ട് നം.33/21) പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡിനത്തിൽ നിന്നും 65277 രൂപ ചെലവഴിച്ച് വസ്തുനികുതി മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്.
പ്രോജക്ട് പ്രകാരം തുക അടവാക്കിയെങ്കിലും ഇതു സംബന്ധിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾക്ക് സഞ്ചയപ്രകാരം ഡിമാന്റ് നിശ്ചയിച്ചിട്ടില്ല. നികുതി ഒഴിവാക്കി നൽകേണ്ട സ്ഥാപനത്തിന് വസ്തുനികുതി നിർണയിച്ചതിനും മേൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്കും വിശദീകരണം നൽകേണ്ടതാണ്.
വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക അടവാക്കിയത് സംബന്ധിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തുന്നതാണെന്ന് മറുപടി ലഭിച്ചു. പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് മുനിസിപാലിറ്റി പ്ലാനിംഗ് സെക്ഷനിൽ നിന്നും മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
നികുതി ഒഴിവാക്കിയിട്ടുള്ള ആശുപത്രി കെട്ടിടത്തിന് പ്രോജക്ട് തയ്യാറാക്കി മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക മുനിസിപ്പാലിറ്റിയിലേക്ക് അടവാക്കിയത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റിന് നൽകേണ്ടതാണ്. പാലാ ഗവ.ആശുപത്രിയുടെ വസ്തുനികുതി സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 235(സി), എച്ച് എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

### 1-15 സേവന ഉപനികുതി ചുമത്തുന്നതിൽ അവ്യക്തത

നഗരസഭ പരിധിയിലുള്ള കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നതിന് 9.10.20 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നിശ്ചയിച്ച് തീരുമാനമെടുത്തിട്ടുണ്ട്. കേരള മുനിസിപാലിറ്റി (സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) 2011 ചട്ടം 26,27 പ്രകാരം ശുചിത്വ പരിപാലനം(4%), ജലവിതരണം (3%), തെരുവുവിളക്ക് (2%), ഡ്രെയിനേജ് (1%) എന്നിങ്ങനെ കെട്ടിടത്തിന്റെ വസ്തുനികുതിയുടെ നിശ്ചിത ശതമാനമാണ് സേവന ഉപനികുതിയായി നിശ്ചയിച്ചത്. 2020-21 സാമ്പത്തിക വർഷം മുതൽ നിയമപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനാണ് കൗൺസിൽ തീരുമാനമെടുത്തത്. എന്നാൽ 11.1.2021 ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ സേവന ഉപനികുതി ഈടാക്കുന്നത് തൽക്കാലം മാറ്റി വെക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 2020-21ൽ ചുരുങ്ങിയ കാലയളവിൽ നികുതി നിർണയിച്ചിട്ടുള്ള ഏതാനും കെട്ടിടങ്ങൾക്ക് മാത്രം സേവന ഉപനികുതി ചുമത്തിയും പ്രസ്തുത കാലയളവിന് മുമ്പും ശേഷവുമുള്ള കെട്ടിടങ്ങൾ സേവന ഉപനികുതി ചുമത്തപ്പെടാതെയും തുടരുന്ന സ്ഥിതിയാണുള്ളത്. സേവന ഉപനികുതി ചുമത്തിയും ചുമത്താതെയും നികുതി നിർണയിച്ചിട്ടുള്ള ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ (സഞ്ചയപ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | നിർണയിച്ച വസ്തുനികുതി/ നിർണയിച്ച അർദ്ധവർഷം | ചുമത്തിയ സേവന ഉപനികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 1/134/2 | ജിജോ മാത്യു ആൻഡ് സിജി അഗസ്റ്റിൻ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 13994, 2020 ആദ്യ പകുതി മുതൽ | 1217 |
| 2 | 1/134/3 | ജിജോ മാത്യു ആൻഡ് സിജി അഗസ്റ്റിൻ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 15843, 2020 ആദ്യ പകുതി മുതൽ | 1378 |
| 3 | 1/257/1 | പ്രദീപ് ജോയി | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 25449, 2020 ആദ്യ പകുതി മുതൽ | ഇല്ല |
| 4 | 1/202/1 | മാത്യു സിറിയക് | പാർപ്പിടാവശ്യം | 4268, 2020 രണ്ടാം പകുതി മുതൽ | ഇല്ല |
| 5 | 1/141/5 | അൻസോണ റോബിൻ | പാർപ്പിടാവശ്യം | 1568, 2021 ആദ്യ പകുതി മുതൽ | ഇല്ല |

ഒന്നാം വാർഡിലെ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങളാണ് ഉദാഹരണമായി സൂചിപ്പിച്ചത്. സേവന ഉപനികുതി ചുമത്തപ്പെട്ട ചുരുങ്ങിയ കാലയളവിലെ കെട്ടിടങ്ങൾക്ക് മാത്രമാണ് സേവന ഉപനികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ഒരേ പ്രദേശത്ത് ഒരേ സേവനങ്ങൾ ലഭിക്കുന്ന കെട്ടിട ഉടമകൾക്ക് സേവന ഉപനികുതി ചുമത്തിയും ചുമത്താതെയും നികുതി നിർണയിച്ചിട്ടുള്ള സാഹചര്യമാണ് നിലവിലുള്ളത്. 2020-21 വർഷം സേവന ഉപനികുതി ചുമത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയപ്പോൾ സേവന ഉപനികുതി അടവാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രത്യേക ഹെഡിൽ വരവ് വെച്ചിട്ടില്ല. വാർഷികകണക്കിൽ സേവന ഉപനികുതി പിരിവ് സംബന്ധിച്ച വിശദാംശങ്ങളില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് സേവന ഉപനികുതി ഈടാക്കുന്നത് തൽക്കാലത്തേക്കാണ് മാറ്റിവെച്ചിരിക്കുന്നതെന്നും കൗൺസിൽ തീരുമാനത്തിൽ കാലയളവ് പരാമർശിച്ചിട്ടില്ലെന്നും മറുപടി ലഭിച്ചു. സേവന ഉപനികുതി അടവാക്കുന്നതിന് നിലവിൽ 350300500 എന്ന ഹെഡിലാണ് തെറ്റായി ഡിമാന്റ് ചെയ്ത് സ്വീകരിച്ചു വന്നതെന്നും ഇത് 110010200 എന്ന ഹെഡിലേക്ക് മാറ്റുന്നതാണെന്നും മറുപടി നൽകി.

സേവന ഉപനികുതി പിരിവ് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടികൾ കൗൺസിൽ തീരുമാനമെടുത്ത് നടപ്പാക്കേണ്ടതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മുനിസിപാലിറ്റിയിൽ നിന്ന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക്, ഡ്രെയിനേജ് എന്നിങ്ങനെ നൽകി വരുന്ന സേവനങ്ങൾക്ക് നിയമപരമായി ചുമത്താവുന്ന സേവന ഉപനികുതി എല്ലാ ഗുണഭോക്താക്കളിൽ നിന്നുമായി ഈടാക്കുന്നത് നഗരസഭയ്ക്ക് ഗുണകരമായി മാറുമെന്നതിനാൽ ഉചിതമായ തീരുമാനം കൗൺസിലിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുമാണ്.

1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1)2020-21 സാമ്പത്തിക വർഷം ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും പേരിനൊപ്പം സൂചിപ്പിച്ച അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | സെൻറ് ജൂഡ് ഡെന്റൽ ക്ലിനിക് (കുന്തറ) പാല | 1,2 |
| 2. | സെൻറ് ജോർജ്ജ് വെറ്റിനറി | 1,2 |

| | | |
|---|---|---|
| | ക്ലിനിക് പാലാ | |
| 3. | പ്രിൻസിപ്പൽ,സെന്റ് ആന്റണീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ | 1,2 |
| 4. | ഡോക്ടർ സതീഷ് ബാബു,കരുണാ ആയുർവേദ ഹോസ്പിറ്റൽ പാലാ | 1,2 |
| 5. | അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർ, പാലാ | 2 |
| 6. | സൺ സ്റ്റാർ ഹോട്ടൽ പാലാ | 1,2 |
| 7. | മെയ്ഫ്ളവർ ജ്യൂവൽറി ആൻറ് ഫിനാൻസ് പാലാ | 1,2 |
| 8. | മാനേജിംഗ് ഡയറക്ടർ,പാലാ മാർക്കറ്റിംഗ് കോപറേറ്റീവ് സൊസൈറ്റി | 1,2 |
| 9. | ബ്രാഞ്ച് മാനേജർ,സെൻട്രൽ ഫിനാൻസ് ക്രെഡിറ്റ് ഇൻവെസ്റ്റ്മെൻറ്സ് കോപറേറ്റീവ് (ഇൻഡ്യാ), പാലാ | 1,2 |
| 10. | മാനേജർ,മണർകാട്ട് തീയേറ്റേഴ്സ്,പാലാ | 1,2 |
| 11. | ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ ,പാലാ | 1,2 |
| 12. | ജോസ്കാ സ്പീച്ച് ആന്റ് ഹിയറിംഗ് സെൻറർ പാലാ | 1,2 |
| 13. | മാനേജർ ,ചോളാ ബിസിനസ് ലിമിറ്റഡ് ,പാലാ | 1 |
| 14. | മാനേജർ ,ജീവനാ ആയുർവേദിക് മെഡിക്കൽസ് ആന്റ് ട്രീറ്റ്മെന്റ് സെന്റർ, പാലാ | 1 |
| 15. | ഹെഡ്മിസ്ട്രസ്,സെൻറ് മേരീസ് ഹൈസ്കൂൾ | 1,2 |
| 16. | കല്ലുക്കുന്നേൽ ആയുർവേദ ഹോസ്പിറ്റൽ ,(സിവിൽ സ്റ്റേഷന് എതിർവശം) പാലാ | 1,2 |
| 17. | മലയാള മനോരമ കോ.ലിമിറ്റഡ്,പാലാ | 1,2 |
| 18. | മാഞ്ഞൂരാൻസ് എഡ്യൂക്കേഷണൽ അക്കാഡമി,പ്രൈവറ്റ് ലിമിറ്റഡ്,പാലാ | 1,2 |
| 19. | മാനേജർ ,തറപ്പേൽ പെട്രോൾ പമ്പ് | 2 |
| 20. | മാനേജർ ശ്രീ ഗോകുലം ചിറ്റ്സ് കമ്പനി ,പുതുമന ടവർ,പാലാ | 1,2 |
| 21. | ഡയറക്ടർ,മാഞ്ഞൂരാൻസ് ഐ.ഇ.എൽ.റ്റി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് പുതുമന ടവർ,പാലാ | 1,2 |
| 22. | ബ്രാഞ്ച് മാനേജർ,ജിയോജിത്ത് | 1 |

| | | |
|---|---|---|
| | ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് | |
| 23. | കുര്യാക്കോസ് പടവൻ, ,പടവൻസ് സൂപ്പർ മാർക്കറ്റ് | 1,2 |
| 24. | അസി.മാനേജർ,കാർവി സ്റ്റോക്ക് ബ്രോക്കിംഗ് | 1,2 |
| 25. | മാനേജർ,സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യാ, പാലാ | 1 |
| 26. | മലയാളം ഫ്യൂവൽസ്,ഇൻഡ്യൻ ഓയിൽ ഡീലർ, പാലാ | 1,2 |

2) 2020-21 വർഷം പാലാ നഗരസഭയിൽ തൊഴിൽ നികുതിക്കായി പ്രത്യേകം തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത, കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ എന്നിവ കൃത്യമായി വിലയിരുത്താൻ സാധിക്കുന്നില്ല.

3) 2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3 (2)-ൽ ഉൾപ്പെടുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, ചട്ടം 3 (9-ൽ) ഉൾപ്പെടുന്ന ടാക്സി വാഹന ഉടമകൾ (ഒന്നിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്, മൂന്നിലധികം ഓട്ടോറിക്ഷ), ചട്ടം 3 (10)-ൽ ഉൾപ്പെടുന്ന കരാറുകാർ, ആധാരം എഴുത്തുകാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.32,തീയതി 19.01.2022) മറുപടിയായി തൊഴിൽ നികുതി രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണെന്നും അഭിഭാഷകർക്ക് തൊഴിൽ നികുതി അടയ്ക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു. മുകളിൽ ക്രമ നം.26 വരെ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2020-21 വർഷം വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം (ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുന്നത്) പരിശോധിച്ചതിൽ അർദ്ധ വാർഷിക വരുമാനത്തിന് ഒപ്പം ബോണസ്/ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്താതിരുന്നതിനാൽ ലഭിക്കേണ്ട തൊഴിൽ നികുതിയിൽ കുറവ് സംഭവിച്ചതായി കാണുന്നു . വിശദ വിവരം ചുവടെ ചേർക്കുന്നു .

2020-21 ഒന്നാം അർദ്ധ വാർഷം

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ലഭ്യമാക്കിയ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം പ്രകാരം അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ബോണസ്/ ഫെസ്റ്റിവൽ അലവൻസ് ചേരുമ്പോൾ അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| PWD (Buildings) , പാലാ | ജാസ്മിൻ ഫ്രാൻസിസ് | 98448 | 750 | 101198 | 1000 | 250 |
| ,, | അമ്പുജാക്ഷി പി എസ് | 72692 | 600 | 75442 | 750 | 150 |
| ജില്ലാ ട്രഷറി പാലാ | സരിത ബി | 98448 | 750 | 101198 | 1000 | 250 |
| സ്റ്റേറ്റ് ഗുഡ്സ് &സർവ്വീസ് ടാക്സ് | ബിൻസി മോൾ ജോസഫ് | 122344 | 1000 | 125094 | 1250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| സ്പെഷ്യൽ തഹസീൽദാർ ഓഫീസ് | റൈഹനത്ത് ബീഗം | 124872 | 1000 | 127622 | 1250 | 250 |
| താലൂക്ക് ഓഫീസ് മീനച്ചിൽ | ഷൈൻ എൻ | 124872 | 1000 | 127622 | 1250 | 250 |
| ,, | ശ്രീലത റ്റി ആർ | 59040 | 450 | 61790 | 600 | 150 |
| ളാലം വില്ലേജ് | അഞ്ചന എസ് നായർ | 98052 | 750 | 100802 | 1000 | 250 |
| പോളിടെക്നിക്ക് , പാലാ | അബ്ഹീഷ് പി | 122188 | 1000 | 162188 | 1250 | 250 |
| ,, | മജ്ജു മാത്യു | 122188 | 1000 | 162188 | 1250 | 250 |
| ,, | അല്ലി റ്റി കെ | 98904 | 750 | 101654 | 1000 | 250 |
| കൊമേഴ്സ്യൽ ടാക്സ് ഓഫീസ് , പാലാ | സലിമ എൻ ജെ | 128848 | 1000 | 128848 | 1250 | 250 |
| ഫയർ ഫോഴ്സ് ഓഫീസ് , പാലാ | അജയഘോഷ് എ | 124872 | 1000 | 127622 | 1250 | 250 |
| ,, | രാഹുൽ ഡി എസ് | 124872 | 1000 | 127622 | 1250 | 250 |
| ,, | അനന്ദു എം ജി | 124872 | 1000 | 127622 | 1250 | 250 |
| ,, | നിസാമുദ്ദീൻ പി എം | 124872 | 1000 | 127622 | 1250 | 250 |
| ,, | ഗിരീഷ് എസ് | 124872 | 1000 | 127622 | 1250 | 250 |
| ,, | വിഷ്ണു എസ് നായർ | 124872 | 1000 | 127622 | 1250 | 250 |
| ,, | അഖിലേഷ് പി ആർ | 124872 | 1000 | 127622 | 1250 | 250 |
| ,, | രോഹിത് വി ജി | 124872 | 1000 | 127622 | 1250 | 250 |
| ,, | ബ്രിജിത്ത് സിസി | 96048 | 750 | 100048 | 1000 | 250 |
| ST കോളേജ് പാലാ | ഷിനു ജോസഫ് | 124872 | 1000 | 127622 | 1250 | 250 |
| ആകെ | | | | | | 5300 |

2020-21 രണ്ടാം അർദ്ധ വാർഷം

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ലഭ്യമാക്കിയ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം പ്രകാരം അർദ്ധ വാർഷിക | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വരുമാനം | | | |
| മുനിസിപാലിറ്റി , പാലാ | സുനിൽ കെ റ്റി | 105915 | 750 | 1000 | 250 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 32/2020-21,തീയതി-19/01/22 ) കുറവ് വന്ന നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകി. തൊഴിൽ നികുതിയിൽ കുറവ് വന്ന 5550/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

1-18 വാടക വർദ്ധനവ് വരുത്തിയില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 2016 വർഷം ലേലം കൊണ്ട, ചുവടെ ചേർത്തിട്ടുള്ള കട മുറികളുടെ കാലാവധി 2020 മാർച്ചിൽ അവസാനിച്ചതായി 2019-20 ലെ വാടക രജിസ്റ്ററിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 2020-21 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷവും പ്രസ്തുത വ്യക്തികൾ തന്നെ മുറികൾ ഉപയോഗിക്കുന്നതായി കാണുന്നു . മാത്രമല്ല വാടകയിൽ വർദ്ധനവ് വരുത്തിയിട്ടുമില്ല . ലേലം കൊണ്ട സമയത്തുള്ള വാടകയാണ് 2020-21 ലും ഈടാക്കിയിരിക്കുന്നത് . മാത്രമല്ല 2020-21 ലെ ഡി സി ബി പത്രികയിലും അരിയർ ഡി സി ബി പത്രികയിലും 2019-20 ലെ മാസ വാടകയെ അടിസ്ഥാനമാക്കിയുള്ള തുക തന്നെയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത് . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മുറി | വാടകക്കാരന്റെ പേര് | 2016 മുതൽ 2020 മാർച്ച് വരെ നിലവിലുണ്ടായിരുന്ന മാസ വാടക | 2020-21 ലെ മാസ വാടക |
|---|---|---|---|---|
| 1 | KBT(N) S16 | പി.ബി.ശശി | 1584 | 1584 |
| 2. | KBT(N) S14 | സന്തോഷ് കെ.ആർ. | 1584 | 1584 |
| 3 | KBT(N) S13 | നോബിൾ ഫ്രാൻസീസ് | 2235 | 2235 |
| 4 | KBT(N) S12 | ബിജു ആന്റണി | 2235 | 2235 |
| 5 | KBT(N) S9 | രാജീവ് ജോസഫ് | 2235 | 2235 |
| 6 | KBT(N) S6 | ബാബു ജോസഫ് | 2235 | 2235 |
| 7 | KBT(N) F17 | ജോസഫ് വർഗ്ഗീസ് | 3169 | 3169 |
| 8 | KBT(N) F16 | പി.ബി.ശശി | 3169 | 3169 |
| 9 | KBT(N) F15 | വൈശാഖ് പി.വേണു | 3169 | 3169 |
| 10 | KBT(N) F12 | രാജേഷ് കെ.ജേക്കബ് | 4470 | 4470 |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ തുടർന്നും അനുവദിച്ചപ്പോൾ വാടക വർദ്ധനവ് വരുത്താത്തതിന് കാരണം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 05/2020-21,തീയതി-10/01/22) എഗ്രിമെന്റ് പുതുക്കുന്നതിനുള്ള അറിയിപ്പുകൾ യഥാസമയം ഓഫീസിൽ നിന്ന് നൽകിയിരുന്നതായും കോവിഡ് സാഹചര്യം മൂലമാണ് മേൽ സൂചിപ്പിച്ച ലൈസൻസികൾക്ക് യഥാസമയം എഗ്രിമെന്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതെന്നും സെക്രട്ടറി മറുപടി നൽകി. മേൽ പട്ടികയിലുള്ളവർക്ക് 2020-21 കാലയളവിൽ നിയമാനുസൃത വാടക വർദ്ധനവ് വരുത്തി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

1-19 വർക്കിംഗ് വിമൻസ് ഹോസ്റ്റൽ വാടക കുടിശിക അടവാക്കിയില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ 2013 കാലയളവ് മുതൽ ശ്രീ ആന്റണി ജേക്കബ്, തേക്കുംകാട്ടിൽ എന്ന വ്യക്തിയുടെ പേരിലുള്ള സെന്റ് ആന്റണീസ് എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് പ്രതിമാസ വാടക അടിസ്ഥാനത്തിൽ ലേലത്തിൽ നൽകിയിരുന്നു. കാലാവധി പൂർത്തിയായതിനെ തുടർന്ന് രണ്ട് തവണ കൂടി ടിയാളുടെ വാടക കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. നിലവിൽ 1.4.2017 മുതൽ 31.3.2022 വരെയുള്ള 5 വർഷ കാലയളവിലേക്കായിരുന്നു കരാർ നീട്ടി നൽകിയത്. എന്നാൽ 2019 സെപ്റ്റംബർ മാസം മുതൽ ഈയിനത്തിൽ വാടക അടവാക്കിയിട്ടില്ല. ജിഎസ്ടി ഉൾപ്പെടെ പ്രതിമാസ വാടകയായി 39494 രൂപയാണ് അടവാക്കേണ്ടിയിരുന്നത്. കോവിഡിനെ തുടർന്ന് സ്ഥാപനം നടത്താനാവില്ലെന്ന കാണിച്ച് 30.6.2020 ൽ ലേലക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിൽ ഹോസ്റ്റലിന്റെ അഡ്വാൻസ് ഫീസ് ഇനത്തിൽ അടവാക്കിയിരുന്ന 120000 രൂപ വാടകയിനത്തിൽ കിഴിവ് ചെയ്തശേഷം ബാലൻസ് തുക അടവാക്കുന്നതാണെന്നും കോവിഡ് കാലയളവിലെ വാടക ഇളവ് ചെയ്ത് നൽകണമെന്നും അപേക്ഷകൻ വ്യക്തമാക്കിയിട്ടുണ്ട്. 18.1.2021 തീയതിൽ 200000 രൂപ കൂടി ടിയാൾ അടവാക്കിയിട്ടുള്ളതായി കാണുന്നു. എഗ്രിമെന്റ് കാലാവധിക്ക് മുമ്പ് സ്ഥാപനം നിർത്തുന്നത് മൂലമുള്ള നഷ്ടം നടത്തിപ്പുകാരിൽ നിന്നും ഈടാക്കാമെന്ന കരാർ വ്യവസ്ഥ പ്രകാരം നഗരസഭ 528298/- രൂപയുടെ കുടിശിക നോട്ടീസ് നൽകിയിട്ടുള്ളതാണ്. ഇത് കൂടാതെ വൈദ്യുതി ചാർജിനത്തിൽ 43459 രൂപയുടെ കുടിശികയും നിലവിലുണ്ട്.

വാടക കുടിശികയും വൈദ്യുതി കുടിശികയും ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കേണ്ടതാണ്. കൂടാതെ നിലവിൽ ടി സ്ഥാപനം പുനർലേലം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോവിഡ് കാരണം ഹോസ്റ്റൽ പ്രവർത്തിപ്പിക്കാതിരുന്ന കാലഘട്ടത്തിലെ കുടിശികയാണ് അടവാക്കാനുള്ളതെന്നും 30.6.20 ൽ ലീസിൽ നിന്ന് ഒഴിവാകാൻ കുത്തകക്കാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും തീരുമാനമെടുത്തിട്ടില്ലാത്തതാണെന്നും മറുപടി ലഭിച്ചു. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നിലവിൽ ഹോസ്റ്റൽ മുറികൾ മെയിന്റനൻസ് ചെയ്യേണ്ട സാഹചര്യമാണുള്ളതെന്നും വാടകയ്ക്ക് കൊടുക്കാനാകാത്ത സാഹചര്യമാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. നഗരസഭയുടെ ആസ്തികൾ നശിച്ചു പോകുന്ന സാഹചര്യം ഒഴിവാക്കാനും ആവശ്യമായ മെയിന്റനൻസ് നടപടികൾ സ്വീകരിച്ച് മുറികൾ വാടകയ്ക്ക് കൊടുത്ത് തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-20 വാടക - അപാകതകൾ

വാടക – ഭീമമായ തുക കുടിശ്ശിക

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കടമുറികളുടെ വാടകയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു .

| തൻ വർഷ കുടിശ്ശിക | മുൻ വർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|
| 2125396 | 2732831 | 4858227 |

മേൽ സൂചിപ്പിച്ച കുടിശ്ശിക തുകയിൽ രണ്ട് വർഷത്തിൽ കൂടുതൽ കാലയളവിലെ വാടക കുടിശ്ശിക വരുത്തിയ / ഭീമമായ തുക കുടിശ്ശിക വരുത്തിയവരുടെ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | കട മുറി നമ്പർ | ലൈസൻസിയുടെ പേര് | കുടിശ്ശിക വരുത്തിയ മാസം (31/03/21 പ്രകാരം) | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | TBG R5 | ബിജിയേഷ് | 41 | 74210 |
| 2 | തെക്കേക്കര S2 | അനിൽ കുമാർ | 40 | 53600 |
| 3 | KBT(N) S12 | ബിജു ആന്റണി | 35 | 78225 |
| 4 | MCCB G37 , G38, G39, F10,F11,F12,F13 | സിബി ജോസ് & സുനിൽ ജോസ് | 17 | 683434 |
| 5 | MCCB F18 | സോണ സനിൽ | 42 | 193116 |
| 6 | MCCB S10 | മനോജ് കെ ആർ | 36 | 42300 |

കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിക്കുന്ന നടപടികൾ , വാടക ഇനത്തിലെ നിലവിലെ കുടിശ്ശിക വിവരങ്ങൾ എന്നിവ അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/19.01.2022) കുടിശ്ശിക തുക ഈടാക്കാൻ നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മറുപടി നൽകി. വാടക ഇനത്തിലെ നിലവിലെ കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കിയില്ല. കുടിശ്ശിക തുക ഈടാക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

ബൈലോ തയാറാക്കിയിട്ടില്ല

നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്ന് വാടകയാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാന്റുകൾ, ഓപ്പൺ സ്റ്റേജുകൾ, ഹാളുകൾ, സ്റ്റേഡിയം, ബങ്കുകൾ, കച്ചവടങ്ങൾക്കും സമ്മേളനങ്ങൾക്കും മറ്റുമായി വാടകയ്ക്ക് നൽകുന്ന ഭൂമി ഉടങ്ങി നിരവധി ആസ്തികളുണ്ട്. വാടക പിരിവുമായി ബന്ധപ്പെട്ട് ബൈലോ നിലവിലുള്ളതായി കാണുന്നില്ല. നഗരസഭ 5 വർഷത്തേക്ക് വാടകയ്ക്കായി നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ മുതൽ ദൈനംദിനാടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്ന ഭൂമിയുൾപ്പെടെ വ്യത്യസ്തങ്ങളായ ആസ്തികൾ ഉള്ളതിനാൽ ബൈലോ തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് - വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാർ ലഭ്യമാക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് തിരിച്ച് നൽകുന്നതിന്റെ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. മുറിയുടെ ഉപയോഗക്രമം, വാടക, വാടകയ്ക്ക് നൽകിയിരിക്കുന്ന കാലാവധി, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ മുതലായ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

1-21 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടന്നു - വരുമാന നഷ്ടം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടക്കുന്നതായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലംക്സ് | ആകെയുള്ള മുറികൾ | 2020-21 ൽ ഒഴിഞ്ഞ് കിടന്ന മുറികൾ |
|---|---|---|---|
| 1 | മുൻസിപ്പൽ കോംപ്ലക്സ് ബിൽഡിംഗ് | 115 | MCB- F12,F13,F14,F15<br>MCB- S4,S16,S17,S18,S19,S20<br>MCB- C 17 ( 11 മുറികൾ ) |
| 2 | മുൻസിപ്പൽ കൊമേഴ്സ്യൽ കോംപ്ലക്സ് ബിൽഡിംഗ് | 73 | MCCB- G11,G12,G13 , G14, G28,G29,G30,G31,G32,G35,G36<br>MCCB- F1 ,F2,F3,F4,F5,F6,F7 ( 18 മുറികൾ ) |
| 3 | തെക്കേക്കര കോംപ്ലക്സ് | 57 | TKRA-G10 , G11,TKRA-F6,F9,F10 ,TKRA-S7 ,S8 , S9,S10,S17 ( 10 മുറികൾ ) |
| 4 | കൊട്ടാരമറ്റം ന്യൂകോംപ്ലക്സ് | 69 | KBT(N)- G11,G17,G18,G19,G20,G22<br>KBT(N)- F1,F6,F9,F10,F13,F14,F18,F20,F21<br>KBT(N)- S2,S4,S8,S17,S20,S21, (21 മുറികൾ ) |
| 5 | ടൗൺ ബസ്സ്റ്റാന്റ് ഗാരേജ് | 18 | TBG- 13,15,16 ( 3 മുറികൾ ) |

ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം - 5/10.01.22) കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ലേലത്തിൽ ആരും പങ്കെടുത്തില്ല എന്നും രണ്ട് മൂന്ന് മാസം ഇടവിട്ട് ലേലം നടത്തിയിട്ടും

ആരും പങ്കെടുത്തില്ല എന്നും സെക്രട്ടറി മറുപടി നൽകി. വൻതുക മുടക്കി നിർമ്മിച്ച കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതിരിക്കുന്നത് വരുമാനനഷ്ടത്തിനിടയാക്കും. തുടർവർഷങ്ങളിൽ മുറികൾ വാടകയ്ക്ക് പോകാതിരിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അടിയന്തിരമായി ഇടപെടേണ്ടതാണ്.

1-22 വാടക ഇളവിന് അർഹത ഇല്ലാത്ത സ്ഥാപനങ്ങൾക്കും ഇളവ് നൽകി

ലോക്ക്ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദം ഇല്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമെ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ (സ.ഉ (സാധാ.)നം 1278/2020/ത.സ്വ.ഭ.വ,തീയതി 29/06/2020) എന്നിരിക്കേ 2020-21 ൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുത്തിട്ടുള്ള ചുവടെ സൂചിപ്പിച്ച കച്ചവട സ്ഥാപനങ്ങൾക്ക് 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ വാടക ഇളവ് നൽകിയതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| റൂം നമ്പർ | കച്ചവട സ്ഥാപനം | ഒഴിവാക്കി നൽകിയ വാടക ( 04/20 & 05/20 ) |
|---|---|---|
| MCB 9 | ബേക്കറി | 3430 *2=6860 |
| MCCB-G10 | മത്സ്യ വ്യാപാരം | 2690*2=5380 |
| MCCB-G6 | മത്സ്യ വ്യാപാരം | 4155 ( ഒരു മാസം ) |
| MCCB- G7 | മത്സ്യ വ്യാപാരം | 4155*2=8310 |
| MCCB- G8 | മത്സ്യ വ്യാപാരം | 4155*2=8310 |
| TGB 2 | ബേക്കറി | 1810*2=3620 |
| TGB 6 | ബേക്കറി | 1810*2=3620 |
| KBT(N) - G8 | ബേക്കറി | 6705*2=13410 |
| KBT(N) - G12 | ഹോട്ടൽ | 6705*2=13410 |
| KBT(N) - G13 | ഹോട്ടൽ | 6705*2=13410 |
| KBT(N) - G23 | മെഡിക്കൽ സ്റ്റോർ | 4753*2=9506 |
| KBT(N) - F8 | ഹോമിയോ ക്ലിനിക്ക് | 4695*2=9390 |
| MCB 6 | ബേക്കറി | 3120*2=6240 |
| MCB 7 | ബേക്കറി | 2675*2=5350 |
| MCB 9 | ബേക്കറി | 3430*2=6860 |
| MCB F8 | ഹോമിയോ ക്ലിനിക്ക് | 1490*2=2980 |
| NCB 9 | മെഡിക്കൽ സ്റ്റോർ | 2785*2=5570 |
| NCB 7 | മെഡിക്കൽ സ്റ്റോർ | 2875*2=5750 |
| NCB 5 | ബേക്കറി | 2050*2=4100 |
| NCB F2 | ഹോമിയോ | 920*2=1840 |
| ആകെ | | 138071 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 02/2020-21, തീയതി 07/01/22)

ലോക്ഡൗൺ കാലയളവിൽ പൂർണ്ണമായും അടഞ്ഞ് കിടന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിനാണ് ഇളവ് അനുവദിച്ചത് എന്ന മറുപടി മേൽ സൂചിപ്പിച്ച പട്ടികയിൽ ഉള്ള സ്ഥാപനങ്ങൾ ലോക്ക്ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദം ഉണ്ടായിരുന്ന സ്ഥാപനങ്ങളാണ് എന്നതിനാൽ അംഗീകരിക്കാൻ കഴിയുന്നതല്ല. ത.സ്വ.ഭ.വ(ആർ.സി) വകുപ്പിന്റെ സ.ഉ (സാധാ.)നം 1278/2020/ത.സ്വ.ഭ.വ, തീയതി - 29/06/2020 പ്രകാരം ചുവടെ സൂചിപ്പിച്ച നിബന്ധനകൾക്ക് വിധേയമായി വേണമായിരുന്ന വാടക ഇളവ് നൽകേണ്ടത് .

1. ലോക്ക്ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദം ഇല്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമെ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ

2.വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചില്ല / അടഞ്ഞ് കിടക്കുകയായിരുന്ന എന്ന സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കണം .

മേൽ സൂചിപ്പിച്ച പട്ടികയിൽ ഉള്ള സ്ഥാപനങ്ങൾ ലോക്ക്ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദം ഉണ്ടായിരുന്ന സ്ഥാപനങ്ങളാണ് എന്നതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കാൻ നടപടി സ്വീകരിക്കുകയോ അല്ലെങ്കിൽ അടഞ്ഞ് കിടക്കുകയായിരുന്ന എന്ന സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലോ വാടക ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-23 പൊതു താല്പര്യം സംരക്ഷിക്കാതെയും ലേല നടപടികൾ നടത്താതെയും ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കൈമാറ്റം നടക്കുന്നു .

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നല്കുന്നതിന് നഗരസഭ കൗൺസിൽ അംഗീകരിച്ച വാടക നിബന്ധനകൾ മാത്രമാണ് നിലവിലുള്ളത്. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടുമില്ല. നിലവിലെ നിബന്ധനകൾ പ്രകാരം മുറി വിട്ടൊഴിയുന്നതിന് 3 കലണ്ടർ മാസം മുൻപേ രേഖാമൂലം ആവശ്യപ്പെട്ടാൽ മതിയാകും. മുറി ഒഴിയുന്ന ആൾക്ക് സമ്മതമെങ്കിൽ കൗൺസിലിന്റെ അനുമതിയോടെ മറ്റൊരാൾക്ക് കൈമാറുന്ന രീതിയും, മുറി എടുത്തയാൾ പാർട്ണർഷിപ്പ് ഡീഡ് പ്രകാരം കൂടുതൽ ആളുകളെ ബിസിനസിൽ ചേർത്ത് പിന്നീട് കൗൺസിൽ തീരുമാനത്തോടെ പാർട്ണർഷിപ്പ് വിട്ട് മറ്റുള്ളവർക്ക് മുറി കൈമാറ്റം ചെയ്യുന്ന രീതിയും നിലവിലുണ്ട്. വിശദമായ പരിശോധനയിൽ ഈ രണ്ട് രീതിയിൽ മുറി കൈമാറ്റം നടത്തുന്നതും പൊതു സ്ഥാപനങ്ങളിൽ അനുവദിക്കാവുന്നതല്ല . ഇത്തരത്തിൽ മുറി കൈമാറ്റം നടത്തുമ്പോൾ അർഹതയുള്ളവരും മുറി എടുക്കുന്നതിന് തല്പരരായ മറ്റുള്ളവർക്ക് അവസരം പൂർണ്ണമായും ഇല്ലാതാകുന്നു. കൂടാതെ മുറി എടുത്തയാൾ കീഴ്‌വാടകയ്ക്ക് നല്കുക, കൂടിയ സെക്യൂരിറ്റി തുക കൈപ്പറ്റി മുറി കൈമാറുക തുടങ്ങിയ നിയമപരമല്ലാത്ത നടപടികൾക്ക് കാരണമാകുകയും ചെയ്യും. നഗരസഭയുടെ സാമ്പത്തിക താല്പര്യം പരിഗണിച്ചാലും ഇത്തരം കൈമാറ്റങ്ങൾ അംഗീകരിക്കാവുന്നതല്ല.

മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ) ചട്ടങ്ങൾ 11 പ്രകാരം ലൈസൻസുകളുടെ പുതുക്കൽ, ലൈസൻസികളെ പുനരധിവസിപ്പിക്കൽ എന്നിവ ഒഴികെയുള്ള വിൽപ്പന, പാട്ടത്തിന് നൽകൽ, വാടകയ്ക്ക് കൊടുക്കൽ എന്നിവ മുഖേന മുനിസിപ്പാലിറ്റിയുടെ വസ്തു കൈമാറ്റങ്ങൾ പരസ്യ ലേലം മുഖേനയോ ടെന്റർ മുഖേനയോ ആയിരിക്കേണ്ടതുമാണ് .

എന്നാൽ ചുവടെ സൂചിപ്പിക്കുന്ന കുത്തകക്കാർ മുറി വിട്ടൊഴിയുമ്പോൾ കൗൺസിൽ തീരുമാനത്തോടെ മുനിസിപ്പാലിറ്റി ചട്ടങ്ങൾ പാലിക്കാതെ കൈമാറ്റ ഫീസ് ( 18 മാസത്തെ വാടക ) ഈടാക്കിയും ലൈസൻസ് ഫീസിൽ 15 % വർദ്ധനവ് വരുത്തിയും 4 മാസത്തെ വാടക അഡ്വാൻസായി ഈടാക്കിയും നിലവിലുള്ള സെക്യൂരിറ്റി ഫീസ് 10000 രൂപയിൽ താഴെ ഉള്ളവരിൽ നിന്നും 24 മാസത്തെ വാടക സെക്യൂരിറ്റി ഫീസ് ഈടാക്കിയും മുറി കൈമാറുന്നതിന് അനുവദിച്ചതായി കാണുന്നു .വിശദ വിവരം ചുവടെ ചേർക്കുന്നു .

| മുറി വിട്ടൊഴിഞ്ഞ കുത്തകക്കാരൻ | മുറി കൈമാറി കിട്ടിയ വ്യക്തി | കൈമാറ്റം നടത്തിയ മുറി |
|---|---|---|
| ജോബിൻ മൈക്കിൾ | ഷിനോ പോൾ | MCB 21 |
| സി റ്റി ഈപ്പച്ചൻ | ഷാജി ഈപ്പൻ | MCB F 20 |
| ഡെന്നീസ് സിറിയക്ക് | സൂരജ് എം ആർ | MCB S 6 |
| സുനി അപ്പുകുട്ടൻ | മാത്യു എം | MCB S32(4) |
| ജോസഫ് മാത്യു | ത്രേസ്യാമ്മ ജോയി | MCB C4 |
| ജോസഫ് മാത്യു | ത്രേസ്യാമ്മ ജോയി | MCB C5 |

| | | |
|---|---|---|
| ജോസഫ് മാത്യൂ | ത്രേസ്യാമ്മ ജോയി | MCB C6 |
| കെ സി സെബാസ്റ്റ്യൻ | കെ കെ ലീലാമ്മ ശശി | KBT 16 |
| ടോണി സെബാസ്റ്റ്യൻ | വി ആർ സാജൻ | MCCB G6 |
| ടോണി സെബാസ്റ്റ്യൻ | വി ആർ സാജൻ | MCCB G7 |
| ടോണി സെബാസ്റ്റ്യൻ | വി ആർ സാജൻ | MCCB G8 |
| സൂസി മാത്യൂ | ജിൻസ് കെ ജോസ് | MCB23 |
| ഷൈജു ജോസഫ് | റൂബിൾ തോമസ് | MCB S29 |
| കുര്യൻ ജോസഫ് | ആർ മനോജ് | THB 5(1) |

മേൽ സൂചിപ്പിച്ച പട്ടികയിൽ ഭൂരിഭാഗം വ്യക്തികളും മുൻ കുത്തകകാരുടെ സെക്യൂരിറ്റി നിക്ഷേപം (2016,2017 വർഷങ്ങളിലെ തുക ) തുടർന്ന് നിലനിർത്തുകയാണ് ചെയ്യുന്നത്. ചുരുക്കം ചില അവസരങ്ങളിൽ സെക്യൂരിറ്റി നിക്ഷേപമായി 24 മാസത്തെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട് . കൂടാതെ മുറി വിട്ടൊഴിഞ്ഞ കുത്തകക്കാരൻ മുറി വിട്ടൊഴിഞ്ഞില്ലായിരുന്നു എങ്കിൽ 2021/2022 വർഷത്തോടെ കാലാവധി പൂർത്തിയാകുകയും ലേലനടപടികളിലേക്ക് കടക്കാൻ നഗരസഭയ്ക്ക് കഴിയുകയും ചെയ്യുമായിരുന്നു. ഇതിലൂടെ പുതിയതായി താൽപ്പര്യം ഉള്ളവർക്ക് ലേലത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ 2019 മുതൽ വീണ്ടും 5 വർഷത്തേക്കാണ് കൈമാറ്റം നടന്നിരിക്കുന്നത് എന്നുള്ളതിനാൽ താൽപ്പര്യം ഉള്ളവർക്ക് ലേലത്തിൽ പങ്കെടുക്കാൻ അവസരം നഷ്ടപ്പെടുന്നു. കൂടാതെ ഇത് ഒരു തുടർ പ്രക്രിയ ആയി മാറിയാൽ പല ക്രമക്കേടുകൾക്കും കാരണമാകുകയും പലർക്കും ലേലത്തിൽ പങ്കെടുക്കാനുള്ള അവസരം എന്നന്നേക്കുമായി നഷ്ടമാകുകയും ചെയ്യും .

ലേല നടപടികൾ നടത്താതെയും പൊതു താല്പര്യം സംരക്ഷിക്കാത്തതുമായ ഇത്തരം മുറി കൈമാറ്റങ്ങൾക്ക് നഗരസഭയ്ക്കുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/2020-21 തീയതി 07.01.2022) 13/02/2017 ലെ 4ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ലൈസൻസ് കൈമാറ്റങ്ങൾ നടത്തുന്നത് എന്ന് മറുപടി നൽകി. കൗൺസിലിന്റെ രേഖാമൂലമുള്ള അനുവാദത്തോടെ ലൈസൻസ് കൈമാറ്റം അനുവദിക്കാവുന്നതാണ് എന്ന് 05/11/2019 ൽ നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നും മറുപടി നൽകി. മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ) ചട്ടങ്ങൾ 11 ന് വിരുദ്ധമായാണ് ലൈസൻസ് കൈമാറ്റങ്ങൾ നടക്കുന്നത് എന്നതിനാൽ ഈ വിഷയത്തിൻമേൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ് .

1-24 മുനിസിപ്പൽ കെട്ടിടത്തിലെ മുറി ലൈസൻസി അല്ലാത്ത വ്യക്തി ഉപയോഗിച്ചു .

2020-21 വർഷത്തെ വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ മുനിസിപ്പൽ കെട്ടിടത്തിലെ മുറികൾ ലേലം കൊണ്ട വ്യക്തി അല്ല പ്രസ്തുത മുറി ഉപയോഗിക്കുന്നത് എന്ന് ബോധ്യമാകുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | റൂം നമ്പർ | വാടക രജിസ്റ്റർ പ്രകാരം റൂം വാടകയ്ക്ക് എടുത്ത വ്യക്തി | 2020-21 ലൈസൻസ് രജിസ്റ്റർ പ്രകാരം റൂം ഉപയോഗിക്കുന്ന വ്യക്തി |
|---|---|---|---|
| 1 | MCB 21 | ഷിനോ പോൾ | ജോബിൻ മൈക്കിൾ , ഫാൻസി , സ്റ്റേഷനറി ഷോപ്പ് |

ലൈസൻസ് അവകാശം കൈമാറ്റം ചെയ്യുകയോ കീഴ്‌വാടകയ്ക്ക് കൊടുക്കുകയോ ചെയ്യാൻ പാടില്ല എന്നിരിക്കെ (വസ്തു കയ്യൊഴിക്കൽ ചട്ടങ്ങൾ -7(2) , 8(2) ) മുനിസിപ്പൽ കെട്ടിടത്തിലെ മുറികൾ ലൈസൻസി അല്ലാത്ത വ്യക്തി ഉപയോഗിക്കാനുണ്ടായ സാഹചര്യം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 21/2020-21,തീയതി-15/01/22) വിദേശത്ത് ആയിരുന്നതിനാലാണ് കടമുറിയുടെ ലൈസൻസ് തന്റെ പേരിലേക്ക് മാറ്റാതിരുന്നത് എന്നും നാട്ടിൽ വരുന്ന മുറയ്ക്ക് ലൈസൻസ് തന്റെ പേരിലേക്ക് മാറ്റുന്നതാണെന്നും ഷിനോ പോൾ അറിയിച്ചതായി മറുപടി നൽകി. ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ലൈസൻസ് അവകാശം കൈമാറ്റം ചെയ്യുകയോ കീഴ്കുത്തകയ്ക്ക് കൊടുക്കുകയോ

ചെയ്യുന്നില്ല എന്ന് ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ് .

1-25 ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് -447 , 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് വ്യാപാരം നടത്തുവാൻ ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങളിൽ പറയുന്ന പ്രകാരം ഓരോ വ്യാപാരത്തിനും അനുബന്ധമായ ചുമതലകളും യോഗ്യതകളും പാലിക്കുന്നുണ്ടോ എന്ന് കൂടി പരിശോധിച്ച് ആവണം ലൈസൻസ് നൽകേണ്ടത് . ഓഡിറ്റ് കാലയളവിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1 . ക്ലിനിക്കുകൾക്കും ലാബുകളും ലൈസൻസ് അനുവദിക്കുമ്പോൾ ഈ സ്ഥാപനങ്ങളിലെ ജൈവ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനങ്ങൾ/ഏജൻസികളുടെ സാക്ഷ്യപത്രം അപേക്ഷയ്ക്കൊപ്പം ഉൾപ്പെടുത്തിയില്ല .
2. ഹോട്ടലുകൾ, ഫാസ്റ്റ്ഫുഡ് സ്റ്റോറുകൾ, ഹോംസ്റ്റേ , ഭക്ഷണം പാകം ചെയ്ത് വിതരണം നടത്തുന്ന കടകൾ, എന്നിവയ്ക്ക് ലൈസൻസ് നൽകുമ്പോൾ ജീവനക്കാരുടെ എണ്ണം , ഹെൽത്ത് കാർഡ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല.
3. ലോഡ്ജുകൾ, ഹോട്ടലുകൾ എന്നിവയ്ക്കുള്ള ലൈസൻസ് നൽകുമ്പോൾ അപേക്ഷയിൽ സ്ഥാപന സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അളവ് , മുറികളുടെ എണ്ണം , നൽകുന്ന സൗകര്യങ്ങൾ, സ്റ്റാർ റേറ്റിംഗ് ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല.
4. മെഷീനുകളോ മില്ലുകളോ വർക്ക് ഷോപ്പുകളോ പ്രവർത്തിക്കുന്നതിനായി ലൈസൻസ് അനുവദിക്കുന്നതിന് മലിനീകരണ നിയന്ത്രണബോർഡ് അനുമതി പത്രം കാലികമായി നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യമായ രേഖകൾ അപേക്ഷയ്ക്ക് ഒപ്പം ഉൾപ്പെടുത്തുന്നില്ല.
ലൈസൻസ് പുതുക്കുന്നതിന് നൽകുന്ന അപേക്ഷയ്ക്ക് ഒപ്പം മേൽ സൂചിപ്പിച്ചവ പരിശോധിക്കാനാവശ്യമായ യാതൊരു രേഖകളും ഉള്ളടക്കം ചെയ്യുന്നില്ല ( ഹോട്ടലുകൾ , ക്ലിനിക്കുകൾ , മില്ലുകൾ , പെട്രോൾ പമ്പുകൾ എന്നിവയ്ക്ക് പോലും കേവലം അപേക്ഷയും സമ്മതപത്രവും മാത്രമാണ് ഹാജരാക്കുന്നത് ). ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങളിൽ പറയുന്ന പ്രകാരം ഓരോ വ്യാപാരത്തിനും അനുബന്ധമായ ചുമതലകളും യോഗ്യതകളും പാലിക്കുന്നുണ്ടോ എന്ന് ഓഫീസ് തലവനും സെഷൻ മേധാവിയും പരിശോധിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 23/2020-21,തീയതി-18/01/22 ) മറുപടി ലഭ്യമാക്കിയില്ല .

തുടർ വർഷങ്ങളിൽ ലൈസൻസ് അപേക്ഷകൾക്കൊപ്പം മേൽ സൂചിപ്പിച്ച എല്ലാ രേഖകളും വിവരങ്ങളും ഉൾപ്പെടുത്താൻ ആവശ്യപ്പെടേണ്ടതാണ് .

1-26 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ നഗരസഭയുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. മുനിസിപ്പാലിറ്റിയിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും നഗരസഭയിൽ നിന്നും 2020-21 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സഞ്ചയയിലെ വിശദാംശം പ്രകാരം വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | 4516 |
| 2020-21 വർഷത്തിൽ നഗരസഭ നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം | 1860 |

സഞ്ചയയിലെ വിശദാംശങ്ങൾ പ്രകാരം നഗരസഭാ പരിധിയിൽ 4516 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 1860ലൈസൻസുകൾ മാത്രമാണ് തൻവർഷം നഗരസഭ നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ നഗരസഭയുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്.കെട്ടിടങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ലൈസൻസോടെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 42 % ൽ താഴെ മാത്രമാണ്. ഡി&ഒ ലൈസൻസില്ലാതെ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിയ്ക്കാതിരിക്കുന്നത് ചട്ടലംഘനവും ലൈസൻസ് ഫീസ് ഇനത്തിൽ നഗരസഭാഫണ്ടിന് കനത്ത നഷ്ടവും ഉണ്ടാകുന്നു. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-27 ജിംനേഷ്യം - ലേലത്തുക അടവാക്കിയില്ല

മുനിസിപ്പൽ സ്റ്റേഡിയത്തോടനുബന്ധിച്ച് ജിംനേഷ്യം നടത്തിപ്പിനായി 9/3/18 ൽ ലേലം നടത്തിയപ്പോൾ ജോയി തോമസ്, മൂന്നുപറയിൽ എന്ന വ്യക്തി പ്രതിമാസം 40000 രൂപ നിരക്കിൽ ലേലം കൊണ്ടതായി ഫയലുകളിൽ നിന്നും വ്യക്തമായി. 300000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 1/3 തുകയായ 100000 രൂപയും ഇഎംഡി ഇനത്തിൽ 75000 രൂപയും ലേലം കൊണ്ടയാൾ അടവാക്കിയിട്ടുണ്ട്. എന്നാൽ ടിയാളുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങളോ ബാക്കി തുക അടവാക്കിയതിന്റെ വിവരങ്ങളോ ലഭ്യമായിട്ടില്ല. 2019-20,20-21 വർഷം സ്റ്റേഡിയത്തിന്റെ ഭാഗമായ ജിംനേഷ്യം നടത്തുന്നതിനായി മാറ്റി വെച്ച കെട്ടിടത്തിൽ നിന്നും വരവുകളൊന്നും ലഭിച്ചതായി വാർഷിക ധനകാര്യപത്രിക പ്രകാരം കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ജിംനേഷ്യം നടത്തുന്നതിനാവശ്യമായ സ്ഥലസൗകര്യം നഗരസഭ നൽകാത്തതിനാൽ ലേലത്തിൽ നിന്നും ഒഴിവാകുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നെന്നും കരാർ ലംഘിച്ചതിനാൽ അടവാക്കിയ 175000 രൂപ കണ്ടു കെട്ടിയിട്ടുള്ളതാണെന്നും മറുപടി ലഭിച്ചു. കൂടാതെ പുനർലേലത്തിൽ ആരും ഈ സ്ഥലം എടുക്കാത്തതിനാൽ 27.7.19 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ജിംനേഷ്യം ലേലത്തിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാർ അനുമതിക്കായി കത്ത് അയച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. ലേല നോട്ടീസ് തയ്യാറാക്കുന്ന സമയത്ത് തന്നെ നൽകാനുദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകാത്തതോ ഏറ്റെടുക്കാനുദ്ദേശിക്കുന്നയാൾ ലേലം ഉറപ്പിക്കുന്നതിന് മുമ്പ് ആയത് ഉറപ്പു വരുത്താത്തതോ മൂലമാണ് ഇങ്ങനെ സംഭവിക്കുന്നതെന്നാണ് അനുമാനിക്കേണ്ടത്. ലേല നോട്ടീസ് തയ്യാറാക്കുമ്പോൾ ഏതാവശ്യത്തിനായാണോ സ്ഥലം നൽകുന്നത് അത് സാധ്യമാകും എന്ന് ഉറപ്പാക്കി ലേലം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജിംനേഷ്യത്തിനായി വിട്ടു നൽകാനുദ്ദേശിച്ചിരുന്ന സ്ഥലം മറ്റ് ഏതെങ്കിലും കായിക ആവശ്യത്തിന് ഉപയുക്തമാക്കാനാകുമോയെന്ന് കൗൺസിൽ പരിശോധിക്കേണ്ടതും സാധ്യമെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-28 ലേലത്തുക പൂർണമായി അടവാക്കിയില്ല

2020-21 വർഷം കുത്തക ലേലം കൊടുത്ത കൊട്ടാരമറ്റം കംഫർട്ട് സ്റ്റേഷൻ, ടൗൺ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ, സ്റ്റേഡിയത്തിലെ ഫുട്ബോൾ പരിശീലനം ( 4 പി.എം.-6.30 പി.എം) എന്നിവയുടെ ലേലം പിടിച്ച കുത്തകക്കാർ ലേലത്തുക പൂർണമായി അടവാക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേല ഇനം | ലേലം കൊണ്ട വ്യക്തി | ലേലത്തുക | അടവാക്കിയ തുക | അടവാക്കാനുള്ള തുക (GST കൂടാതെ) |
|---|---|---|---|---|---|
| 1 | കൊട്ടാരമറ്റം കംഫർട്ട് സ്റ്റേഷൻ | ഹുമയൂൺ കബീർ, കണിയാട്ട് | 381000 | 127000+ 12000 (EMD) | 254000 |
| 2 | ടൗൺ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | ബെന്നി ജോസഫ് | 85500 | 42750+ 10000 (EMD) | 42750 |
| 3 | സ്റ്റേഡിയത്തിലെ ഫുട്ബോൾ പരിശീലനം( 4 പി.എം.-6.30 പി.എം) | പാലാ സ്പോർട്സ് &വെൽഫെയർ അസോസിയേഷൻ | 103333 | 35000+ 20000 (EMD) | 68333 |

ലേലത്തുക അടവാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ക്രമ നം. 1 -കൊട്ടാരമറ്റം കംഫർട്ട് സ്റ്റേഷൻ ലേലം കൊണ്ട വ്യക്തിക്ക് കോവിഡ് സാഹചര്യങ്ങളെ തുടർന്ന് ആവശ്യമായ വരുമാനം ലഭിക്കാതെ വന്നതിനാൽ ക്വട്ടേഷൻ ക്യാൻസൽ ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് കത്ത് നൽകുകയും കൗൺസിൽ ഇക്കാര്യം പരിഗണിച്ച് ഫീസിളവിന് സർക്കാരിലേക്ക് അനുമതിക്കായി കത്ത് നൽകുന്നതിന് 9.10.20 ലെ 2-ാം നമ്പർ തീരുമാനമെടുക്കുകയും അനുബന്ധ രേഖകൾ സഹിതം കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ സർക്കാരിൽ

നിന്നും ഇതു വരെ തീരുമാനങ്ങളൊന്നും ലഭിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി.

ക്രമ നം.2 -ടൗൺ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പുകാരൻ ലോക്ക് ഡൗൺ സാഹചര്യങ്ങളിൽ ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിലെ തുക ഇളവ് ചെയ്ത് നൽകണമെന്ന് ആവശ്യപ്പെടുകയും കൗൺസിൽ ഇതു പരിഗണിച്ച് സർക്കാരിലേക്ക് അനുമതിക്കായി കത്ത് നൽകാൻ 9.10.20 ലെ 3-ാം നമ്പരായി തീരുമാനമെടുത്ത് അനുബന്ധ രേഖകൾ സഹിതം കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ സർക്കാരിൽ നിന്നും ഇതു വരെ തീരുമാനങ്ങളൊന്നും ലഭിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി. ലേല കുടിശിക തുക അടവാക്കാൻ കുത്തകക്കാരന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ക്രമ നം.3-സ്റ്റേഡിയത്തിലെ ഫുട്ബോൾ പരിശീലനം (4 പി.എം.-6.30 പി.എം)-അടവാക്കാനുള്ള തുക അടവാക്കുന്നതിനും എഗ്രിമെന്റ് ഹാജരാക്കുന്നതിനുമായി 1.1.2022 ആർ-2-11231/17 നമ്പരായി കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

സർക്കാർ കുത്തകക്കാർക്ക് തുകയിളവ് നൽകുന്നുണ്ടെങ്കിൽ കൗൺസിൽ തീരുമാനമെടുക്കേണ്ടതും അല്ലാത്ത സാഹചര്യത്തിൽ അടവാക്കാനുള്ള ലേലത്തുകകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-29 ഉപയോഗശൂന്യമായ വാഹനങ്ങളുടെ ലേലം - തുടർനടപടികൾ സ്വീകരിക്കണം

നഗരസഭാ കൗൺസിലിന്റെ 01.06.19 ലെ 29-ാം നമ്പർ തീരുമാനപ്രകാരം റോഡ് റോളർ ഉൾപ്പെടെ ഉപയോഗമില്ലാതെ കിടക്കുന്ന വാഹനങ്ങൾക്കെല്ലാം വാല്യുവേഷൻ എടുത്ത ശേഷം ലേലം ചെയ്യുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന വാഹനങ്ങൾ നഗരസഭയിൽ ഉപയോഗശൂന്യമായി അവശേഷിക്കുന്നതായി കാണുന്നു.

| വാഹനം | രജിസ്ട്രേഷൻ നം | ചുമതലപ്പെട്ട സെക്ഷൻ |
|---|---|---|
| ട്രാക്ടർ | KL35G5336 | ആരോഗ്യ വിഭാഗം |
| ആപ്പേ ഓട്ടോ | KL35C623 | ” |
| ആപ്പേ ഓട്ടോ | KL35C618 | ” |
| ആപ്പേ ഓട്ടോ | KL35C626 | ” |
| ആപ്പേ ഓട്ടോ | KL35C612 | ” |
| ആപ്പേ ഓട്ടോ | KL35C629 | ” |
| ആപ്പേ ഓട്ടോ | KL35C637 | ” |
| റോഡ് റോളർ | രജിസ്ട്രേഷൻ നടത്തിയില്ല | പൊതുമരാമത്ത് വിഭാഗം |

മേൽ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/18-01-22) മറുപടി ലഭ്യമായില്ല . വാഹനങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 ആഞ്ഞിലിമരം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം

പാല നഗരസഭയുടെ 23-ാം വാർഡിൽ അരുണാപുരം ഗവൺമെന്റ് എൽ.പി സ്കൂൾ കോമ്പൗണ്ടിൽ നിന്നിരുന്ന ചുവട് ഉണങ്ങിയ ആഞ്ഞിലിമരം വെട്ടി മാറ്റുന്നതിന് വൗച്ചർ നമ്പർ 28/4/20 തീയതി 28.4.2020 പ്രകാരം തനത് ഫണ്ടിൽ നിന്നും 15000 രൂപ എച്ച്.എം ന് നൽകിയിട്ടുണ്ട്. കോട്ടയം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്ററുടെ 5.7.2019 ലെ എസ്.എഫ്.2/1892/2018 നമ്പർ കത്ത് പ്രകാരം, മുറിച്ച് കഷണങ്ങളായി സൂക്ഷിച്ചിരുന്ന ആഞ്ഞിലിമരത്തിന്റെ മൂല്യനിർണ്ണയം നടത്തി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം 3.237m3 തടിക്ക് ക്യുബിക് മീറ്ററിന് 26830 രൂപ നിരക്കിൽ 86849 രൂപയും 3.469m3 വിറകിന് ക്യുബിക് മീറ്ററിന് 885 രൂപ നിരക്കിൽ 3070 രൂപയും ഉൾപ്പടെ ആകെ 89919 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. തടിയും വിറകും 9.7.2020 ലേലം നടത്തിയതിൽ, വനം വകുപ്പ് നിശ്ചയിച്ച് നൽകിയ വിലയിൽ ലേലത്തിൽ പങ്കെടുക്കാൻ ആരും തയ്യാറായില്ല. തുടർന്ന് 22.9.2020 ൽ പുനർ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. മരത്തിന്റെ വില പുനർ നിർണ്ണയം നടത്തി ലഭിക്കുന്നതിന് 11.9.2020, 5.11.2020, 14.1.2021 തീയതികളിൽ വനം വകുപ്പിന് കത്ത് നൽകിയെങ്കിലും മൂല്യനിർണ്ണയം നടത്തി ലഭിച്ചതായി കാണുന്നില്ല. ആഞ്ഞിലിമരം ലേലം ചെയ്യുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആഞ്ഞിലിമരം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 അനധികൃതമായി നിർമ്മിച്ചകെട്ടിടം നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല

പാലാ നഗരസഭ വാർഡ് 16 ൽ റവ.ഡോ സെബാസ്റ്റ്യൻ തെക്കത്തേച്ചെരിൽ എന്നയാൾ 209.09 ച മീ തറ വിസ്തീർണ്ണമുള്ള കെട്ടിടം താമസ ആവശ്യത്തിനായി ക്രമവത്കരിച്ച് നല്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു (പി ഡബ്ല്യൂ 24883/20 തീ 19/3/2020). ആധാരപ്രകാരം പട്ടിക വസ്തുവും കെട്ടിടവും ദൈവികകാര്യത്തിനും വിശ്വാസ പരിശീലനത്തിനും അല്ലാതെ ഉപയോഗിക്കുവാൻ തടസ്സമുള്ളതിനാൽ ക്രമവത്കരിച്ച് നല്കുവാൻ കഴിയുകയില്ല എന്ന് നഗരസഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടം അനധികൃത നിർമ്മാണമായി കണ്ട് U A നമ്പർ നല്കി 3 ഇരട്ടി നികുതി ഈടാക്കുകയോ, അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായോ കാണുന്നില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/2020-21 തീയതി 19.01.2022) നല്കിയ മറുപടിയിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. പ്രസ്തുത കെട്ടിടം ക്രമപ്പെടുത്തുന്നതു വരെയോ, അല്ലെങ്കിൽ പൊളിച്ചു നീക്കുന്നതു വരെയോ നിയമാനുസൃതം ഈടാക്കാവുന്ന 3 ഇരട്ടി വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 വൻസാമ്പത്തിക പ്രതിസന്ധിയിൽ പാലാനഗരസഭ

പാലാ നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നത്. കോവിഡ് അനന്തരസാഹചര്യവും ദീർഘവീക്ഷണമില്ലാതെ വിവിധ കെട്ടിടനിർമ്മാണ പ്രൊജക്ടുകൾക്കായി എടുത്ത ലോൺ തിരിച്ചടവും നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കി. ലോക്ക്ഡൗൺ ഏർപ്പെടുത്തിയത് നഗരസഭയുടെ വാടക, ലേലം മുതലായ തനത് വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നഗരസഭയിൽ റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയ്ക്കും മറ്റ് ദൈനംദിനചെലവുകൾക്ക് പോലും പണം കണ്ടെത്തേണ്ട അവസ്ഥയിലാണ് നഗരസഭ. നഗരസഭയുടെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിച്ചുവെന്നുകാണുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1.നികുതിപിരിവിൽ അലംഭാവം

2020-21 ലെ വാർഷികകണക്കുപ്രകാരം വസ്തുനികുതിയിനത്തിൽ 74,57,414/-രൂപയും തൊഴിൽ നികുതിയിനത്തിൽ 26,70,925/-രൂപയും നഗരസഭയ്ക്ക് കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടാനവശേഷിക്കുന്നു. വസ്തുനികുതി കുടിശിക ഈടാക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്നും ഊർജ്ജിത ശ്രമങ്ങളുണ്ടായിട്ടില്ല. 10% സേവനഉപനികുതി പിരിക്കാൻ നഗരസഭ തീരുമാനമെടുത്തിരുന്നുവെങ്കിലും കോവിഡ് അനന്തരസാഹചര്യത്തെത്തുടർന്ന് താത്ക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. തനത് ഫണ്ട് വരുമാനം തുലോം കുറവായ നഗരസഭയ്ക്ക് ആശ്വാസമാകുന്ന രീതിയിൽ വസ്തുനികുതി, സേവനഉപനികുതി എന്നിവയുടെ പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ അടിയന്തിരശ്രമങ്ങളുണ്ടാവേണ്ടതുണ്ട്.

തൊഴിൽ നികുതി പിരിവിലും വളരെ ഗുരുതരമായ അനാസ്ഥ നഗരസഭയിൽ 2019-20, 2020-21 കാലയളവിൽ ഉണ്ടായിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽനികുതി അടയ്ക്കുന്നുണ്ട് എന്ന് ഉറപ്പാക്കാൻ നഗരസഭയിൽ യാതൊരു സംവിധാനങ്ങളുമില്ല. തൊഴിൽ നികുതി പിരിവ് രേഖപ്പെടുത്തുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയ 2019-20ലെ രജിസ്റ്റർ അപൂർണ്ണവും 2020-21ൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. തൻമൂലം കുടിശികയുടെ കൃത്യതയോ ഏതൊക്കെ സ്ഥാപനങ്ങളാണ് നികുതി അടയ്ക്കാത്തത് എന്ന് ഉറപ്പാക്കാനോ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. തൻമൂലം വലിയഅളവിൽ നികുതി ചോർച്ച ഉണ്ടാകുന്നതിന് ഇത് ഇടയാക്കുന്നുണ്ട്.

2.വാടക- കടമുറികൾ ലേലത്തിൽ പോകാതെ ഒഴിഞ്ഞുകിടക്കുന്നു .

നഗരസഭയിലെ വിവിധഷോപ്പിങ്ങ് കോംപ്ലക്സുകളിലെ മുറികൾ ഒഴിഞ്ഞുകിടക്കുന്നതും നഗരസഭയിലെ തനത് വരുമാനത്തെ സാരമായി ബാധിക്കുന്നു. 31-3-21 ൽ 63 മുറികൾ ഒഴിഞ്ഞുകിടക്കുന്നു. ഡെപ്പോസിറ്റ് നിബന്ധനകളിലെ സുതാര്യതക്കുറവ് മൂലം മുറികളുടെ ലേലവും പുനർലേലവും നടത്തുന്നുണ്ടെങ്കിലും ലേലം ഉറപ്പിക്കാതെ വരുന്ന സാഹചര്യമാണുള്ളത്. കൂടാതെ കാലാവധി അവസാനിച്ച കുത്തകക്കാരെ വാടകവർദ്ധനവ് വരുത്താതെ തുടരാനനുവദിക്കുന്നതും വരുമാനക്കുറവ് വരുത്തുന്ന സാഹചര്യമുണ്ട്. 48,58,227/-രൂപ വാടകയിനത്തിൽ കുടിശിക പിരിഞ്ഞുകിട്ടാനവശേഷിക്കുന്നു.

3. മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സ് - ദിശാബോധമില്ലാത്ത നിർമ്മാണം

അഡ്വക്കേറ്റ് ഓഫീസുകൾ കേന്ദ്രീകൃതസംവിധാനത്തിൽ ഒറ്റകെട്ടിടത്തിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തി തയ്യാറാക്കിയ പ്രസ്തുത കെട്ടിടത്തിന് 3.28കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും KURDFCയിൽ നിന്നും വായ്പയിനത്തിൽ തുക ലഭിക്കുകയും ചെയ്തിരുന്നുവെങ്കിലും 80ലക്ഷം രൂപ മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത്.

ബാക്കി തുക ബാദ്ധ്യതയായി അവശേഷിക്കുന്നു. കെട്ടിടപൂർത്തീകരണത്തിന് ഇനിയും പണികൾ അവശേഷിക്കുന്നു. കെട്ടിടം പണിപൂർത്തിയാക്കി ലേലനടപടികൾ സ്വീകരിച്ച് വരുമാനദായകമാക്കിയില്ല.

4. വാഹനങ്ങളുടെ ദുരുപയോഗം

മുൻവർഷങ്ങളിലായി നഗരസഭ വാങ്ങിയ 6 ആപെ ഓട്ടോറിക്ഷകൾ പ്രവർത്തിക്കാതെ ടാക്സ്, ഇൻഷുറൻസ് എന്നിവ ഒടുക്കി വരുന്നു. ടി വാഹനങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടാൻ കൗൺസിൽ തീരുമാനമെടുത്തിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. മാലിന്യനീക്കത്തിനായി ടിപ്പർ ലോറിയും മറ്റ് വാഹനങ്ങളും ഉണ്ടായിരിക്കെ പ്രസ്തുത വാഹനങ്ങൾ വാങ്ങി നിരത്തിലിറക്കാതെ ഉപയോഗശൂന്യമാക്കി മാറ്റിയത് നഗരസഭാ ഫണ്ടിന്റെ ദുരുപയോഗമായി വിലയിരുത്തുന്നു.

5. കേന്ദ്രപെൻഷൻഫണ്ട് വിഹിതം ലഭിക്കാൻ അവശേഷിക്കുന്നത് 8.53 കോടി രൂപ

റഗുലർ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേക്കായി 31-3-21 വരെ ലഭിക്കേണ്ട കേന്ദ്രപെൻഷൻഫണ്ട് 8,53,12,551/- രൂപയാണ്. നഗരസഭയുടെ വൻസാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമാകേണ്ട ഈ തുക ലഭ്യമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

6. വിവിധ ഭൂമി ആർജ്ജിക്കൽ നടപടികളും അതിനെതുടർന്നുള്ള കോടതി വ്യവഹാരങ്ങളും

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥലമെടുപ്പ്, എസ് സി കമ്യൂണിറ്റിഹാൾ സ്ഥലമെടുപ്പ്, മൂന്നാനി ബസ് സ്റ്റാന്റ് സ്ഥലമെടുപ്പ് തുടങ്ങി നിരവധി ലാന്റ് അക്വിസിഷൻ നടപടികളും അതിനെ തുടർന്ന് കോടതി വ്യവഹാരങ്ങളിലൂടെ സ്ഥലഉടമകൾക്ക് വൻതുകകൾ വർഷങ്ങൾക്ക് ശേഷം പലിശസഹിതം നൽകേണ്ടി വരുന്നതും നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്.

നഗരസഭയ്ക്ക് പിരിഞ്ഞ് കിട്ടാനുള്ള തുകകൾ സമയബന്ധിതമായി ഈടാക്കുന്നതോടൊപ്പം അനാവശ്യചെലവുകൾ ചുരുക്കി സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതുണ്ട്. കോവിഡ് അനന്തരസാഹചര്യത്തെത്തുടർന്ന് വാടകലൈസൻസികൾ മുറികൾ ഒഴിഞ്ഞതിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഭീമമായ തുകകൾ തിരികെ നൽകേണ്ടി വന്നതും നഗരസഭയുടെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുവാൻ നടപടിസ്വീകരിക്കേണ്ടതും നഗരസഭയെ സാമ്പത്തികപ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ നടപടിസ്വീകരിക്കേണ്ടതുമാണ്.

1-33 മൂന്നാനി ലോയേഴ്സ് ചേംബർ കെട്ടിട നിർമ്മാണം - വൻതുക വായ്പാ ബാദ്ധ്യത –കെട്ടിടം നഗരസഭയ്ക്ക് വരുമാന സ്രോതസ്സായിട്ടില്ല

ഫയൽ നം - Pw1/8140/13

അഡ്വക്കേറ്റുമാർക്ക് മുറികൾ വാടകയ്ക്ക് നൽകുക എന്ന ലക്ഷ്യത്തോടെ പാലാ കോടതി സമുച്ചയത്തിന് സമീപം ആരംഭിച്ച പ്രോജക്ട് പ്രകാരം കെട്ടിട നിർമ്മാണത്തിനായി ശ്രീ വിനോയി ആന്റണിയുമായി 12/02/16 ൽ കരാറിൽ ഏർപ്പെട്ടെങ്കിലും വിവിധ സാങ്കേതിക തടസ്സങ്ങളാൽ നിർമ്മാണം നീണ്ടു പോയി. വിവിധ ഘട്ടങ്ങളിലായി കരാറുകാരൻ സമർപ്പിച്ച കാലാവധി ദീർഘിപ്പിക്കൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ 19/07/19 ൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കാണുന്നു. 17/10/13 ലെ നഗരസഭാ കൗൺസിലിന്റെ 4-ാം നമ്പർ തീരുമാനപ്രകാരം പൊതു സ്വകാര്യ പങ്കാളിത്തം വഴി (PPP) പ്രവൃത്തി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും ആയത് നടപ്പിൽ വരുത്താൻ കഴിയാത്തതിനാൽ കെയുആർഡിഎഫ് സി യിൽ നിന്ന് വായ്പ എടുക്കുന്നതിന് 03/09/16 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു. 24/04/18 ൽ കെട്ടിടനിർമ്മാണത്തിനായി 3,28,50,000 രൂപയുടെ വായ്പ കെയുആർഡിഎഫ് സി യിൽ നിന്ന് അനുവദിച്ചു. വായ്പ അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയാൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക ഈടാക്കുമെന്ന കെയുആർഡിഎഫ് സിയുടെ വ്യവസ്ഥ 09/03/18 ലെ 5-ാം നമ്പർ കൗൺസിലിൽ അംഗീകരിക്കുകയും 09/18 ൽ നഗരസഭ കെയുആർഡിഎഫ് സി യുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 3,65,00,000 രൂപയുടെ സാങ്കേതിക അനുമതി പ്രോജക്ടിന് ലഭിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള കെട്ടിടനിർമ്മാണം പൂർത്തിയാക്കി മൂന്ന് പാർട്ട് ബില്ലുകളിലായി 3,07,34,379 രൂപയുടെ ബില്ല് കരാറുകാരൻ നഗരസഭയിൽ സമർപ്പിച്ചു. 09.04.19 ന് 1,85,99,732 രൂപയുടെ ഫസ്റ്റ് പാർട്ട് ബിൽ കെയുആർഡിഎഫ് സി യിൽ സമർപ്പിച്ചിരുന്നെങ്കിലും , നഗരസഭ മുൻ വായ്പകളിൽ കുടിശ്ശിക വരുത്തിയതിനാൽ അനുവദിച്ച ലോൺ തുകയിൽ നിന്നും 1,01,48,159 രൂപ കെയുആർഡിഎഫ്സി കുടിശ്ശിക തുകയായി തിരികെ ഈടാക്കി. അവശേഷിക്കുന്ന 84,51,573/- രൂപ മാത്രമാണ് കരാറുകാരന് അനുവദിച്ചത്. പിന്നീട് കെയുആർഡിഎഫ്സി അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 65,85,000 രൂപയിൽ 247596 രൂപ നികുതി കിഴിവുകൾ നടത്തി 6337404 രൂപയും (ചെക്ക് നം. 415513/02.07.19 ) , ചെക്ക് നം . 396883/16.08.19 പ്രകാരം തനത് ഫണ്ടിൽ നിന്ന് 15,00,000 രൂപയും , കെയുആർഡിഎഫ്സി ലോൺ വിഹിതമിനത്തിൽ ചെക്ക് നം. 415515/04.10.19 പ്രകാരം 6356289 രൂപയും, ചെക്ക് നം. 46523661/20.03.20 പ്രകാരം തനത് ഫണ്ടിൽ നിന്നും 15,00,000 രൂപയും ഉൾപ്പെടെ ആകെ 1,56,93,693 രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്ന് ഫയൽ പരിശോധനയിൽ കാണുന്നു. ആയതിൽ KURDFC

ലോൺ തുകയിൽ നിന്നും അനുവദിച്ച 1,26,93,693 രൂപയും തനത് ഫണ്ടിൽ നിന്നും അനുവദിച്ച 30,00,000/- രൂപയും ഉൾപ്പെടുന്നു . ഫണ്ടിന്റെ അപര്യാപ്തത മൂലം കരാറുകാരന് നൽകാൻ അവശേഷിക്കുന്ന 1,50,40,686 രൂപ നാളിത് വരെ നൽകാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തിയ്ക്ക് വേണ്ടി 2019-20 ൽ നഗരസഭ പ്രോജക്ട് രൂപീകരിച്ചിരുന്നില്ല. പ്രവൃത്തി സമയത്ത് ഫൗണ്ടേഷൻ ഡിസൈൻ മാറ്റേണ്ടി വന്നതുമൂലം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നു. ആയതിന്റെ ഭാഗമായി ഡ്രോയിംഗ്സ് വെറ്റ് ചെയ്യുന്നതിന് എം എ കോളേജ് കോതമംഗലത്തിന് നൽകേണ്ടിയിരുന്ന 45000 രൂപയും നഗരസഭാ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം കരാറുകാരൻ തന്നെയാണ് നൽകിയിരിക്കുന്നത്.

പ്ലംബിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ, അവശേഷിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണം എന്നിവയ്ക്കായി 30 ലക്ഷം രൂപയുടെ പ്രോജക്ടിന് 24/09/21 ന് സാങ്കേതിക അനുമതി ലഭിച്ചുവെങ്കിലും പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലെ നിർമ്മാണ വിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/10-01-22), പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾക്കു കൂടി പ്രോജക്ട് രൂപീകരിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. വാർഷിക കണക്ക് പ്രകാരം 38412652 രൂപയാണ് 31/03/21 ൽ കെയുആർഡിഎഫ് സി ലോൺ തിരിച്ചടവ് അവശേഷിക്കുന്നത്. കെയുആർഡിഎഫ്സി ലോൺ തിരിച്ചടവിന് തനത് ഫണ്ട് അപര്യാപ്തമായതിനാൽ ജി.ഒ. പ്രോജക്ടായി ഫണ്ടിൽ നിന്നും കുറവ് ചെയ്യണമെന്ന് 27/8/21 ലെ കത്ത് പ്രകാരം നഗരസഭ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ പുരോഗതി നിരീക്ഷിക്കേണ്ടതാണ്. ലോൺ തിരിച്ചടവുകൾ നഗരസഭയുടെ തനത്ഫണ്ട് ശുഷ്കമാക്കുന്നതിൽ പ്രധാന ഘടകമായതിനാൽ ലോണുപയോഗിച്ച് സൃഷ്ടിച്ച ആസ്തി നഗരസഭയുടെ വരുമാന സ്രോതസ്സാക്കി മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-34 കോടികൾ വെള്ളക്കര കുടിശ്ശിക – കുടിശ്ശിക ക്രമീകരിക്കാൻ നടപടി സ്വീകരിക്കണം

ഫയൽ നം - PW3-8896/16

മുനിസിപ്പൽ ഓഫീസ്, കാന്റീൻ, ലൈബ്രറി, ടൗൺ ബസ് സ്റ്റാന്റ്, വിവിധ ശൗചാലയങ്ങൾ, മുനിസിപ്പൽ ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലെ വെള്ളക്കരം വർഷങ്ങളായി വാട്ടർ അതോറിറ്റി ഡിമാൻഡ് ചെയ്തിരുന്നില്ല. 2006 മുതലുള്ള കുടിശ്ശിക വാട്ടർ അതോറിറ്റി 2016 ൽ ഡിമാൻഡ് ചെയ്തത് 55,49,299 രൂപ ആയിരുന്നു. നഗരസഭ കുടിശ്ശിക അടവാക്കാത്തതിനാൽ 05/01/18 ൽ വാട്ടർ അതോറിറ്റി 4,20,07,261 രൂപയുടെ കുടിശ്ശിക ഡിമാൻഡ് ചെയ്യുകയും, 31.01.18 ൽ വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള അദാലത്തിൽ പലിശ കുറവ് ചെയ്തും , കൂട്ടു പലിശ ഒഴിവാക്കിയും , മീറ്റർ ഇല്ലാത്ത കണക്ഷനുകളുടെ തുക ഒഴിവാക്കിയും 31.03.18 ന് മുൻപ് അടച്ചാൽ 1,03,93,642 രൂപ അടവാക്കിയാൽ മതിയെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച നിയമോപദേശപ്രകാരം മുനിസിപ്പൽ ഓഫീസ്, ടൗൺ ഹാൾ, എസി ഹാൾ എന്നിവയുടെ അവസാന മൂന്ന് വർഷത്തെ കുടിശ്ശിക അടവാക്കുക മാത്രമാണ് നഗരസഭ ചെയ്തത്. തുടർന്ന് 28/02/18 ൽ വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയിൽ മുനിസിപ്പൽ ഓഫീസ് ബിൽഡിംഗ്, ടൗൺ ഹാൾ, കംഫർട്ട് സ്റ്റേഷൻ, A/C ഹാൾ എന്നിവിടങ്ങളിൽ നിന്ന് അനധികൃത കണക്ഷനുകൾ എടുത്തിട്ടുള്ളതായും, ക്വാർട്ടേഴ്സിന്റെ വാട്ടർചാർജ് കുടിശ്ശികയായി തുടരുന്നതായും, വാട്ടർ മീറ്റർ സ്ഥാപിക്കാത്ത നിരവധി കണക്ഷനുകൾ ഉള്ളതായും കണ്ടു. തുടർന്നുള്ള ഓരോ രണ്ട് മാസങ്ങളിലും വാട്ടർ അതോറിറ്റി കുടിശ്ശിക ഉൾപ്പെടെ തുക ഡിമാൻഡ് ചെയ്യുന്നുണ്ടെങ്കിലും മുനിസിപ്പൽ ഓഫീസ്, ടൗൺ ഹാൾ, എസി ഹാൾ എന്നിവയുടെ നിലവിലെ വാട്ടർചാർജ് മാത്രമാണ് നഗരസഭ അടവാക്കി വരുന്നത്. 9/21 ലെ ഡിമാൻഡ് നോട്ടീസ് പ്രകാരം 6,06,53,779 രൂപ വാട്ടർചാർജ് കുടിശ്ശികയിനത്തിൽ വാട്ടർ അതോറിറ്റി ഡിമാൻഡ് ചെയ്തിട്ടുണ്ട്. അനധികൃതമായ വാട്ടർ കണക്ഷനുകൾ വിഛേദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള എല്ലാ കണക്ഷനുകളും മീറ്റേർഡ് ആക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മുനിസിപ്പൽ ക്വാർട്ടേഴ്സിന്റെ വെള്ളക്കരം താമസക്കാരോട് നിലവിലും ഈടാക്കുന്നില്ല. ആയത് ഈടാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ദ്വൈമാസ ഡിമാൻഡ് നോട്ടീസിൽ വാട്ടർ അതോറിറ്റി രേഖപ്പെടുത്തി വരുന്ന കണക്ഷനുകളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു. കണക്ഷനുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി കൃത്യമായി കണക്കാക്കേണ്ടതാണ്. വിശദാംശങ്ങൾ രേഖപ്പെടുത്തിയ വാട്ടർ ചാർജ് രജിസ്റ്റർ ഫയലിനൊപ്പം സൂക്ഷിക്കേണ്ടതാണ്. വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/20-21 തീയതി 14.01.2022) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ക്രമീകരിക്കുവാനും, അനധികൃതമായ വാട്ടർ കണക്ഷനുകൾ വിഛേദിക്കുന്നതുൾപ്പെടെയുള്ള തുടർനടപടി സ്വീകരിക്കുവാനും നഗരസഭ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, സ്വീകരിച്ച പരിഹാര നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-35 ക്യാൻ കോട്ടയം- ഫിറ്റ് കോട്ടയം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഫയൽ നം H4-4526/21

ക്യാൻ കോട്ടയം - ഫിറ്റ് കോട്ടയം പദ്ധതിയിലൂടെ പാലാ ജനറൽ ആശുപത്രിയിൽ കൊബാൾട്ട് റേഡിയേഷൻ മെഷീൻ

വാങ്ങുന്നതിനായി കോട്ടയം ജില്ലാപഞ്ചായത്തിന് ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റ് 177/21 പ്രകാരം നഗരസഭാ വിഹിതമായി 2,50,000/- (ബിൽ നം. 41/30-3-21) വികസനഫണ്ടിൽ നിന്നും നൽകിയിരുന്നു. ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 22 തീയതി 17.01.2022)മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ മേൽ പ്രോജക്റ്റിനായുള്ള 2,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 ശമ്പളവും പെൻഷനും കൊടുക്കുന്നതിന് ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ചു - തുടർ നടപടികളുടെ വിവരം ലഭ്യമല്ല

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നഗരസഭയുടെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതിനാൽ നിലവിൽ പാല നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ശമ്പളവും പെൻഷനും കൊടുക്കുന്നതിനും ബുദ്ധിമുട്ടുകയാണെന്നും, നഗരസഭയ്ക്ക് മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ള ശുചിത്വമിഷൻ ഫണ്ടിൽ നിന്നും നാളിതുവരെ ചെലവഴിക്കാതെ ശേഷിക്കുന്ന 12200000 രൂപയും പലിശ ഇനത്തിൽ ആർജിച്ചിട്ടുള്ള 7500000 രൂപയും ഉൾപ്പടെയുള്ള 19700000 രൂപയിൽ നിന്നും നഗരസഭാ ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ അനിവാര്യ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് 10.06.2020 ലെ എ1- 4782/14 നമ്പർ കത്ത് പ്രകാരം നഗരസഭാ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിനോട് അപേക്ഷിച്ചിരുന്നു. ശുചിത്വമിഷൻ ഫണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്ന് നഗരസഭാ ജീവനക്കാരുടെ 2020 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളം, പെൻഷൻ എന്നിവ അനുവദിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 12.06.2020 ലെ സ.ഉ (സാധാ) നം. 1112/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകി. ചെലവഴിക്കുന്ന തുക 6 മാസത്തിനകം അതത് അക്കൗണ്ടുകളിൽ തിരികെ നിക്ഷേപിക്കേണ്ടതാണ് എന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ശുചിത്വമിഷൻ ഫണ്ടിന്റെ വിനിമയം നടത്തുന്ന എസ്.ബി.ഐ പാല ടൗൺ ബ്രാഞ്ചിലെ 32842590800 നമ്പർ അക്കൗണ്ടിൽ 15.06.2020 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 19785400 രൂപ 15.06.2020 ൽ നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന 57028192109 നമ്പർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ടി തുക ശമ്പളം, പെൻഷൻ എന്നിവ കൊടുക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ടോ എന്നും, ചെലവഴിക്കുന്ന തുക 6 മാസത്തിനകം അതത് അക്കൗണ്ടുകളിൽ തിരികെ നിക്ഷേപിക്കേണ്ടതാണെന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-37 വൗച്ചറുകളുടെ സൂക്ഷിപ്പിലെ അപാകതകൾ.

നഗരസഭയിലെ 2020-21 വർഷത്തെ തനതുഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പേയ്മെന്റ് വൗച്ചർ സഹിതം ക്രമമായി സൂക്ഷിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 9(1) പ്രകാരം നഗരസഭയിലെ എല്ലാ ഇടപാടുകളും ഒരു വൗച്ചറിൽ രേഖപ്പെടുത്തണമെന്നും, ചട്ടം 9(2) പ്രകാരം അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ വൗച്ചറുകൾ തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കിയ വൗച്ചറുകൾ ഇടപാടുകളെ അധികൃതമാക്കുന്ന അനുബന്ധ രേഖകളുടെ ആമുഖപത്രം ആകണമെന്നും ചട്ടം 9(4) പ്രകാരം വൗച്ചറുകൾക്ക് ക്രമ നമ്പർ നൽകുന്നതിനെപ്പറ്റിയും വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചറുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം മുനിസിപ്പൽ ഫണ്ടിൽ നിന്നും നടത്തിയ വിവിധ ചെലവുകളുടെ വൗച്ചർ ഫയൽ പരിശോധിച്ചതിൽ പല ചെലവുകൾക്കും വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ലായെന്നും വൗച്ചറുകൾ ഉള്ളവയ്ക്ക് അനുബന്ധ രേഖകൾ, വിനിയോഗവിശദാംശങ്ങൾ മുതലായ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും വ്യക്തമാകുന്നു. ഇപ്രകാരമുള്ള ചെലവുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വൗച്ചറുകൾ ഇല്ലാത്തതും അനുബന്ധ രേഖകൾ ഇല്ലാത്തതുമായ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | മാസം | വൗച്ചർ നം | ഉദ്ദേശ്യം | തുക | ചെക്ക് നം |
|---|---|---|---|---|---|
| 1 | 06/20 | 73/20 | നഗരസഭ ഇലക്ഷൻ ചെലവ് | 25000 | 8558504/26.06.20 |
| 2 | 07/20 | 54/20 | സി എഫ് എൽ റ്റി സി യിലേക്ക് അനുബന്ധ ഉപകരണങ്ങൾ ,വാങ്ങിയത് | 100000 | Online Payment |
| 3 | | | | 100000 | |
| 4 | | | | 27800 | |
| 5 | 08/20 | 82/20 | ഷോപ്പിംഗ് കോംപ്ലക്സ് സെക്യൂരിറ്റി ഫണ്ട് റീഫണ്ട് | 500,000 | 442466/20.08.20 |

| | | | | | |
|---|---|---|---|---|---|
| 6 | | 84/20 | ഷോപ്പിംഗ് കോംപ്ലക്സ് സെക്യൂരിറ്റി ഫണ്ട് റീഫണ്ട് | 500,000 | 442468/20.08.20 |
| 7 | | 35/20 | ഷോപ്പിംഗ് കോംപ്ലക്സ് സെക്യൂരിറ്റി ഫണ്ട് റീഫണ്ട് | 500,000 | 442449/07.08.20 |
| 8 | 10/20 | 70/20 | ദുരിതാശ്വസനിധിയിൽനിന്നും ലഭിച്ച തുക റീക്കുപ്പ് ചെയ്ത് സി എഫ് എൽ റ്റി സി മാനേജ്മെന്റ് കമ്മറ്റിക്ക് അനുവദിക്കുന്ന തുക | 219383 | 0668861/27.10.20 |
| 10 | | 71/20 | | 741750 | 0668861/27.10.20 |
| 11 | | 75/20 | സി എഫ് എൽ റ്റി സി മാനേജ്മെന്റ് കമ്മറ്റിക്ക് തുക നൽകിയത് | 100000 | Online Payment |
| 12 | 11/20 | 25/20 | ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് ലഭിച്ച തുകയിൽ നിന്നും ജനറൽ ഹോസ്പിറ്റൽ സി എഫ് എൽ റ്റിസിക്ക് നൽകുന്നതിന് | 100000 | 0668862/06.11.20 |
| 13 | | | | | |
| 14 | | 26/20 | തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതുക ക്രമീകരിക്കുന്നത് | 5,00,000 | 0668862/06.11.20 |
| | | 51/20 | സെക്യൂരിറ്റി ഡെപ്പോസിറ്റ് റീഫണ്ട് | 200000 | 069590/17.11.20 |
| 15 | 12/20 | 05/20 | സി എഫ് എൽ റ്റി സി അവഡ്വാൻസ് | 3,00,000 | 0668864/01.12.20 |
| 17 | | 13/20 | ഇ പി എഫ് പേയ്മെന്റ് 7/20,08/20 | 32265 | 0422466/13.11.20 |
| 18 | | 14/20 | | 28834 | 5835676/2.12.20 |
| /19 | | 84/20 | ഇലക്ഷൻ പേയ്മെന്റ് | 154000 | 069627/31.12.20 |
| 20 | 01/21 | 72/21 | സി എഫ് എൽ റ്റി സി അഡ്വാൻസ് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്. | 10,00,000 | 0668869/19.01.21 |
| 21 | | 89/21 | സെക്യൂരിറ്റി ഡെപ്പോസിറ്റ് റീഫണ്ട് | 300,000 | 100015/28.01.21 |
| 22 | 02/21 | 22/21 | സി എഫ് എൽ റ്റി സി അഡ്വാൻസ് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്. | 11349 | 668871/05.02.21 |
| 23 | | 96/21 | സി എഫ് എൽ റ്റി സി അഡ്വാൻസ് മരിയസദനം | 500000 | 8500987/20.02.21 |
| 24 | 03/21 | 30/21 | കോൺട്രിബ്യൂഷൻ പെൻഷൻ | 125808 | 2643324/5.03.21 |
| 25 | | 56/21 | ഡി എ അരിയർ | 131000 | 2643326/15.03.21 |
| ആകെ | | | | 61,97,189 | |

വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരമുള്ള 61,97,189/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വൗച്ചറുകൾ പേയ്മെന്റ് വൗച്ചർ, അനുബന്ധരേഖകൾ എന്നിവ സഹിതം ക്രമമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-38 പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ പ്രകാരം

പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ഓരോ നഗരസഭ ജീവനക്കാരുടെയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 8(1) അനുസരിച്ച് എല്ലാ മാസവും 15-ാം തീയതിയ്ക്കകം പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്.എന്നാൽ റഗുലർ ജീവനക്കാരുടെയും കണ്ടിജന്റ് ജീവനക്കാരുടെയും ശമ്പളബില്ലിൽ നിന്നും 15% പെൻഷൻ വിഹിതം കുറവ് ചെയ്യുന്നുണ്ടെങ്കിലും റെഗുലർ ജീവനക്കാരുടെ പ്രസ്തുത വിഹിതവും നഗരസഭാ വിഹിതവും കൂടി ചേർത്ത് 06/19 മുതൽ നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നില്ല. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതവും നഗരസഭാവിഹിതവും കൂടി ചേർത്ത് 04/19 മുതൽ ട്രഷറിയിലും അടവാക്കുന്നില്ല. 2019-20 , 2020-21 വർഷങ്ങളിലായി 9500000 രൂപയോളം പെൻഷൻ വിഹിതം അടവാക്കേണ്ടതുണ്ട്. എ2-1505/08 നമ്പർ ഫയൽ പരിശോധനയിൽ പെൻഷൻ അലോട്ട്മെന്റിനത്തിൽ മാർച്ച് 2021 വരെ നഗരസഭയ്ക്ക് 8,53,12,551 രൂപ ലഭിക്കാൻ അവശേഷിക്കുന്നുണ്ടെന്ന് കാണുന്നു. വിവിധ ജീവനക്കാരുടെ ശമ്പള, പെൻഷൻ വിതരണത്തിനു മാത്രമായി മാസം അൻപത് ലക്ഷം രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. തനത് ഫണ്ട് തീർത്തും പരിമിതമായ നഗരസഭയിൽ പെൻഷൻ അലോട്ട്മെന്റ് തുക ലഭിയ്ക്കാത്തതു മൂലം ശമ്പള, പെൻഷൻ വിതരണം തടസ്സപ്പെടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. അലോട്ട്മെന്റ് ലഭിക്കാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതുമാണ്.

1-39 ചെലവിന് രേഖകളില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

താഴെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾക്ക് അവയുടെ നേരെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം | വൗച്ചർ നം/ചെക്ക് നം/ തീയതി | ചെലവ് തുക | ചെലവ് ഇനം | അപാകത |
|---|---|---|---|---|
| 1 | 63/8/20/17.8.2020 ചെക്ക് നം. 2643307/17.8.2020 | 88566 | ജീവനക്കാരുടെ 7/20 ലെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം | ചെല്ലാൻ ഹാജരാക്കിയിട്ടില്ല |
| 2 | ചെക്ക് നം. 442457/ 17.8.2020 | 50000 | എൻ.എം.ആർ വർക്കർ ശ്രീ ടി.എം ശശീന്ദ്രന് DCRG 6-ാം ഗഡു നൽകിയത് | തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |
| 3 | 56/8/20 /14.8.2020 ചെക്ക് നം. 5423874/14.8.2020 | 90308 | വാടക തുകയുടെ GSTഈടാക്കിയത് ഒടുക്കിയത് | ചെല്ലാൻ ഹാജരാക്കിയിട്ടില്ല |
| 4 | 51/8/20/13.8.2020 ചെക്ക് നം. 442452/13.8.2020 | 290260 | തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് F9 മുറിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത് | തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |
| 5 | 53/8/20/13.8.20 | 75446 | നഗരസഭ വക കെട്ടിടങ്ങളുടെ 7/20ലെ വാടകയോടൊപ്പം ഈടാക്കിയ GST ഒടുക്കിയത് | ചെല്ലാൻ ഹാജരാക്കിയിട്ടില്ല |
| 6 | 50/8/20/13.8.2020 ചെക്ക് നം. 442451/13.8.2020 | 947674 | തെക്കേക്കര കോംപ്ലക്സ് G12 മുറിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ | തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| | | | നൽകിയത് | |
| 7 | 16/9/20/ 16.9.2020 ചെക്ക് നം. 47996/16.9.20 | 10000 | ടാങ്കർ ലോറിയിൽ വെള്ളം വിതരണം ചെയ്യുന്ന മോട്ടോറുകളുടെ സ്റ്റാർട്ടർ നന്നാക്കിയതിന്റെ ചെലവ് | തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |
| 8 | 36/10/20/ 12.10.2020 ചെക്ക് നം. 048054/ 12.10.20 | 130615 | എൻ.എം.ആർ വർക്കർ ശ്രീ ടി.എം ശശീന്ദ്രന് DCRG അവസാന ഗഡു നൽകിയത് | തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |
| 9 | 51/10/20/ 14.10.2020 | 135864 | നഗരസഭ വക കെട്ടിടങ്ങളുടെ 9/20ലെ വാടകയോടൊപ്പം ഈടാക്കിയ GST ഒടുക്കിയത് | ചെല്ലാൻ ഹാജരാക്കിയിട്ടില്ല |
| 10 | 15/11/20/3.11.2020 ചെക്ക് നം. 442474/ 3.11.2020 | 500000 | കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് G8 മുറിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത് | തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |
| 11 | 16/11/20/4.11.2020 ചെക്ക് നം. 442475/ 4.11.2020 | 152600 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് F15 മുറിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത് | തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |
| 12 | 42/11/20/ 17.11.20 ചെക്ക് നം. 069583/ 17.11.2020 | 16000 | ചിൽഡ്രൻസ് പാർക്കിന്റെ ഫെൻസിംഗ് അറ്റകുറ്റപ്പണി രമ്യ TGO യ്ക്ക് മുൻകൂർ നൽകിയത് | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 13 | 54/11/20/ 17.11.20 ചെക്ക് നം. 069592/ 17.11.2020 | 15000 | CFLTC യുടെ പ്രവർത്തനത്തിനായി നോഡൽ ഓഫീസർ EV അഗസ്റ്റിന് മുൻകൂർ നൽകിയത് | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 14 | 60/11/20/ 19.11.20 ചെക്ക് നം. 069594/ 19.11.2020 | 21000 | നഗരസഭ വക ശ്മശാനത്തിന്റെ 2 ചൂളകൾ മാറ്റി സ്ഥാപിക്കുന്നതിന് FGO ശ്രീമതി ശ്രീകലയുടെ പേരിൽ മുൻകൂർ നൽകിയത് | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| 15 | 62/11/20/ 19.11.20<br>ചെക്ക് നം. 5304036/ 19.11.2020 | 80724 | MM വിജയകുമാരിയമ്മയുടെ ഫാമിലി പെൻഷൻ കുടിശ്ശിക ഭർത്താവ് PR രവീന്ദ്രൻ നായർക്ക് അനുവദിച്ചത് | തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |
| 16 | 93/2/21/ 25.2.2021<br>ചെക്ക് നം. 8071394/ 25.2.2021 | 11000 | ജനറൽ ആശുപത്രി CFLTC യുടെ സമീപത്തേയ്ക്ക് വീണ് കിടന്ന ആഞ്ഞിലിമരം വെട്ടി മാറ്റുന്നതിന് JHI രഞ്ജിത്തിന്റെ പേരിൽ മുൻകൂർ നൽകിയത് | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 16 | 101/2/21/ 25.2.2021<br>ചെക്ക് നം. 069648/ 25.2.2021 | 168765 | മരണപ്പെട്ട സാനിട്ടേഷൻ വർക്കർ CK അനിൽകുമാറിന്റെ DCRG യിൽ നിന്ന് റിക്കവറി നടത്തിയ തുക മീനച്ചിൽ ഗവ. എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ അടയ്ക്കേണ്ടിയിരുന്നത് | തുക ബാങ്കിന് കൈമാറിയതിന്റെ വിവരം ലഭ്യമല്ല. |
| | ആകെ | 2783822 | | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 37-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 27,83,822/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പറയുന്ന അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-40 ശബരിമല സ്പെഷ്യൽ ഗ്രാന്റ് 2018-19- വിനിയോഗത്തിൽ അപാകത.

തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പിന്റെ 11.10.2018 ലെ സ.ഉ.(സാധാ) നം. 2615/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ ശബരിമല തീർഥാടനത്തിനോടനുബന്ധിച്ച മുന്നൊരുക്കങ്ങൾക്കായി പാലാ നഗരസഭയ്ക്ക് 1000000 രൂപ അനുവദിച്ചിരുന്നു. പാലാ മുരിക്കുംപുഴ ക്ഷേത്രത്തിൽ വിരിപ്പന്തൽ നിർമ്മിക്കുന്നതിന് 744794 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 472922 രൂപയുടെ മെറ്റീരിയൽ റിക്വയർമെന്റും, വെള്ളാപ്പാട് ക്ഷേത്രത്തിൽ വാട്ടർ ടാങ്കും സ്റ്റാന്റും സ്ഥാപിക്കുന്നതിന് 100000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 59999 രൂപയുടെ മെറ്റീരിയൽ റിക്വയർമെന്റും കണക്കാക്കിയിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 1.6.2019 ലെ 4-ാം നമ്പർ തീരുമാനപ്രകാരം, വിരിപ്പന്തൽ സ്ഥാപിക്കുന്നതിന് പാലാ നഗരസഭാ പരിധിയിലും ഉടമസ്ഥതയിലും ഉചിതമായ സ്ഥലം ഇല്ലാത്തതിനാൽ നഗരസഭയുടെ ആസ്തിയിലേക്ക് 472922 രൂപയുടെ വിരിപ്പന്തലിനാവശ്യമായ സാധനങ്ങളും 60000 രൂപയ്ക്ക് വാട്ടർ ടാങ്കും സ്റ്റാന്റും ടെണ്ടർ ചെയ്ത് വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൻപ്രകാരം ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സിജുരാജ്, മണ്ണക്കളങ്ങര, പാലാ എന്ന വ്യക്തിക്ക് സപ്ലൈ ഓർഡർ നൽകി. ടിയാൻ കോട്ടയം ഏജൻസീസ് പാലാ എന്ന സ്ഥാപനത്തിന്റെ 23.3.2020 ലെ A873-ാം നമ്പർ ഇൻവോയ്സ് പ്രകാരം വിരിപ്പന്തലിനാവശ്യമായ സാധനങ്ങളും വാട്ടർ ടാങ്ക്, സ്റ്റാന്റ് എന്നിവയ്ക്ക് ആവശ്യമായ സാധനങ്ങളും സപ്ലൈ ചെയ്തിട്ടുണ്ട്. ആയതിന് വൗച്ചർ നം 17/11/20തീയതി- 4.11.2020 (ചെക്ക് നം. 069571/ 4.11.2020 ) പ്രകാരം 525523 രൂപ അനുവദിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ കൈമാറുന്നതിന് മുരിക്കുംപുഴ ക്ഷേത്ര ഭരണസമിതിയ്ക്കുവേണ്ടി സെക്രട്ടറി, ശ്രീ രമേശ് കെ.പി യുമായി 30.7.2020 ലും വെള്ളാപ്പാട് ക്ഷേത്രോപദേശ സമിതിയ്ക്കുവേണ്ടി സെക്രട്ടറി, ശ്രീ എസ് രാജേഷുമായി 3.8.2020 ലും അസിസ്റ്റന്റ് എൻജിനീയർ കരാർ വെച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ സാധനങ്ങൾ

കൈമാറിയതിന്റെയും അവ ഉപയോഗിച്ച് വിരിപ്പന്തൽ നിർമ്മിച്ചതിന്റെയും വാട്ടർ ടാങ്ക്, സ്റ്റാന്റ് എന്നിവ സ്ഥാപിച്ചതിന്റെയും ഇത് സംബന്ധിച്ച് എൻജിനീയറിംഗ് വിഭാഗം പരിശോധിച്ച് മൂല്യനിർണ്ണയം നടത്തിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 38-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിരിപ്പന്തൽ, വാട്ടർ ടാങ്ക്, സ്റ്റാന്റ്, എന്നിവ സ്ഥാപിച്ചത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ച് എസ്റ്റിമേറ്റ് അനുസരിച്ച് വിരിപ്പന്തൽ നിർമ്മിച്ചതും വാട്ടർ ടാങ്ക്, സ്റ്റാന്റ് എന്നിവ സ്ഥാപിച്ചതും എൻജിനീയറിംഗ് വിഭാഗം പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 525523 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 നിർമ്മിതി കേന്ദ്രത്തിന് മുൻകൂർ -തുക ഈടാക്കാൻ നടപടി സ്വീകരിക്കണം

മുനിസിപ്പൽ ഓഫീസ് നവീകരണം എന്ന പ്രൊജക്റ്റ് നടപ്പാക്കുന്നതിനായി നിർമ്മിതി കേന്ദ്രവുമായി 24-10-2017 ന് കരാർ വയ്ക്കുകയും എസ്റ്റിമേറ്റ് തുകയായ 13,08,982/- രൂപയുടെ 20% തുകയായ 2,61,797/- രൂപ 2017-18 വർഷം നൽകുകയും ചെയ്തിരുന്നു. എന്നാൽ നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി സ്ഥലം കൈമാറി നൽകുന്നതിൽ നഗരസഭ വീഴ്ച വരുത്തുകയും 28-2-2018 ന് മുൻപ് പ്രവൃത്തി പൂർത്തീകരിക്കാത്തതിനെ തുടർന്ന് വകയിരുത്തിയിരുന്ന ലോകബാങ്ക് വിഹിതം ലാപ്സാവുകയും പദ്ധതി നടപ്പാകാതിരിക്കുകയും ചെയ്തിരുന്നു. നഗരസഭാകൗൺസിലിന്റെ 13-8-19ലെ 12-ാം നമ്പർ തീരുമാനപ്രകാരം മുൻകൂർ നൽകിയ തുക തിരികെ ഈടാക്കാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-42 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 324500 രൂപ തിരികെ ഈടാക്കണം

പാലാ മുനിസിപ്പാലിറ്റിയിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു.സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ ,8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | മേരി ജോസഫ് | 101860200312 | 62700 |
| 2 | ഭാർഗ്ഗവി ശിവരാമൻ | 101860200453 | 12400 |
| 3 | എൻ ജി വർഗ്ഗീസ് | 101860200915 | 86700 -9000 = 77700 (9000 രൂപ ഒടുക്കി ) |
| 4 | എൽസി വർക്കി | 101860600005 | 71700 |
| 5 | കെ എം ലീലാവതി | 101860600122 | 52800 |
| 6 | ചിന്നമ്മ ജോർജ്ജ് | 101860600489 | 47200 |
| ആകെ | | | 324500 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 03/2020-21,തീയതി-07/01/22) മേൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തുക തിരികെ ഒടുക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. മേൽ

പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-43 ക്ഷേമപെൻഷനുകളുടെ രജിസ്റ്റർ പരിപാലിക്കുന്നതിൽ ജാഗ്രത കുറവ്

സമൂഹത്തിന്റെ താഴെ തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുവാൻ സർക്കാർ നൽകുന്ന സഹായമാണ് സാമൂഹ്യ സുരക്ഷാപെൻഷൻ. 40-45 ദിവസ സമയപരിധിയ്ക്കുള്ളിൽ അപേക്ഷകന് പെൻഷൻ അനുവദിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പാലാ നഗരസഭയിലെ 2020-21 വർഷത്തെ ക്ഷേമപെൻഷനുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പെൻഷൻ അനുവദിച്ചു നൽകുന്നോ എന്ന് പരിശോധിക്കാൻ ആവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. കമ്മിറ്റി തീരുമാനം നോക്കിയാൽ മാത്രമെ ഒരു വ്യക്തിക്ക് എന്ന് മുതൽ പെൻഷൻ അനുവദിച്ചു എന്ന് അറിയാൻ കഴിയുകയുള്ളൂ .

ക്ഷേമപെൻഷനുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

1. പെൻഷൻ അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് അന്വേഷണോദ്യോഗസ്ഥർക്ക് കൈമാറുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അന്വേഷണത്തിന് ശേഷം തിരികെ സമർപ്പിക്കുന്നതിന്റെ വിവരം ഭൂരിഭാഗത്തിലും കാണുന്നില്ല.

2.സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനത്തിന്റെ വിവരം, കൗൺസിൽ അംഗീകാരത്തിന്റെ വിവരം , പെൻഷൻ അനുവദിച്ചതിന്റെ വിവരം എന്നിവ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

3. രജിസ്റ്ററിൽ ഉപരിപരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രജിസ്റ്റർ കൃത്യമായി പരിപാലിക്കുവാനും എല്ലാ വിവരങ്ങളും എഴുതി സൂക്ഷിക്കാനും മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും ബന്ധപ്പെട്ട സെക്ഷനും ഓഫീസ് മേധാവിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

### 1-44 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പാലാ നഗരസഭയിലെ ഓഡിറ്റ് കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | രാജമ്മ പി ജി | വാർദ്ധക്യ പെൻഷൻ | 101860200569 | 20/12/19 | 03/02/20 | 01/20 മുതൽ 12/21 വരെ | 34600 |
| 2. | സുരേന്ദ്രൻ നായർ | വാർദ്ധക്യ പെൻഷൻ | 101860201241 | 04/07/20 | 24/07/20 | 08/20 മുതൽ 12/21 വരെ | 25800 |
| ആകെ | | | | | | | 60400 |

വിവിധ സർക്കാർ ഉത്തരവ് പ്രകാരം അർഹമായ പെൻഷൻ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | 04/19 മുതൽ 03/20 വരെ | 04/20 മുതൽ 08/20 വരെ | 09/20 മുതൽ 12/20 വരെ | 01/21 മുതൽ 03/21 വരെ | 04/21 മുതൽ 12/21 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല | 1200 | 1300 | 1400 | 1500 | 1600 |

| | | | | | | |
|---|---|---|---|---|---|---|
| പെൻഷൻ | | | | | | |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഓഡിറ്റ് ഈ വിഷയം പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ്. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കളുടെ മരണം പാലാ നഗരസഭയിൽ ഓഡിറ്റ് കാലയളവിൽ തന്നെ റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. ഭൂരിഭാഗം മരണ സർട്ടിഫിക്കറ്റിലും ആധാർ രേഖപ്പെടുത്താത്തതിനാൽ വിശദമായ പരിശോധന സാധ്യമായില്ല. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം - 19/2020-21, തീയതി 14/01/22) നൽകിയതിനെ തുടർന്ന് പെൻഷൻ സസ്പെന്റ് ചെയ്യുകയും ക്രമ നമ്പർ 2 ൽ സൂചിപ്പിച്ച വ്യക്തിയിൽ നിന്ന് തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കുകയും ചെയ്തു . ക്രമ നം.1ൽ സൂചിപ്പിച്ച വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ, ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് അവരുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-45 ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - അനുവദനീയമായതിൽ അധികം സബ്സിഡി തുക നൽകി

ഫയൽ നം H2-4078/20

| | |
|---|---|
| അടങ്കൽ | 94500(കേന്ദ്രാവിഷ്കൃതം)+62910(സംസ്ഥാനാവിഷ്കൃതം) +112590(ഗുണ.വിഹിതം)=2,70,000 |
| ചെലവ് | 33075(കേന്ദ്രാവിഷ്കൃതം)+22018(സംസ്ഥാനാവിഷ്കൃതം) +39407(ഗുണ.വിഹിതം)=94500 |
| ചെക്ക് നം. | 26195/04.12.2020<br>32778/19.03.2021 |

നഗരസഭയിൽ 2020-21വർഷം 7ഗുണഭോക്താക്കൾക്ക് 13500/- രൂപ വീതം വിലയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 94500/- സോഷ്യോ ഇക്കണോമിക് യൂണിറ്റിന് നൽകിയിരുന്നു. സ.ഉ(കൈ) നം 3281/2018 തസ്വഭവ തീയതി 31/12/2018പ്രകാരം ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റിന് ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/- രൂപയിൽ ഏതാണോ കുറവ് അതാണ്. ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭയിൽ 7 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി സബ്സിഡിയിനത്തിൽ അധികം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അനുവദിക്കാവുന്ന സബ്സിഡി= 7200x7=50400

അനുവദിച്ച സബ്സിഡി =55093

അധികം അനുവദിച്ച തുക =55093-50400=4693/-

അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22) മറുപടി ലഭ്യമാക്കിയില്ല. അധികം അനുവദിച്ച തുകയായ 4693/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-46 ബയോബിൻ വാങ്ങൽ -ബിൽ തുകയിൽ നിന്നും TDS കുറവ് ചെയ്തില്ല

പ്രോജക്ട് നം.395/21 പ്രകാരം 15,62,000/- രൂപ അടങ്കലായി ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് ഗാർഹികമാലിന്യ സംസ്കരണത്തിനായി 608 ബയോബിന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായി 12,66,978/- രൂപ (ബിൽ നം 23/6-2-21, 33/19-3-21) സോഷ്യോഇക്കണോമിക് യൂണിറ്റിന് നൽകിയിരുന്നു. ബിൽ തുകയിൽ നിന്നും GST ഇനത്തിൽ 2% തുക TDS ഇനമായി കിഴിവ് വരുത്തേണ്ടിയിരുന്നു. എന്നാൽ ആയത് ഈടാക്കിയിരുന്നില്ല. GST ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22)മറുപടി ലഭ്യമാക്കിയില്ല. ജിഎസ്ടി ഇനത്തിൽ

ഈടാക്കേണ്ട 2% തുകയായ 25340/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-47 സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20, 2020-21 വർഷങ്ങളിൽ താഴെ പറയുന്ന വിവിധ പ്രൊജക്റ്റുകൾ പ്രകാരമുള്ള വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല.

1. Proj No 242/21 ഫോഗിങ്ങ് മെഷീൻ-1 (Rs 55750/-)

2. Proj No220/20 വീഡ് കട്ടർ -4 (Rs1,03,292/-)

3. Proj No218/20 ബ്ലീച്ചിങ്ങ് പൗഡർ -1000Kg

കുമ്മായം -1000Kg (Rs 45000/-)

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം22) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് എൻട്രി വരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-48 രണ്ടര ലക്ഷത്തിന് മുകളിലുള്ള വാങ്ങൽ -ജി എസ് റ്റി വിഹിതം ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 261/20-21 പ്രകാരം വിവിധ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് 398400/- രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി കരാറെടുത്ത ജയ്സൺ ഇംപക്സ് എന്ന സ്ഥാപനം ഹാജരാക്കിയ BL00022,BL00023 ബില്ലുകൾ പ്രകാരം 22/5/2020 ൽ 398400 രൂപ കമ്പനിക്ക് നല്കി. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ബില്ലിൽ നിന്നും ഈടാക്കി അടവ് വരുത്തേണ്ട നികുതി വിഹിതങ്ങൾ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വരുമാന നികുതി ഇനത്തിൽ 1% തുകയായ 3984/- രൂപയും ജി എസ് ടി ഇനത്തിൽ അടക്കേണ്ട 7968/- രൂപയും ഈടാക്കി സർക്കാരിലേക്ക് അടവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/20-21) വ്യക്തമായ മറുപടി നല്കിയിട്ടില്ല. നിയമാനുസൃതമുള്ള നികുതി സ്ഥാപനം അടവാക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-49 സ്ട്രീറ്റ് ലൈറ്റിന് എ എം സി-നഗരസഭക്ക് വൻ ബാധ്യത

പ്രോജക്ട് നമ്പർ 172/2021 നമ്പരായി മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയതാണ് തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ എന്ന പ്രോജക്ട്. ഇതിനായി 2020-21 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് 25 ലക്ഷം രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച കരാർ നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | വാർഷിക നിരക്ക് |
|---|---|---|---|
| 2x11 Watts Cfl Automatic | 3082 | 571 | 1759822 |
| സോഡിയം വേപ്പർ ലാമ്പ് | 464 | 2632 | 1221248 |
| മെറ്റൽ ഹാലിഡ് ലൈറ്റ് | 54 | 3326 | 179604 |
| ആകെ | | | 3160674 |

28-7-2020 മുതൽ 27-7-21 വരെ ഉള്ള കരാർ കാലയളവിലേക്ക് 3160102/- തുക ഡിമാന്റ് ചെയ്തെങ്കിലും അടങ്കലിൽ നിജപ്പെടുത്തി താഴെ പറയും പ്രകാരം 25 ലക്ഷം രൂപ കരാറുകാരന് നല്കി.

| ബിൽ നം തീയതി | തുക |
|---|---|
| 3/3-12-200 | 790025 |
| 8/23-3-2021 | 790025 |
| 13/20-3-2021 | 526683 |
| 21-22 നല്കി | 393267 |
| ആകെ | 2500000 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ തെരുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും സംബന്ധിച്ച് 15-9-2011 ൽ 3055/../2011/ ത സ്വ ഭ വ നമ്പരായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരം 36

മാസത്തേക്ക് AMC അനുവദനീയമാണ്. അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ കണ്ടെത്താവുന്നതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നഗരസഭയുടെ ഉടമസ്ഥതയിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് സംബന്ധിച്ച് പഠനം നടത്തി നഗരസഭയ്ക്കുണ്ടാകുന്ന വാർഷിക ചെലവ് വിലയിരുത്താതെയാണ് കരാർ അംഗീകരിച്ചിട്ടുള്ളത്. നഗരസഭാ പരിധിയിലുള്ള മുഴുവൻ വിളക്കുകൾക്കും വാർഷിക നിരക്ക് നിശ്ചയിക്കുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഇതിൽ ഉൾപ്പെടുകയും കരാറുകാരന് തുക നല്കേണ്ടി വരുകയും ചെയ്യുന്നു. ലൈറ്റിന് മെയിന്റനൻസ് നിരക്ക് നിശ്ചയിച്ച് അറ്റകുറ്റപ്പണികൾ നടത്തിയവയ്ക്ക് തുക നല്കുന്ന രീതിയിൽ കരാർ തയ്യാറാക്കുന്നതിന് പകരം മുഴുവൻ വിളക്കുകളും AMC പരിധിയിൽ ഉൾപ്പെടുത്തി (ഗ്യാരന്റി ഉള്ളവ ഉൾപ്പെടെ) കരാർ തയ്യാറാക്കിയത് യുക്തിസഹവും നഗരസഭയുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതുമല്ല.

2.മാർഗ്ഗരേഖ പ്രകാരം 36 മാസത്തേക്ക് AMC നല്കുന്നതിന് പകരം വാർഷികമായി കരാർ തയ്യാറാക്കിയത് അധികച്ചലവിന് ഇടയാക്കുന്നു.

3.കരാർ പ്രകാരം കരാറുകാരൻ മുഴുവൻ ലൈറ്റുകളും യഥാസമയം അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല .

4.പരാതി രജിസ്റ്റർ കരാറുകാർ തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിൽ സൂക്ഷിക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടില്ല.

5.10% തുക സെക്യൂരിറ്റി ഡപ്പോസിറ്റായി വാങ്ങണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

6.കരാറുകാരൻ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കപ്പെടുന്നില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/20-21) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ നഗരസഭയുടെ സാമ്പത്തിക താല്പര്യം ഉൾക്കൊണ്ട് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.നഗരസഭ സംരക്ഷിക്കേണ്ട മുഴുവൻ വഴി വിളക്കുകളും റോഡ് ,പോസ്റ്റ് ,അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി രജിസ്റ്റർ ചെയ്യുകയും വാറന്റി കാലയളവ് ഉള്ളവ ഒഴിവാക്കുകയും ചെയ്ത ശേഷം മാത്രം എഎംസി അടിസ്ഥാനത്തിൽ 36 മാസ കരാർ തയ്യാറാക്കുക

2.കണക്ക് കൃത്യമാക്കുന്നതു വരെ കരാറുകാരിൽ നിന്നും ലൈറ്റ് റിപ്പയർ ചെയ്യുന്നതിനുള്ള നിരക്ക് വാങ്ങി വാർഡ് മെമ്പർ ഇലക്ട്രിസിറ്റി ബോർഡ് എന്നിവരുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ റിപ്പയർ ചെയ്ത ലൈറ്റിനുള്ള തുക നല്കുന്ന രീതിയിൽ കരാർ പരിഷ്കരിക്കുക.

3.എല്ലാ പരാതികളും കൃത്യമായി രജിസ്റ്റർ ചെയ്യുക

4.സ്ട്രീറ്റ് ലൈറ്റുകളുടെ സംരക്ഷണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതി പരിശോധന നടത്തി ശുപാർശകൾ സമർപ്പിക്കുകയും തുടർ നടപടികൾ നിരീക്ഷിക്കുകയും ചെയ്യുക.

## 1-50 അർഹതയില്ലാത്ത കരാറുകാർക്ക് ജി എസ് റ്റി അധിക തുക നല്കി

ധനകാര്യ വകുപ്പിന്റെ 1/3/2019 ലെ 18/2019 നമ്പർ സർക്കുലർ പ്രകാരം തുടർന്ന് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ജി എസ് റ്റി ഘടകം ഒഴിവാക്കുമെന്നും പ്രൈസ് സോഫ്റ്റ് വെയറിൽ മറ്റ് നികുതി ഘടകങ്ങൾ ഉൾപ്പെടുത്തിയും ജി എസ് റ്റി ഘടകം ഒഴിവാക്കിയും മാറ്റം വരുത്തുമെന്നും കരാറുകാർ ജി എസ് റ്റി ഒഴികെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ജി എസ് റ്റി തുക പ്രത്യേകമായി വകയിരുത്തേണ്ടതുമാണ്. ഈ പ്രവൃത്തികളിൽ വേല മൂല്യത്തോടൊപ്പം 12% ജി എസ് റ്റി അധികം അനുവദിക്കാവുന്നതുമാണ്. എന്നാൽ ഇത്തരത്തിൽ മാറ്റം വരുത്തുന്നതിന് മുമ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി കരാറിലേർപ്പെട്ട പ്രവൃത്തികളിൽ വേലമൂല്യത്തോടൊപ്പം 12% ജി എസ് റ്റി അധികം അനുവദിക്കാവുന്നതല്ല. താഴെ വിശദീകരിക്കുന്നതും പ്രൈസ് സോഫ്റ്റ്വെയറിൽ ഭേദഗതികൾ വരുത്തുന്നതിന് മുൻപ് തയ്യാറാക്കിയതും ജി എസ് റ്റി തുക വകയിരുത്തിയിട്ടില്ലാത്തതുമായ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തികളിൽ കരാറുകാർക്ക് ജി എസ് റ്റി അധികം നല്കിയതിലൂടെ നഗരസഭയ്ക്ക് നഷ്ടം വരുത്തിയിട്ടുള്ളതായി കാണുന്നു.

ധനകാര്യകമ്മീഷൻ ഗ്രാന്റ് 20 ലക്ഷം രൂപ വകയിരുത്തി 276/20-21 നമ്പരായി ആസൂത്രണം ചെയ്തതും മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയതുമായ പ്ലാത്താനം കുടിവെള്ള പദ്ധതി എന്ന പ്രോജക്റ്റ് ഫിലിപ്പ് എബ്രഹാംഎന്ന കരാറുകാരൻ 1719162.17 രൂപ അംഗീകരിച്ച് ഏറ്റെടുത്തിട്ടുള്ളതാണ് കരാർ നമ്പർ 24/18-19 തീ25/2/2019). ഈ പ്രവൃത്തിക്ക് നല്കിയതും യഥാർത്ഥത്തിൽ നല്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ചെലവ് തുക | ബിൽ നം. തീ |
|---|---|
| 207587 | 2019-20 |
| 90411 | 3/12/2020 |
| 1396518 | 2/13-11-2020 |

| | |
|---|---|
| 1694516 | ആകെ തുക |

പ്രൈസ് സോഫ്റ്റ് വെയറിൽ ഭേദഗതികൾ വരുത്തുന്നതിന് മുൻപ് തയ്യാറാക്കിയതും ജി എസ് റ്റി തുക വകയിരുത്തിയിട്ടില്ലാത്തതുമായ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ചതും ചെലവഴിക്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ചെലവഴിച്ചതുക | ചെലവഴിക്കാവുന്ന തുക |
|---|---|---|
| ആകെ വേലമൂല്യം | 1454478.00 | 1454478.00 |
| ജി എസ് റ്റി(+) | 149627.00 | 00 |
| ഇലക്ട്രിഫിക്കേഷൻ | 90411.00 | 90411.00 |
| ആകെ | 1694516.00 | 1544889.00 |
| അധികം ചെലവഴിച്ചത് | 1694516-1544889=149627/- | |

ധനകാര്യകമ്മീഷൻ ഗ്രാന്റ് 22 ലക്ഷം രൂപ വകയിരുത്തി 273/20-21 നമ്പരായി ആസൂത്രണം ചെയ്തതും മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയതുമായ ഷി ടോയ്‌ലറ്റ് എന്ന പ്രോജക്ട് ജയൻ ഫിലിപ്പ് എന്ന കരാറുകാരൻ 1706762.24 രൂപ അംഗീകരിച്ച് ഏറ്റെടുത്തിട്ടുള്ളതാണ് (കരാർ നമ്പർ 08/18-19 തീ 09/11/2018). ഈ പ്രവൃത്തിക്ക് നല്കിയതും യഥാർത്ഥത്തിൽ നല്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ചെലവ് തുക | ബിൽ നം തീ |
|---|---|
| 719153 | 2019-20 |
| 1067715 | 10/27-3-2021 |
| 1786868 | ആകെ തുക |

പ്രൈസ് സോഫ്റ്റ് വെയറിൽ ഭേദഗതികൾ വരുത്തുന്നതിന് മുൻപ് തയ്യാറാക്കിയതും ജി എസ് റ്റി തുക വകയിരുത്തിയിട്ടില്ലാത്തതുമായ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ചതും ചെലവഴിക്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ചെലവഴിച്ചതുക | ചെലവഴിക്കാവുന്ന തുക |
|---|---|---|
| ആകെ വേലമൂല്യം | 1672470.00 | 1672470.00 |
| ജി എസ് റ്റി(+) | 114398.00 | 00 |
| ആകെ | 1786878.00 | 1672470.00 |
| അധികം ചെലവഴിച്ചത് | 1786878-1672470=114398.00 | |

മേൽപറഞ്ഞ2 പ്രവൃത്തികളിലുമായി 264025/- രൂപ (114398+149627) അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/20-21) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ ഫൈനൽബിൽ തയ്യാറാക്കിയപ്പോൾ അധികം നല്കിയ തുക ബിൽ തയ്യാറാക്കി തുക നല്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-51 കാലഹരണപ്പെട്ട സെക്യൂരിറ്റി ഡപ്പോസിറ്റ് നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് (വോള്യം 1) വകുപ്പ് 282(6)പ്രകാരം പബ്ലിക് വർക്ക് ഡെപ്പോസിറ്റുകൾ തിരിച്ച് നൽകേണ്ട ആദ്യ തീയതി മുതൽ 3 സാമ്പത്തിക വർഷത്തിനുള്ളിൽ തിരികെ വാങ്ങിയില്ല എങ്കിൽ സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ച് മാസത്തിൽ റവന്യൂ ഹെഡിൽ ചേർത്ത് മുതൽ കൂട്ടാവുന്നതാണ്. നഗരസഭയിൽ വർഷങ്ങൾ പഴക്കമുള്ളതും ഇത്തരത്തിൽ മുതൽകൂട്ടാവുന്നതുമായ ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിട്ടുണ്ട്. മുനിസിപ്പൽ എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പ്ലഡ്ജ് ചെയ്ത് നല്കിയിട്ടുള്ള ഇത്തരം നിക്ഷേപങ്ങൾ വാല്യൂബിൾസ് രജിസ്റ്ററിൽ ചേർക്കുകയും റീ ഫണ്ട് വിവരങ്ങൾ യഥാസമയം ഉൾപ്പെടുത്തുകയും ചെയ്യേണ്ടതും സ്ഥിര നിക്ഷേപ സാക്ഷ്യ പത്രങ്ങൾ നഗരസഭ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതുമാണ്. മിക്ക മരാമത്ത് പ്രവൃത്തികളുടെയും ലയബിലിറ്റി കാലയളവ് 3 വർഷത്തിനുള്ളിൽ അവസാനിക്കുന്നതിനാൽ നിലവിൽ 2015 മാർച്ച് മാസം വരെയുള്ള എല്ലാ തിരികെ

വാങ്ങാത്ത ഡെപ്പോസിറ്റുകളും മുതൽ കൂട്ടാവുന്നതാണ് (ലയബിലിറ്റി കാലയളവ് പരിശോധിച്ച് ഉറപ്പു വരുത്തി, ഭരണസമിതി അംഗീകാരത്തോടെ). കാലയളവ് കഴിഞ്ഞ നിക്ഷേപങ്ങൾ നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടേണ്ട ചുമതല സാക്ഷ്യപത്രങ്ങളുടെ സൂക്ഷിപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥനായിരിക്കും. നഗരസഭാഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതും എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിച്ചിട്ടുള്ളതുമായ സർട്ടിഫിക്കറ്റുകളുടെ വിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. നഗരസഭാതനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്ന ഇത്തരം നിക്ഷേപങ്ങൾ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.36/20-21) നല്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. കാലഹരണപ്പെട്ട സ്ഥിരനിക്ഷേപങ്ങൾ നഗരസഭാ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-52 പൊതുമരാമത്ത് സെക്യൂരിറ്റി നിക്ഷേപങ്ങളിൽ ക്രമരഹിതമായ ഇടപാടുകൾ

പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർ ഡെപ്പോസിറ്റായി നിർവ്വഹണ ഉദ്യോഗസ്ഥന് പ്ലഡ്ജ് ചെയ്ത് നല്കുന്ന സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങളിൽ ക്രമരഹിതമായ ഇടപാടുകൾ നടന്നിട്ടുള്ളതായി 2012-13 ഡെപ്പോസിറ്റ് രജിസ്റ്റർ, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ചതിൽ കാണുന്നു. 2015 ന് മുൻപ് നഗരസഭയിൽ സമർപ്പിച്ചിട്ടുള്ളതും നാളിതുവരെ തിരികെ വാങ്ങിയിട്ടില്ലാത്തതുമായ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ മുതൽ കൂട്ടുന്നത് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ സെക്യൂരിറ്റി നിക്ഷേപമായി നല്കിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾക്കും സെക്യൂരിറ്റി നിക്ഷേപം നടത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സ്ഥിര നിക്ഷേപം തുക നമ്പർ/തീയതി | | | |
|---|---|---|---|---|
| കൈതറ പുത്തൻ പുരക്കൽ റോഡ് കോൺക്രീറ്റിംഗ് PW1/6108/2013 | 5000 | 2500 | 2000 | 2000 |
| | 33634/11-1-2013 | 4789/7-12-2012 | 33639/11-1-2013 പാലാ അർബൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 33641/11-1-2013 |
| പാലാ ക്ലബ് റോഡ് ബൈലെയിന് കോൺക്രീറ്റിംഗ് PW1/6108/2013 | 2000 | 5000 | 2000 | 5000 |
| | 33639/11-1-2013 പാലാ അർബൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 35465/7-8-2013 | 35467/7-8-2013 | 35466/7-8-2013 |
| ഇല്ലിമൂട്ടിൽ ഇടവഴി കോൺക്രീറ്റിംഗ് PW1/6108/2013 | 2000 | 2000 | 25000 | 3000 |
| | 33639/11-1-2013 പാലാ അർബൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 33634/11-1-2013 | 33927/16-2-2013 | 33637/11-1-2013 |

മേൽ സൂചിപ്പിച്ച 3 പ്രവൃത്തികളും 2012-13 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുള്ളതാണ്. 3 പ്രവൃത്തികളുടെയും കരാറുകാരനായ ജോഷി തോമസ് അമ്പാട്ട് എന്നയാൾ 3 പ്രവൃത്തികളിലും 2000/- രൂപയുടെ നിക്ഷേപ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത് (33639/11-1-2013) പാലാ അർബൻ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളാണ്. ഒരേ നമ്പരിലുള്ള സർട്ടിഫിക്കറ്റുകൾ (ഫോട്ടോകോപ്പി) നഗരസഭയിൽ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾക്കൊപ്പം സൂക്ഷിച്ചിട്ടുണ്ട്. അപാകത ഇതിനോടകം നഗരസഭയുടെ ശ്രദ്ധയിൽപെട്ടിട്ടുള്ളതാണെങ്കിൽ വ്യാജ രേഖ തയ്യാറാക്കി കരാർ ഏറ്റെടുത്ത ആൾക്കെതിരെ സ്വീകരിച്ച നടപടികളും കരാറുകാരൻ നിലവിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ടോ എന്ന വിവരവും ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.35/20-21) നല്കിയ മറുപടിയിൽ, കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും കരാറുകാരന്റെ നിയമവിരുദ്ധമായ നടപടികൾ മൂലം നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും പ്രസ്തുത കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-53 ഇ-ടെണ്ടർ -ടെണ്ടർ ഫീസ് നഗരസഭയ്ക്ക് ലഭിക്കുന്നില്ല

നഗരസഭയിൽ നാളിതു വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറക്ക് ഈ തുക നഗരസഭക്ക് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. നാളിതുവരെ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും ടെണ്ടർ ഫീസ് ഇനത്തിൽ നഗരസഭക്ക് ലഭിക്കാനുള്ള തുക ക്രോഡീകരിച്ച് നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ ധാരാളം പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നതിനാൽ ഈ ഇനത്തിൽ വൻ തുക നഗരസഭക്ക് ലഭിക്കാനുണ്ട്. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ നഗരസഭക്ക് ലഭിക്കാനുള്ള തുക കണക്കാക്കി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-54 കന്നുകുട്ടി പരിപാലനപദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | 43/21 |
| ചെലവ് | 512,500/-രൂപ (വികസനഫണ്ട്) |
| ബിൽ നം. | 04/10.02.21 |

പ്രോജക്ടിലുൾപ്പെട്ട 41ഗുണഭോക്താക്കളുടെ 4-6 മാസം വരെയുള്ള കിടാക്കൾക്ക് 32 മാസം വരെയോ, പ്രസവം വരെയോ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത് . പ്രോജക്ടിന്റെ പഞ്ചായത്ത് വിഹിതം 12500 രൂപ വീതം 512,500/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No-708011400000050) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പാലാ ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നം കെ-90 (മിൽക്ക് ബാർ) മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. സഹകരണസംഘത്തിന്റെ വ്യക്തിഗത നാൾവഴി പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. കാലിത്തീറ്റ വാങ്ങാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-6/21) തുടർമാസങ്ങളിൽ ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങാതിരുന്നതിനാൽ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയതായി മറുപടി ലഭ്യമാക്കി. പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി തുക തിരികെ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

| ഗുണഭോക്താവിന്റെ പേര് | കാലിതീറ്റവാങ്ങാതിരുന്ന കാലയളവ് |
|---|---|
| ബെറ്റി ബാബു ,വാതല്ലൂർ | 07/21 മുതൽ |
| നിർമ്മല വിജയൻ,ആര്യപ്പാറയിൽ | 11/21 മുതൽ |
| മേരി എള്ളുംകാലയിൽ | 08/21മുതൽ |
| മേഴ്സി ചെറിയാൻ,കുറിച്ചി | 08/21മുതൽ |

മേൽ പ്രോജക്ടിനായി അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No-708011400000050) സബ്സിഡി തുക 512,500/-രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. 22.12.21വരെ 231,657/-രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ചെലവഴിക്കാനുള്ള 280,843/-രൂപയിൽ മേൽ പരാമർശിച്ചിട്ടുള്ള നാല്വ ഗുണഭോക്താക്കളുടെ സബ്സിഡി തുക 50,000/- രൂപ തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതും ശേഷിക്കുന്ന പദ്ധതി തുക പൂർണ്ണമായും ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അതുവരെ 2,80,843/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-55 മാലിന്യസംസ്കരണം-ഫലപ്രദമല്ല

1994ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 330, 331 പ്രകാരം നഗരസഭാ പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, സംസ്കരണം എന്നിവ നഗരസഭയുടെ അനിവാര്യചുമതലയിൽപ്പെട്ടതാണ്. മുനിസിപ്പൽ ഖരമാലിന്യ (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) ചട്ടങ്ങൾ 2000 പ്രകാരം ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ പാലാ നഗരസഭയിൽ നിലവിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല. വിവിധ വർഷങ്ങളിലായി വാർഷിക പദ്ധതികളിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തി വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല.

നഗരസഭയുടെ 2005-06 വാർഷിക പദ്ധതിയിൽപ്പെടുത്തി കാനാട്ടുപാറ പ്രദേശത്ത് കേരള ആഗ്രോ

ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന വികസനഫണ്ടിൽ നിന്ന് 52,73,879/- രൂപ ചെലവഴിച്ച് നിർമ്മാണം നടത്തിയ ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 2011-12 വർഷം പ്ലാന്റ് അടച്ചുപൂട്ടുകയുണ്ടായി.

കൊട്ടാരമറ്റം ബസ്സ്റ്റാന്റിൽ തുമ്പൂർമുഴി മോഡൽ എയറോബിക് മോഡൽ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിരുന്നു. കൊട്ടാരമറ്റം ബസ്സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷന്റെ സെപ്റ്റിക് ടാങ്കിന് മുകളിലാണ് ഒരു യൂണിറ്റ് സ്ഥാപിച്ചത്. ഉണങ്ങിയ ഇലകൾ മാത്രമേ ഈ പ്ലാന്റിൽ സംസ്കരിക്കുവാൻ സാധിക്കുകയുള്ളൂ. 2017-18 വാർഷിക പദ്ധതിയിൽപ്പെടുത്തി 3,16,816/- രൂപ ചെലവഴിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങിയിരുന്നു. 3/18ൽ വാങ്ങിയ മെഷീൻ നാളിതുവരെ പ്രവർത്തനം ആരംഭിക്കുന്നതിന് തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. മെഷീൻ നഗരസഭയുടെ പാർക്കിങ്ങ് സ്ഥലത്ത് പ്രവർത്തനമില്ലാതെ സൂക്ഷിക്കുന്നു.

നഗരസഭയുടെ അനിവാര്യചുമതലയിൽപ്പെടുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ നഗരസഭയിലുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല. ഹരിതകർമ്മസേന മുഖേന കളക്ട് ചെയ്യുന്ന മാലിന്യങ്ങൾ സ്റ്റേഡിയത്തിന് പുറത്ത് സൂക്ഷിച്ച് വയ്ക്കുന്നതിനാൽ വലിയ മാലിന്യക്കൂമ്പാരമായി മാറിയിട്ടുണ്ട്. 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ ബയോമെഡിക്കൽ റൂൾ എന്നിവയനുസരിച്ച് പാലാ നഗരസഭയിൽ ആക്ഷൻ പ്ലാൻ പ്രകാരം മാലിന്യസംസ്കരണത്തിൽ വീഴ്ചകളുണ്ടാവുന്ന പക്ഷം ദേശീയ/സംസ്ഥാന ഹരിത ട്രൈബ്യൂണലിൽനിന്നും ശിക്ഷാനടപടികൾ ഉണ്ടാകാനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നു. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

1-56 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുക

വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൂതക്കുന്ന് കുടിവെള്ള പദ്ധതി (55/21) | 1160000 | 0 | 1160000 |
| കേരള വാട്ടർ അതോറിറ്റി | നെല്ലിയാനിയിലേക്ക് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ (78/21) | 1400000 | 0 | 1400000 |
| കേരള വാട്ടർ അതോറിറ്റി | എ ഒ ജോസഫ് റോഡിലേക്കും സൈഡ് റോഡിലേക്കും പൈപ്പ് ലൈൻ സ്ഥാപിക്കൽ -വാർഡ് -9 (173/21) | 1000000 | 0 | 1000000 |
| കേരള വാട്ടർ അതോറിറ്റി | പൂതക്കുന്ന് കുടിവെള്ള പദ്ധതി വിപുലീകരണം (246/21) | 2200000 | 0 | 2200000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ (252/21) | 2300000 | 0 | 2300000 |
| കേരള വാട്ടർ അതോറിറ്റി | ജൂബിലി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 125000 | 0 | 125000 |

മേൽ പ്രോജക്ടുകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, പ്രസ്തുത പ്രവൃത്തികൾക്കായി തൻവർഷം

ചെലവഴിച്ച 81,85,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-57 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

1994 -ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും 2003 ലെ കേരളാ മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ നഗരസഭയിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവരും നഗരസഭ പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ നഗരസഭയും ഒരു പ്രമേയം മൂലം നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്. നഗരത്തിലെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ ദുരിതാശ്വാസനിധി രൂപീകരിച്ച് ധനസഹായം നൽകാൻ വേണ്ട അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2020-21 വർഷം വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം (ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുന്നത്) പരിശോധിച്ചതിൽ അർദ്ധ വാർഷിക വരുമാനത്തിന് ഒപ്പം ബോണസ്/ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്താതിരുന്നതിനാൽ ലഭിക്കേണ്ട തൊഴിൽ നികുതിയിൽ കുറവ് സംഭവിച്ചതായി കാണുന്നു . വിശദ വിവരം ചുവടെ ചേർക്കുന്നു .

2020-21 ഒന്നാം അർദ്ധ വാർഷം

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ലഭ്യമാക്കിയ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം പ്രകാരം അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ബോണസ്/ ഫെസ്റ്റിവൽ അലവൻസ് ചേരുമ്പോൾ അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| PWD (Buildings) , പാലാ | ജാസ്മിൻ ഫ്രാൻസിസ് | 98448 | 750 | 101198 | 1000 | 250 |
| ,, | അംബുജാക്ഷി പി എസ് | 72692 | 600 | 75442 | 750 | 150 |
| ജില്ലാ ട്രഷറി പാലാ | സരിത ബി | 98448 | 750 | 101198 | 1000 | 250 |
| സ്റ്റേറ്റ് ഗുഡ്സ് &സർവ്വീസ് ടാക്സ് | ബിൻസി മോൾ ജോസഫ് | 122344 | 1000 | 125094 | 1250 | 250 |
| സ്പെഷ്യൽ തഹസീൽദാർ ഓഫീസ് | റൈഹനത്ത് ബീഗം | 124872 | 1000 | 127622 | 1250 | 250 |
| താലൂക്ക് ഓഫീസ് മീനച്ചിൽ | ഷൈൻ എൻ | 124872 | 1000 | 127622 | 1250 | 250 |
| ,, | ശ്രീലത റ്റി | 59040 | 450 | 61790 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | ആർ | | | | | |
| ളാലം വില്ലേജ് | അഞ്ചന എസ് നായർ | 98052 | 750 | 100802 | 1000 | 250 |
| പോളിടെക്നിക്ക് , പാലാ | അബ്ഹീഷ് പി | 122188 | 1000 | 162188 | 1250 | 250 |
| ,, | മജ്ജു മാത്യു | 122188 | 1000 | 162188 | 1250 | 250 |
| ,, | അല്ലി റ്റി കെ | 98904 | 750 | 101654 | 1000 | 250 |
| കൊമേഴ്സ്യൽ ടാക്സ് ഓഫീസ് , പാലാ | സലിമ എൻ ജെ | 128848 | 1000 | 128848 | 1250 | 250 |
| ഫയർ ഫോഴ്സ് ഓഫീസ് , പാലാ | അജയഘോഷ് എ | 124872 | 1000 | 127622 | 1250 | 250 |
| ,, | രാഹുൽ ഡി എസ് | 124872 | 1000 | 127622 | 1250 | 250 |
| ,, | അനന്ദു എം ജി | 124872 | 1000 | 127622 | 1250 | 250 |
| ,, | നിസാമുദ്ദീൻ പി എം | 124872 | 1000 | 127622 | 1250 | 250 |
| ,, | ഗിരീഷ് എസ് | 124872 | 1000 | 127622 | 1250 | 250 |
| ,, | വിഷ്ണു എസ് നായർ | 124872 | 1000 | 127622 | 1250 | 250 |
| ,, | അഖിലേഷ് പി ആർ | 124872 | 1000 | 127622 | 1250 | 250 |
| ,, | രോഹിത് വി ജി | 124872 | 1000 | 127622 | 1250 | 250 |
| ,, | ബ്രിജിത്ത് സിസി | 96048 | 750 | 100048 | 1000 | 250 |
| ST കോളേജ് പാലാ | ഷിന്ദ ജോസഫ് | 124872 | 1000 | 127622 | 1250 | 250 |
| ആകെ | | | | | | 5300 |

2020-21 രണ്ടാം അർദ്ധ വാർഷം

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ലഭ്യമാക്കിയ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം പ്രകാരം അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| മുനിസിപാലിറ്റി , പാലാ | സുനിൽ കെ റ്റി | 105915 | 750 | 1000 | 250 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 32/2020-21,തീയതി-19/01/22 ) കുറവ് വന്ന നികുതി കൂടി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകി. തൊഴിൽ നികുതിയിൽ കുറവ് വന്ന 5550/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - അനുവദനീയമായതിൽ അധികം സബ്സിഡി തുക നൽകി

ഫയൽ നം H2-4078/20

| | |
|---|---|
| അടങ്കൽ | 94500(കേന്ദ്രാവിഷ്കൃതം)+62910(സംസ്ഥാനാവിഷ്കൃതം) +112590(ഗുണ.വിഹിതം)=2,70,000 |
| ചെലവ് | 33075(കേന്ദ്രാവിഷ്കൃതം)+22018(സംസ്ഥാനാവിഷ്കൃതം) +39407(ഗുണ.വിഹിതം)=94500 |
| ചെക്ക് നം. | 26195/04.12.2020<br>32778/19.03.2021 |

നഗരസഭയിൽ 2020-21വർഷം 7ഗുണഭോക്താക്കൾക്ക് 13500/- രൂപ വീതം വിലയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 94500/- സോഷ്യോ ഇക്കണോമിക് യൂണിറ്റിന് നൽകിയിരുന്നു. സ.ഉ(കൈ) നം 3281/2018 തസ്വഭവ തീയതി 31/12/2018പ്രകാരം ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റിന് ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/- രൂപയിൽ ഏതാണോ കുറവ് അതാണ്. ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭയിൽ 7 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റിനായി സബ്സിഡിയിനത്തിൽ അധികം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അനുവദിക്കാവുന്ന സബ്സിഡി= 7200x7=50400

അനുവദിച്ച സബ്സിഡി =55093

അധികം അനുവദിച്ച തുക =55093-50400=4693/-

അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22) മറുപടി ലഭ്യമാക്കിയില്ല. അധികം അനുവദിച്ച തുകയായ 4693/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ

പാലാ നഗരസഭയുടെ 2020-21 വാർഷിക ധനകാര്യപത്രിക നഗരസഭാ കൗൺസിൽ 26/07/2021-ലെ അധീഷണൽ അജണ്ട- 1ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 12/1/2022, 13/1/2022 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം

2020-21 ൽ സംയുക്ത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.

വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൂതക്കുന്ന് കുടിവെള്ള പദ്ധതി (55/21) | 1160000 | 0 | 1160000 |
| കേരള വാട്ടർ | നെല്ലിയാനിയിലേക്ക് വാട്ടർ അതോറിറ്റി | 1400000 | 0 | 1400000 |

| | | | | |
|---|---|---|---|---|
| അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (78/21) | | | |
| കേരള വാട്ടർ അതോറിറ്റി | എ ഒ ജോസഫ് റോഡിലേക്കും സൈഡ് റോഡിലേക്കും പൈപ്പ് ലൈൻ സ്ഥാപിക്കൽ -വാർഡ് -9 (173/21) | 1000000 | 0 | 1000000 |
| കേരള വാട്ടർ അതോറിറ്റി | പൂതക്കുന്ന് കുടിവെള്ള പദ്ധതി വിപുലീകരണം (246/21) | 2200000 | 0 | 2200000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ (252/21) | 2300000 | 0 | 2300000 |
| കേരള വാട്ടർ അതോറിറ്റി | ജൂബിലി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 125000 | 0 | 125000 |

മേൽ പ്രോജക്ടുകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമായിട്ടില്ല.വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ഡെപ്പോസിറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല .

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം .

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പാ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 363/13/ 19.03.13 | 45000000 | 38412652 | 0 | | | 38412652 |
| കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | | 59094000 | | | | | |
| മൂന്നാനി ലോയേഴ്സ് ചേംബർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 373/14/ 21.06.19 | 23344382 | | | | | |
| പി എം എ വൈ – ഭവന നിർമ്മാണം | ജി.ഓ(എംഎസ്) 34/18/16.03.18, ജി.ഒ(എംഎസ്) | 1.02 കോടി | 4000000 | 6200000 | 1586668 | | 8613332 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 110/18/13.08.18 | | | | | | |
| ദേശീയ ചേരി നിർമ്മാർജ്ജനം | സ.ഉ(എംഎസ്) എ1-8326 /99/23-03-2001 | 383000 | 383000 | | | | 383000 |

KURDFC വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. രജിസ്റ്ററിന്റെ അഭാവത്തിൽ പി എം എ വൈ – ഭവന നിർമ്മാണം, ദേശീയ ചേരി നിർമ്മാർജ്ജനം എന്നീ വായ്പകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല .

## 4-6 സ്ഥിരനിക്ഷേപം

ഓഡിറ്റ് വർഷം നഗരസഭയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 19785400* |
| തൻവർഷം നിക്ഷേപിച്ച തുക | 85400 |
| തൻവർഷം പിൻവലിച്ച തുക | 19700000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (പലിശ നിരക്ക്- 5.1%) കാലാവധി- 15/06/20 മുതൽ 15/06/21 വരെ | 85400 |

*മേൽ സൂചിപ്പിച്ച സ്ഥിരനിക്ഷേപം 12/06/20 ലെ സ.ഉ (സാധാ)നം 1112/2020/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പളം കൊടുക്കുവാൻ (നിബന്ധനകൾക്ക് വിധേയമായി) ക്ലോസ് ചെയ്യുകയും ബാക്കി വന്ന തുകയായ 85400 രൂപ 15/06/20 ൽ സ്ഥിരനിക്ഷേപം ആക്കുകയും ചെയ്തു .

പൂർണ്ണമായ കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ, FD സർട്ടിഫിക്കറ്റ് (15/06/2020 ൽ സ്ഥിരനിക്ഷേപം ക്ലോസ് ചെയ്തിരുന്നു. 85400 രൂപയുടെ FD സർട്ടിഫിക്കറ്റ് ലഭ്യമാക്കി ) എന്നിവയുടെ അഭാവത്തിൽ ക്ലോസ് ചെയ്ത സ്ഥിരനിക്ഷേപത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. സ്ഥിര നിക്ഷേപം 85,400/- രൂപയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ മുനിസപ്പൽ ഫണ്ടിൽ 92073 രൂപയുടെ വരവ് ഉണ്ട്. നഗരസഭയിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-4 | 2008-09 | 3-2-2 | ജനസേവന കേന്ദ്രം ഓഫീസ് കമ്പ്യൂട്ടർ വത്ക്കരണം ഭീമമായ തുക ഡിപിസി അംഗീകാരമില്ലാതെ ഐ.കെ.എം. ൽ നിക്ഷേപിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | 2011-12 | പ്രവർത്തനാവലോകനം ഖ.3.2.13 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | റോഡ് പ്രവൃത്തികൾ | പരിഗണനയിൽ |
| 1999-2000 മുതൽ 2000-01 വരെ | | 2003-04 | 6.4 | ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 3-1 | 2016-17 | 4.6.3 | മുനിസിപ്പൽ പാർക്ക് നിർമ്മാണം - അശാസ്ത്രീയമായ ധനവിനിയോഗവും പ്രവർത്തന കലണ്ടറിന്റെ അപര്യാപ്തതയും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 266441242.53 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 227699712 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5550/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4693/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18222377/- |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5550 | | ശ്രീ.മുഹമ്മദ് ഹുവൈസ് എം., സെക്രട്ടറി |
| 3-1 | -- | 4693 | ശ്രീ.എം.കെ.മുകുന്ദൻ, ഹെൽത്ത് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 250000 | ശ്രീ.എം.കെ.മുകുന്ദൻ, ഹെൽത്ത് സൂപ്പർവൈസർ |
| 1-37 | 6197189 | ശ്രീ.മുഹമ്മദ് ഹുവൈസ് എം., സെക്രട്ടറി |

| | | |
|---|---|---|
| 1-39 | 2783822 | ശ്രീ.മുഹമ്മദ് ഹ്രൈവെസ് എം., സെക്രട്ടറി |
| 1-40 | 525523 | ശ്രീ.മുഹമ്മദ് ഹ്രൈവെസ് എം., സെക്രട്ടറി |
| 1-54 | 280843 | ഡോ.സുമ വി., വെറ്ററിനറി സർജൻ |
| 1-56 | 8185000 | ശ്രീ.മുഹമ്മദ് ഹ്രൈവെസ് എം., സെക്രട്ടറി |
| ആകെ | 18222377 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുഹമ്മദ് ഹ്രൈവെസ് എം., സെക്രട്ടറി | സെക്രട്ടറി, | കളീലിൽ പാലക്കൽ, തേവലക്കര, കൊല്ലം |
| ശ്രീ.എം.കെ.മുകുന്ദൻ, ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ, പാലാ നഗരസഭ | മഞ്ചേരിക്കാട്ടിൽ ഹൗസ്, പയ്യനാട് പി.ഒ., മഞ്ചേരി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-01 | എൽ.എഫ്.കെ.(എം.എൽ)1027/99 | |
| 1991-92 | എൽ.എഫ്.കെ.(എം.എൽ)713/96- 2.8.97/7.11.97 | |
| 1992-93 | എൽ.എഫ്.കെ.(എം.എൽ)742/97 /18.6.98/ 9.12.98 | |
| 1996-97 | എൽ.എഫ്.കെ.(എം.എൽ)1166/10 /5.1.11 | |
| 1997-98 | എൽ.എഫ്.കെ.(എം.എൽ) 921/01/ 16.11.01 / 28.09.11 | |
| 1998-99 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1282/01 /9.4.02/ 7.10.02 | |
| 1999-00 | എൽ.എഫ്.കെ.(എം.എൽ)922/07 /4.7.09/8.9.09 | |
| 2000-01 | എൽ.എഫ്.കെ.പി.8/626 /15/15.4.16 | |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.കെ.പി.8/625 /15/03.12.15 | |
| 2002-03 ചെലവ് | എൽ.എഫ്.കെ. (എം.എൽ)264/06/22.7.08 /6.9.08 | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 8/628/15 /3.12.15 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി 8/620/15 /15.04.16 | |
| 2004-05 (ചെലവ്) | എൽ.എഫ്.കെ. (എം.എൽ)924/07/4.7.09/ 8.9.09 | |
| 2005-06 ചെലവ് | എൽ.എഫ്.കെ. (എം.എൽ)1260/10/16.07.11 | |
| 2005-06 വരവ് | എൽ.എഫ്.കെ.പി8/627 /15/10.08.15 | |
| 2006-07 | എൽ.എഫ്.കെ.(എം.എൽ)1319/10 /07.01.11 | |
| 2007-08 | എൽ.എഫ്.കെ.(എം.എൽ)128/11 /5.9.11 | |
| 2008-09 | എൽ.എഫ്.കെ.പി8/236 /11/14.3.12 | |
| 2009-10 | എൽ.എഫ്.കെ.പി8/1622 /11/20.4.12 | |
| 2010-11 | എൽ.എഫ്.കെ.പി8/7/12/11.7.12 | |
| 2011-12 | എൽ.എഫ്.കെ.പി8/344 /13/31.5.13 | |
| 2012-13 | എൽ.എഫ്.കെ.പി8/379 /15/4.6.15 | |
| 2013-14 | എൽ.എഫ്.കെ.പി8/769 /15/28.01.16 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി-8/872/16/08.02.17 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-17/656/17/ 18.03.18/21.03.18 | 40 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-17/1637/17/ 17.04.18 | 42 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-17/192/19/ 30.08.19 | 50 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി.17/104/2020 /02.11.20 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

### കാലഹരണപ്പെട്ടതും നഗരസഭാഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമായ സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| Bank | Number | Amount | Date |
|---|---|---|---|
| Federal Bank | 109703001644 | 222000 | 13/3/2015 |
| Federal Bank | 10970400163111 | 178800 | 13/3/2015 |
| Choondachery Service Co Op Bank | 15048/p | 1000 | 14/10/2014 |
| Choondachery Service Co Op Bank | 14641/p | 5000 | 22/8/2014 |
| Choondachery Service Co Op Bank | 7644/p | 3100 | 3/8/2010 |
| Choondachery Service Co Op Bank | 11854/p | 5050 | 1/3/2013 |
| Choondachery Service Co Op Bank | 14640/p | 5000 | 22/8/2014 |
| Choondachery Service Co Op Bank | 11910/p | 14000 | 29/1/2013 |
| Choondachery Service Co Op Bank | 15049/p | 3000 | 14/10/2014 |
| Choondachery Service Co Op Bank | 11908/p | 4000 | 29/1/2013 |
| poovarani Service Co Op Bank | 10107 | 3300 | 29/9/2014 |
| poovarani Service Co Op Bank | 10106 | 3700 | 29/9/2014 |
| poovarani Service Co Op Bank | 10359 | 2600 | 1/11/2014 |
| poovarani Service Co Op Bank | 10112 | 2600 | 29/9/2014 |
| Valavoor Service Co Op Bank | 0211000018877 | 3700 | 29/9/2014 |
| Kaduthuruthi Service Co Op Bank | 5408 | 1700 | 2/8/2013 |
| Kaduthuruthi Service Co Op Bank | 5406 | 1000 | 2/8/2013 |
| SBT Mutholi | 67292615015 | 50000 | 3/9/2014 |
| Valavoor Service Co Op Bank | 0211000019204 | 3200 | 5/11/2014 |
| Valavoor Service Co Op Bank | 0211000019201 | 5400 | 5/11/2014 |
| Valavoor Service Co Op Bank | 0211000018867 | 8300 | 29/9/2014 |
| poovarani Service Co Op Bank | 10356 | 3300 | 1/11/2014 |
| poovarani Service Co Op Bank | 10110 | 3500 | 29/9/2014 |
| poovarani Service Co Op Bank | 10358 | 3600 | 1/11/2014 |
| poovarani Service Co Op Bank | 10109 | 3100 | 29/9/2014 |

| | | | |
|---|---|---|---|
| poovarani Service Co Op Bank | 10355 | 3100 | 1/11/2014 |
| poovarani Service Co Op Bank | 10361 | 5300 | 1/11/2014 |
| pala urban co op Bank | 102723 | 5300 | 29/9/2014 |
| poovarani Service Co Op Bank | 10362 | 3750 | 1/11/2014 |
| poovarani Service Co Op Bank | 29862 | 97400 | 24/2/2015 |
| poovarani Service Co Op Bank | 29861 | 150800 | 9/1/2015 |
| poovarani Service Co Op Bank | 10361 | 5300 | 1/11/2014 |
| Pala urbean Co Op Bank | 3020038837 | 5300 | 29/9/2014 |
| Valavoor Service Co Op Bank | 0211000019206 | 3200 | 5/11/2014 |
| Valavoor Service Co Op Bank | 0211000019337 | 7300 | 27/11/2014 |
| Valavoor Service Co Op Bank | 0211000019337 | 2400 | 27/11/2014 |
| Valavoor Service Co Op Bank | 0211000019342 | 2100 | 2711/2014 |
| Valavoor Service Co Op Bank | 0211000019182 | 2000 | 5/11/2014 |
| Valavoor Service Co Op Bank | 0211000019208 | 8000 | 5/11/2014 |
| Valavoor Service Co Op Bank | 0211000019200 | 2900 | 5/11/2014 |
| Valavoor Service Co Op Bank | 0211000019195 | 3400 | 5/11/2014 |
| Valavoor Service Co Op Bank | 0211000019344 | 6400 | 27/11/2014 |
| Kadanadu Service Co Op Bank | 41441 | 50000 | 13/1/2015 |
| Valavoor Service Co Op Bank | 0211000019181 | 2600 | 5/11/2014 |
| Valavoor Service Co Op Bank | 0211000019199 | 4500 | 5/11/2014 |
| Valavoor Service Co Op Bank | 0211000019179 | 7300 | 5/11/2014 |
| Valavoor Service Co Op Bank | 0211000019178 | 3300 | 5/11/2014 |
| Valavoor Service Co Op Bank | 0211000019180 | 10000 | 5/11/2014 |
| Valavoor Service Co Op Bank | 0211000019206 | 2600 | 5/11/2014 |
| Valavoor Service Co Op Bank | 0211000019202 | 10400 | 5/11/2014 |
| Valavoor Service Co Op Bank | 0211000019184 | 6600 | 5/11/2014 |
| Valavoor Service Co Op Bank | 0211000019183 | 6800 | 5/11/2014 |

| | | | |
|---|---|---|---|
| Valavoor Service Co Op Bank | 0211000019343 | 1350 | 5/11/2014 |
| Valavoor Service Co Op Bank | 0211000019339 | 1100 | 27/11/2014 |
| Valavoor Service Co Op Bank | 0211000019335 | 7050 | 27/11/2014 |
| Valavoor Service Co Op Bank | 0211000019198 | 3400 | 5/11/2014 |
| Mutholi Service Co Op Bank | 34826 | 2700 | 30/8/2013 |
| Mutholi Service Co Op Bank | 34711 | 3100 | 12/8/2013 |
| Mutholi Service Co Op Bank | 34827 | 2600 | 30/8/2013 |
| Mutholi Service Co Op Bank | 35027 | 13700 | 9/10/2013 |
| Mutholi Service Co Op Bank | 35026 | 5000 | 9/10/2013 |
| Mutholi Service Co Op Bank | 34692 | 5100 | 7/8/2013 |
| poovarani Service Co Op Bank | 10115 | 3500 | 29/9/2014 |
| poovarani Service Co Op Bank | 10116 | 2600 | 29/9/2014 |
| SBT MUTHOLI | 67308481520 | 2600 | 7/1/2015 |
| SBT MUTHOLI | 673000052916 | 2600 | 4/11/2014 |
| SBT MUTHOLI | 67300056943 | 2400 | 4/11/2014 |
| SBT MUTHOLI | 67300044665 | 4600 | 4/11/2014 |
| SBT MUTHOLI | 67308478629 | 10000 | 7/1/2015 |
| SBT MUTHOLI | 67304454283 | 11000 | 8/12/2014 |
| SBT MUTHOLI | 67300042295 | 3800 | 4/11/2014 |
| SBT MUTHOLI | 67304450108 | 5400 | 8/12/2014 |
| SBT MUTHOLI | 67308478798 | 3800 | 7/1/2015 |
| SBT MUTHOLI | 67308477444 | 10000 | 7/1/2015 |
| poovarani Service Co Op Bank | 10117 | 2000 | 29/9/2014 |
| poovarani Service Co Op Bank | 10108 | 3300 | 29/9/2014 |
| Choondachery Service Co Op Bank | 15044/P | 5000 | 14/10/2014 |
| Choondachery Service Co Op Bank | 12609/P | 5000 | 12/8/2013 |
| Choondachery Service Co Op Bank | 12604/P | 7500 | 12/8/2013 |

| | | | |
|---|---|---|---|
| Choondachery Service Co Op Bank | 12607/P | 5000 | 12/8/2013 |
| Choondachery Service Co Op Bank | 12995/P | 10000 | 5/11/2013 |
| Choondachery Service Co Op Bank | 11855/P | 5000 | 14/1/2013 |
| KIZHZTHADIYOOR Service Co Op Bank | 4601 | 9650 | 25/10/2013 |
| KIZHZTHADIYOOR Service Co Op Bank | 4602 | 2900 | 25/10/2013 |
| KIZHZTHADIYOOR Service Co Op Bank | 4600 | 9775 | 25/10/2013 |
| Valavoor Service Co Op Bank | 0211000019203 | 10600 | 5/11/2014 |
| Valavoor Service Co Op Bank | 0211000019209 | 2200 | 5/11/2014 |
| Valavoor Service Co Op Bank | 0211000019341 | 1500 | 27/11/2014 |
| Valavoor Service Co Op Bank | 0211000019207 | 4400 | 5/11/2014 |
| kADANADU Service Co Op Bank | 40067 | 10000 | 29/9/2014 |
| KIZHZTHADIYOOR Service Co Op Bank | 26967 | 10000 | 7/1/2013 |
| KIZHZTHADIYOOR Service Co Op Bank | 13176 | 20000 | 19/11/2014 |
| KIZHZTHADIYOOR Service Co Op Bank | 9296 | 29000 | 24/2/2012 |
| KIZHZTHADIYOOR Service Co Op Bank | 9228 | 29000 | 6/2/2012 |
| Valavoor Service Co Op Bank | 0211000017234 | 100000 | 20/3/2014 |
| Nationa savings certificate | 67DD 317381 | 5000 | 20/9/2013 |
| Mutholi Service co op bank | 34691 | 17000 | 7/8/2013 |
| SBT MUTHOLI | 67300044382 | 4900 | 4/11/2014 |
| SBT MUTHOLI | 67304451408 | 5234 | 8/12/2014 |
| SBT MUTHOLI | 67308479429 | 3100 | 7/1/2015 |
| SBT MUTHOLI | 67304453212 | 4800 | 8/12/2014 |
| SBT MUTHOLI | 67300058179 | 2400 | 4/11/2014 |
| SBT MUTHOLI | 67308477284 | 4600 | 7/1/2015 |
| Choondachery Service Co Op Bank | 7643/p | 5000 | 3/8/2010 |
| Choondachery Service Co Op Bank | 6561/p | 2300 | 3/11/2009 |
| Choondachery Service Co Op Bank | 12600/p | 5500 | 10/8/2013 |

| | | | |
|---|---|---|---|
| Choondachery Service Co Op Bank | 6724/p | 2800 | 24/11/2009 |
| Choondachery Service Co Op Bank | 6783/p | 2700 | 1/12/2009 |
| Choondachery Service Co Op Bank | 7526/p | 5000 | 21/7/2010 |
| Choondachery Service Co Op Bank | 11859/p | 7500 | 14/1/2013 |
| Choondachery Service Co Op Bank | 7526/p | 5000 | 21/7/2010 |
| Choondachery Service Co Op Bank | 6589/p | 2500 | 5/11/2009 |
| Choondachery Service Co Op Bank | 12599/p | 5000 | 10/8/2013 |
| Choondachery Service Co Op Bank | 12744/p | 5000 | 24/9/2013 |
| FEDERAL BANK | FD-12387 | 12500 | 27/2/2006 |
| FEDERAL BANK | CC-2383 | 50000 | 31/12/2002 |
| FEDERAL BANK | FD-12210 | 12500 | 17/1/2006 |
| THE DHANALAKSHMI BANK | 052299 | 50000 | 1/12/2002 |
| PALA URBAN CO-OP BANK | 33927 | 25000 | 16/2/2013 |
| PALA URBAN CO-OP BANK | 35467 | 5000 | 7/8/2013 |
| PALA URBAN CO-OP BANK | 33631 | 5000 | 11/1/2013 |
| PALA URBAN CO-OP BANK | 35464 | 5000 | 7/8/2013 |
| PALA URBAN CO-OP BANK | 33640 | 2000 | 11/1/2013 |
| PALA URBAN CO-OP BANK | 33632 | 5000 | 11/1/2013 |
| PALA URBAN CO-OP BANK | 35464 | 5000 | 7/8/2013 |
| PALA URBAN CO-OP BANK | 33639 | 2000 | 11/1/2013 |
| PALA URBAN CO-OP BANK | 35465 | 5000 | 7/8/2013 |
| PALA URBAN CO-OP BANK | 35467 | 5000 | 7/8/2013 |
| PALA URBAN CO-OP BANK | 35466 | 5000 | 7/8/2013 |
| PALA URBAN CO-OP BANK | 33639 | 2000 | 11/1/2013 |
| PALA URBAN CO-OP BANK | 33927 | 25000 | 16/2/2013 |
| PALA URBAN CO-OP BANK | 33638 | 3000 | 11/1/2013 |
| PALA URBAN CO-OP BANK | 33637 | 3000 | 11/1/2013 |

| | | | |
|---|---|---|---|
| PALA URBAN CO-OP BANK | 33632 | 5000 | 11/1/2013 |
| PALA URBAN CO-OP BANK | 33641 | 2000 | 11/1/2013 |
| Total | | 1676559/- | |